കെ. എൽ. മോഹനവർമ്മ

മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി. സി. നായർ

12 th February 1978 Phone: 2825, 3362

ലേഖനം

ഖസാക്കിന്റെ ഇതിഹാസത്തിന്റെ
മൗലികതയെപ്പറ്റിഅന്നെ
സി. എ മോഹൻദാസ്
കേശവദേവ് എന്റെ നിത്യകാമുകൻ
സീതാലക്ഷ്മീദേവി
സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ

കവിത

തനിനിറം
പാലാ
സ്റ്റീൽഅലഫ്
രാധബോലകൃഷ്ണൻ

കഥ

അഭിനവശാകുന്തളം
കെ. എൽ. മോഹനവർമ്മ
ആവർത്തനത്തിന്റെ ഈകൾ
നൂറനാട് ഹനീഫ്
ഒരു കാമനക്കോപം
ഇളസി

നോവൽ

കാമിനി പ്രിയ കാമിനി
ഏകലവ്യൻ
ധർമ്മപുരാണം
കെ. വി. വിജയൻ
ഈ നാട്ടുളടെ ലോകം
കാക്കനാടൻ
ഉദ്ദലപ്രളയം
മലയാറ്റൂർ രാമകൃഷ്ണൻ

സ്ഥിരം പംക്തികൾ

ഗ്രന്ഥനിരൂപണം
പി. ഭാസ്കരനുണ്ണി
സിനിമ
മംഗലശ്ശേരി
മുഖഭാഗചിത്രങ്ങൾ
വി. ബി. സി. നായർ

പുസ്തകം ഒൻപതു് △ ലക്കം മുപ്പത്തിയെട്ടു് △ 1153 മകരം 30

വസാക്കിന്റെ ഇതിഹാസത്തിന്റെ പുനർജനനം

ദ്ധിക്കുന്നതിനുള്ള ഉപാധിയാണ് കല. ഈ ലക്ഷ്യത്തിനുവേണ്ടി കലാകാരൻ സ്വീകരിക്കുന്ന മാർഗ്ഗം ഏതായാലും ശരി, അവന്റെ കലാസൃഷ്ടി ഈ ലക്ഷ്യത്തിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. ഈ ലക്ഷ്യത്തിലേക്ക് നയിക്കുന്നത

എന്നാൽ സത്യം അതാണോ? 1967-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ വെളിച്ചം കണ്ട ഖസാക്കിന്റെ ഇതിഹാസം എഴുതി ത്തുടങ്ങിയതു് അതിനും വളരെ വർഷങ്ങൾ മുമ്പാണു്. ശ്രീ. വി. ബി. സി നായരും പ്രൊഫ: കൃഷ്ണൻനായരും പറഞ്ഞ പ്പോഴാണു്, ഈ നോവലിന്റെ പിന്നിൽ ഇങ്ങനെയുമൊരു രഹസ്യമുണ്ടെന്നു ഒട്ടെല്ലാവരും അറിഞ്ഞതു്. ശ്രീ. വെണ്ണി വാസുപിള്ള 'ജയകേരള'ത്തിൽ വിജയനെപ്പറ്റി എഴുതിയ ലേഖനമാണു് ഇതിന്റെയെല്ലാം അടിസ്ഥാനം. ജയകേരളത്തിൽ വെണ്ണിവാസുപിള്ള എഴുതിയിരുന്നതിനെപ്പറ്റി ജി. എൻ. പണിക്കർക്കു് അഭിപ്രായവ്യത്യാസമില്ല. പക്ഷെ, വെണ്ണി വാസുപിള്ളയുടെ ലേഖനം വന്നതു് 1958 നവമ്പറിലാണെങ്കിൽ ബൻഗർവാടിയുടെ ഇംഗ്ലീഷുപരിഭാഷ വന്നതു് 1958 ആദ്യവും. അപ്പോഴും പണിക്കരുടെ നിഗമനത്തിൽ കഴമ്പുണ്ടെന്നല്ലെ തോന്നുക. 1958 ആദ്യം ഇറങ്ങിയ ബൻഗർവാടി ഇംഗ്ലീഷ്പതിപ്പു് വായിച്ചു്, 1958 അവസാനമായപ്പോൾ നോവൽ രചന നടത്തിയെന്നു് പണിക്കർ വാദിക്കുമ്പോൾ അതു് ശരിയാണെന്നു് തോന്നിയേക്കാം, വിജയൻ നേരത്തെതന്നെ എഴുതിക്കൊണ്ടിരുന്ന നോവലിനെപ്പറ്റിയാണല്ലോ വെണ്ണി 1958 നവമ്പറിൽ ജയകേരളത്തിൽ എഴുതിയതു്. ലേഖനം വന്നതു് 1958ലാണെന്നുവച്ചു്, നോവലെഴുതാൻ തുടങ്ങിയതു് അപ്പോഴായിരിക്കുമെന്നു് എങ്ങനെ കരുതാം? വാദത്തിനുവേണ്ടി ഇതെല്ലാം സമ്മതിക്കാം.

പക്ഷെ, ഈ സംഭവങ്ങൾക്കിടയിൽ, മേറ്റു ചില വസ്തുതകളെപ്പറ്റി ചിന്തിക്കുന്നതു് ഉചിതംതന്നെ. 1950കളിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ, കേന്ദ്രഗവർമ്മെണ്ടു് എർപ്പാടു ചെയ്ത ഒരു പദ്ധതി ആയിരുന്നു ഏകാദ്ധ്യാപകവിദ്യാലയം. മഹാരാഷ്ട്രത്തിലും ഒരു ഗ്രാമവും ഒരു വിദ്യാലയവും ഒരെഴുത്തുകാരന്റെ കണ്ണിൽപ്പെട്ടുകൊവിക്കും. തീർച്ചയായും വേറെയും ഭാഷകളിൽ ആരെങ്കിലും ഈ കഥാബീജത്തെ, കഥാപദാർത്ഥത്തെ എടുത്തു് കൈകാര്യം ചെയ്തു് കാണണം. ഏകാദ്ധ്യാപകവിദ്യാലയങ്ങൾക്കു് എത്രയോ മുമ്പാണു് ബംഗാളിയിൽ, "ആരണ്യക" എന്ന മനോഹരമായ നോവൽ വിരചിതമായതു്. ഇതെല്ലാം ഇവിടെ പറഞ്ഞതു്, പണിക്കരുടെ "ഗ്രന്ഥകരണകഥ"യെ ന'സ്സാരമാക്കിത്തള്ളാനുള്ള "ഡക്ക" വേലയായിട്ടല്ല.

പാലക്കാടിലെ ജില്ലാബോർഡിന്റെ പരിപാടിയായ ഏകാദ്ധ്യാപകവിദ്യാലയം വിജയനു് നേരിട്ടറിവുള്ളതായിരിക്കണമെന്നും പാലക്കാട്ടെ ഉൾനാടൻ ഗ്രാമങ്ങളിലെവിടെയോ അക്കാലത്തു് ഈ പദ്ധതി നടപ്പാക്കിയിരിക്കാനാണു് സാധ്യതയെന്നും ഈലേഖകൻ മലയാളനാട്ടിൽ എഴുതിയിരിക്കുന്നു. "യുദ്ധത്തിന്റെ അവസാനവും" "യുദ്ധത്തിന്റെ ആരംഭവും" എഴുതിയ കൈകൾ "ഖസാക്കിന്റെ ഇതിഹാസ"വുമെഴുതാൻ പോന്നതാണെന്നു് കരുതിയാൽ തന്നെയും, ഏകാദ്ധ്യാപകവിദ്യാലയമെന്ന സങ്കല്പം ബൻഗർവാടിയിൽ നിന്നല്ലാതെ വരാൻ തരമില്ലെന്നാണല്ലോ പണിക്കരുടെ വിവക്ഷ. ഖസാക്കിന്റെ ഇതിഹാസത്തിന്റെ അസ്സലും ചട്ടക്കുട്ടി തേടി മഹാരാഷ്ട്രയിലോ മറ്റെവിടെയെങ്കിലുമോ പോകേണ്ടതെന്നില്ല. വിജയന്റെ ജന്മദേശത്തേക്കു് പോയാൽമതി. പാലക്കാട്ടെ ഉൾനാടൻഗ്രാമമായ "മണലി"യാണല്ലോ വിജയന്റെ ജന്മദേശം. ഈ മണലിയുടെ പശ്ചാത്തലങ്ങളിലാണു് "ഒരു യുദ്ധത്തിന്റെ അവസാനം" എന്ന ചെറുകഥ വിജയൻ രചിച്ചതു്. വിജയന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ "ചരിത്രത്തിൽനിന്നു് മാറിനിൽക്കുന്ന അമ്പതോളം ഓലപ്പുരകൾ നിൽക്കുന്ന മണലി" യെന്ന ഗ്രാമത്തിന്റെ കഥ. മണലിക്കു് ആറേഴുനാഴിക അകലെയുള്ള ഗ്രാമമാണു് "തസ്സറാക്ക്" ഗ്രാമം ഇപ്പോഴുണ്ടു്. (തച്ചട" എന്നും ഇതിനു് പേരുണ്ടു്) 1955-56 അദ്ധ്യയനവർഷത്തിൽ കെ. വി. വിജയന്റെ അനന്തരവൾ ശ്രീമതി ശാന്ത "തസ്സറാക്കി"ലെ ഏകാദ്ധ്യാപകവിദ്യാലയത്തിൽ അദ്ധ്യാപികയായി ജോലിനോക്കിയിട്ടുണ്ടു്. B.T. ക്കു് ചേരാൻ പരിക്കാൻ മുൻപരിചയം ആവശ്യമായതുകൊണ്ടാണു് ഗ്രാമവാസിയായ ശ്രീമതി ശാന്ത ഈ വിദ്യാലയത്തിൽ അദ്ധ്യാപികയാകാൻ തീരുമാനിച്ചതു്. അന്നു് കമ്മ്യൂണിസ്റ്റുകാർ ഡിസ്ട്രിക്ട്ബോർഡ് ഭരണം നടത്തുന്ന കാലമായിരുന്നു. വിജയന്റെ കുടുംബസ

അവൾ അനുരാധ ഒളിച്ചോടിപ്പോന്നതാണോ? സ്വന്തം ഗ്രാമത്തിൽനിന്നു്, വീട്ടിൽനിന്നു്, മക്കളിൽനിന്നു്, ഓർമ്മകളിൽനിന്നു്—
ആ ഓർമ്മകളുടെ കഥയാണോ?
അതോ?
പതിനഞ്ചുവർഷങ്ങൾ പൂട്ടാറ ഹിമഗോപുരത്തിന്റെ പൊടിഞ്ഞുതകരുന്ന കഥയാണോ?

കനൽ

മലയാള നോവൽസാഹിത്യത്തിന്റെ പുതിയൊരു ശൈലിയും പുതിയൊരു ശബ്ദവുമായി കടന്നുവന്ന സ്ഥാനമുറപ്പിച്ച

പി. വൽസലയുടെ
നോവൽ
കനൽ

മലയാളനാട്ടു് വാരികയിൽ
പ്രസിദ്ധീകരണമാരംഭിക്കുന്നു.

ഹൃത്തും, അന്ന് നേതാവുമായിരുന്ന പ്രശസ്തനായ പി. ടി. ഭാസ്കരപണിക്കരായിരുന്ന അതിന്റെ പ്രസിഡണ്ട്. അതുകൊണ്ടു തന്നെ ഈ കഥകളെല്ലാം അദ്ദേഹത്തിനും അറിവുള്ളതായിരിക്കണം.

ബൻഗർവാടി "കസായി" കളുടെ കഥയാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ തന്റെ മാതൃഭൂമി ലേഖനത്തിൽ (ഉദ്ധരണികളുടെ പിൻബലത്തോടെ) ശ്രീ പിച്ചിട്ടുണ്ടല്ലോ? അദ്ദേഹത്തിന്റെ മലയാളനാട് ലേഖനത്തിൽ അതിന്റെ പരാമർശംപോലുമില്ലാത്തതെന്തെ? ആട്ടിൻതോമ മറ്റുകാരനെ മറാഠിയിൽ "കസായി" എന്ന് വിളിക്കുന്നു. ആട്ടിൻതോമയെ കാട്ടുകാരുടെ ഗ്രാമമല്ല ബൻഗർവാടി; അതു് ഇടയന്മാരുടെ ഗ്രാമമാണു്. നോവലിൽ ഒരിക്കൽ മാത്രം ഉപയോഗിച്ച ഈ വാക്കുപോലും പണിക്കർ അനാവശ്യമായ പ്രസക്തി നൽകിയതു് തെറ്റിദ്ധാരണ പരത്താനല്ലെങ്കിൽ പിന്നെന്തിനാണു്? പുസ്തകനിരൂപണം എത്ര ഹീനമായ തൊഴിലാണെന്ന് പണിക്കർ മാതൃഭൂമിലേഖനത്തിലൂടെ തെളിയിച്ചിരിക്കുന്നു. "തസ്സാക" എന്ന ഗ്രാമത്തിൽ സ്വന്തം സഹോദരി ശാന്ത ഏകാദ്ധ്യാപക വിദ്യാലയത്തിൽ പ്രവർത്തിച്ചതു് ഓർമയുള്ള വിജയൻ, നോവലിന്റെ പേരു നോക്കിച്ചു് ബൻഗർവാടിയിലെ "കസായി"യുടെ പുറകെ പോയിപോലും! ഖസാക് എന്ന പദം രൂപംകൊണ്ടതു് തസ്സാറാക് എന്ന ചിരപരിചിതമായ സ്ഥലനാമത്തിൽനിന്നോ അപ്രധാനമായ "കസായി"യിൽനിന്നോ? ചിന്താദാരിദ്ര്യത്തിനുമില്ലേ ഒരതിരു്?

ഒ. വി. വിജയന്റെ ബന്ധുക്കൾ പ്രതാപികളായി വാണിരുന്ന സ്ഥലങ്ങളാണു് തസ്സാറാക്കിനോടു് ബന്ധപ്പെട്ടുകിടക്കുന്നതു്. അദ്ദേഹത്തിന്റെ വീട്ടുകാർക്കു് അന്നു് അവിടെ വലിയ സ്വാധീനവുമുണ്ടായിരുന്നു. അദ്ധ്യാപികയായി നിയമനം കിട്ടിയ ശാന്ത (1955–56) മാതാപിതാക്കളോടൊപ്പം ഒരു രാഘവൻനായരുടെ കളം (ഞാറ്റുപുര) വാടകയ്ക്കുവാങ്ങി അവിടെ താമസിച്ചു. അക്കാലത്തു് കോളേജിലെ ജോലിനഷ്ടപ്പെട്ട വിജയനും അവരുടെകൂടെ താമസിച്ചിട്ടുണ്ടു്. സെയ്തു്ഷെയ്ഖു് ഹസ്സൻമസ്താൻ എന്ന പ്രേതത്തെ വിളിച്ചു് തന്ത്രംചൊല്ലി തുപ്പിപ്പേടിത്തിയാൽ ഇഷ്ടകാര്യസിദ്ധിയുണ്ടാകുമെന്നു് അന്നാട്ടുകാർ വിശ്വസിച്ചിരുന്ന ഈ പ്രേതത്തെ മന്ത്രംചൊല്ലിവിളിച്ചു് ഇഷ്ടകാര്യസിദ്ധിയുണ്ടാക്കാൻ കഴിവുള്ള പ്രശസ്തനായ ഒരു ഖാലിയാർ അക്കാലത്തു് അവിടെ ജീവിച്ചിരുന്നതത്രെ. ശ്രീമതി ശാന്ത ജോലിചെയ്ത ഏകാദ്ധ്യാപക വിദ്യാലയത്തിലെ സ്റ്റാഫിനുള്ള ക്വാർട്ടേഴ്സായിരുന്നതു് ഒരു അള്ളുപ്പിച്ചാമുല്ലാക്ക ആയിരുന്ന 197 നു് മുമ്പു് മൊല്ലേ മരിച്ചുപോയി. ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ ഉള്ള ശുദ്ധമായ എതിർപ്പുമൂലം മുസ്ലിങ്ങൾപോലും ഇരുപതുകൊല്ലത്തോളം, അവർ കട്ടിക്കളയുടെ പുള്ളിൽനിന്നു് ഉടക്കിയിരുന്നു.

"ഖസാക്കിന്റെ ഇതിഹാസ"ത്തിന്റെ പൊരുളായ ചട്ടക്കൂടും അതിലെ ചില കഥാപാത്രങ്ങൾക്കും മേൽപറഞ്ഞ യഥാർത്ഥ സംഭവങ്ങളുമായി രക്തബന്ധമില്ലെന്നും" ആർക്കാണു് പാടിക്കാൻ കഴിയുക. വിജയന്റെ ആദ്യകാല കഥകളും, മേൽവിവരിച്ച സംഭവങ്ങളും ഖസാക്കിന്റെ ഇതിഹാസത്തിന്റെ അസംസ്കൃതപദാർത്ഥങ്ങളല്ലേ? ഇതിനെയെല്ലാം അടിസ്ഥാനത്തിലാണു് വിജയൻ വിജയനെത്തന്നെ അനുകരിച്ചതും" ഈ ലേഖകൻ മലയാളനാട്ടിലെ ലേഖനത്തിലൂടെ വ്യക്തമാക്കിയതു്. ഇതുതന്നെയും ഇവിടെ വിശദീകരിച്ചതു് ഖസാക്കിന്റെ ഇതിഹാസത്തിന്റെ പേരുകളെവിടെയെന്നു് വ്യക്തമാക്കാൻ മാത്രമല്ല ശ്രീ ജി. എൻ പണിക്കരുടെ തെറ്റിദ്ധാരണപരത്താൻ സഹായിക്കുന്ന ചില നിഗമനങ്ങൾ, അദ്ദേഹത്തിന്റെ ക്ഷുദ്രഭാവനയുടെ ദുഷ്ടസന്തതികളാണെന്നു കാണിക്കാൻ കൂടിയാണു്. "ബൻഗർവാടി"യെപ്പറ്റിത്തന്നെയെന്ന ലേഖനത്തിൽ (മലയാളനാടു് ജനുവരി 15 1978) ശ്രീ പണിക്കർ എഴുതിയതു് താഴെ ഉദ്ധരിക്കുന്നു. "1958 അദ്ദേഹം ബൻഗർവാടിയുടെ ഇംഗ്ലീഷു പഠിപ്പിച്ചുതുടങ്ങുന്നു. 1958 നവംബർ ആയപ്പോഴേക്കും വിജയൻ ഒരു വലിയകഥ എഴുതിത്തീർത്തു. 1968 ആയപ്പോൾ അതു് ഇന്നത്തെ രൂപത്തിലുള്ള ഖസാക്കിന്റെ ഇതിഹാസമായി മാറുകയുംചെയ്തു!" വെണ്ണിവാസുപിള്ളയുടെ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ പണിക്കർ സ്വയംകെട്ടുണ്ടാക്കിയ "സാമ്യകഥയുടെ സാരാംശമാണു്" (അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ) മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്. ഏകാദ്ധ്യാപക വിദ്യാലയത്തിന്റെ ആരംഭവും അതിന്റെ വളർച്ചയും നാശവുമായ ഗ്രാമാന്തരീക്ഷത്തിൽ അതുണ്ടാക്കുന്ന ചലനങ്ങളും ഒ. വി. വിജയൻ നേരിട്ടറിഞ്ഞതു് സാക്ഷാൽ ബൻഗർവാടിയുടെ ഇംഗ്ലീഷു പരിഭാഷവരുന്നതിനും എത്രയോ മുമ്പാണു്. ആ നിലക്കു് ബൻഗർവാടി വായിച്ചിട്ടാണു് ഖസാക്കിന്റെ ഇതിഹാസം രചിച്ചതെന്നു് എങ്ങനെപറയാൻകഴിയും? പുതിയ "സാമ്യകഥ"യുടെ പൊള്ളത്തരവും "ഖസാക്കിന്റെ ഇതിഹാസ"ത്തിന്റെ മൗലികതയും വ്യക്തമാക്കാൻ മേൽപറഞ്ഞ യഥാർത്ഥ ജീവിതസംഭവങ്ങൾക്കു് കഥത്തുണ്ടോ ഇല്ലയോ എന്നു് വായനക്കാർതന്നെതീരുമാനിച്ചുകൊള്ളുക.

ഇനി വിജയൻ ബൻഗർവാടി വായിച്ചിട്ടുണ്ടെന്നുതന്നെ വാദത്തിനുവേണ്ടി സമ്മതിക്കുക. വായിച്ചിരുന്നെങ്കിൽ പക്ഷേ

പാലാ

നിഴലും വെളിച്ചവും
തങ്ങളിൽസംയോജിക്കു–
മഴകേ, നീയേ കലാ–
ചാതുരി ചേരുംമാഹരി!
നീയെട്ടത്തണ്ണുന്നു
രാത്രിയിൽ മുടിക്കെട്ടിൽ
നിലവാനിലെ വെള്ളി–
പ്പൂക്കളാം നക്ഷത്രങ്ങൾ
നീയെട്ടുഴുക്കുന്നു
മഴവിൽക്കസവിട്ട–
നീലമേഘത്തെ സാന്ധ്യ–
ത്തോടയപ്പുറപ്പാടിൽ.
പച്ചിലക്കാട്ടിൽ പുഷ്പ–
പുഷ്യരാഗവും മൂടി
അശ്ലീലദൃശ്യം, കാറ്റിൻ–
കയ്യിൽ നീ സ്പന്ദംചെയ്തകേ
തീകരജലപാത–
ഗർജ്ജിതസമ്മേളിത–
കോകിലമണിനാദ–
നീതയായ് സ്തുതിചെയ്തേ
സുപ്പിവിട്ടണഞ്ഞു–
മാത്മാക്കളിൽപ്രേക്ഷിപ്പാം
സ്വപ്നവർണ്ണമായ് സ്വപ്ന–
സമ്പന്നമായ് പ്രപഞ്ചത്തെ.
സ്തോഭവും നിർവ്വേദവും
ചിറകായ് പരഭാഗ
ശോഭിനി, ദൈവരുദ്ധ്യുത്തി–
ലോമനേ, ലസിപ്പൂ നീ!
ചാരുതേ, നതോന്നതേ,
നിർവൃതചരാചര–
പൂരിതേ, നാദബ്രഹ്മ–
ശാരദേ, ധിശാരദേ,
പ്രണവപ്രകാശിതേ,
നിന്നിലെച്ചൈതന്യത്തി–
ലുണരും പ്രതിരൂപ–
ക്ഷുപ്തിയ ശതാബ്ദങ്ങൾ,
മൂകമായ്പിന്നിലൂ, മുന്നി–
ലന്ധകാരത്തിൻ പുക–
പാകിയോ പാഷാണ്ഡന്മാർ
കാമകേളികളാലേ,
മദിരാലഹരിയിൽ,
മാനസവീഥി നിരന്നു–
കതിനാവെടികളും
നാറ്റവും പരത്തുന്നോർ!
നഗ്നയായ് നിന്നെക്കാണാ–
നാണവർ സുരതത്തിൻ–
ഗന്ധവും പ്രതീക്ഷിച്ചു
തപസ്സിലിരിക്കുന്നു.
തീർത്ഥമാടുവാനല്ലാ
ശൗചകർമ്മത്തിന്നത്രേ
സാർത്ഥവാഹകർ ഭാഗീ–
രഥിയെപ്രാപിക്കുന്നു!
മാറു, നീയാക്ഷുദ്രനാ–
മോമലേ, തമിനിറ–
മാറുമോറാരിരിക്കുവോ–
രാസപദിച്ചോട്ടേ, മേലിൽ!

ഈ "അത്ഭുതകരമായ" സമദൃശ്യങ്ങൾ ഒഴിവാക്കാനെങ്കിലും അദ്ദേഹം ശ്രമിക്കുമായിരുന്നില്ലെ? എന്തുകൊണ്ടു" അങ്ങനെ ചിന്തിച്ചുകൂടാ. പ്രതിഭാസമ്പന്നനായ വിജയൻ അങ്ങനെതന്നെ ചെയ്യുമായിരുന്നെന്നും" കരുതുകയാണു" യുക്തി. വിജയന്റെ നോവലിനു" "തനതായ ചില മേന്മ"കളുണ്ടെന്നു" ഈ പുതിയ എതിർപ്പിന്റെ നായകനുപോലും "ബോധ്യ"മുള്ള സ്ഥിതിക്കു", വിജയൻ തന്റെ നോവൽ കുറെക്കൂടി "തനതാ"ക്കാൻ ശ്രമിക്കുമായിരുന്നെന്നു" വിചാരിച്ചുകൂടാ. കൂടാതെ, വിജയന്റെ നോവൽ മലയാളത്തിലെ മറ്റു നോവലുകളിൽനിന്നു" "കുറെയൊക്കെ" വ്യത്യസ്തമാണെന്നു" പണിക്കർക്കുകൂടി തോന്നുന്നുണ്ടെങ്കിൽ, ആ "കുറെയൊക്ക" കുറെക്കൂടി പൂർണ്ണമാക്കാൻ അദ്ദേഹം ശ്രമിക്കുമായിരുന്നില്ലെ.

ഇതൊന്നും പക്ഷെ ജി. എൻ. പണിക്കർക്കു" സ്വീകാര്യമായ വസ്തുതകളല്ലെന്നു" അറിയാം. കാരണം സാഹിത്യവാസന ജന്മംകൊണ്ടതുമുതൽ വിജയൻ മോഷ്ടാവാണെന്നു" വെണ്ണിവാസുപിള്ളയെയും കുഞ്ഞൻനമ്പ്യാരെയും സാക്ഷിനിർത്തി പണിക്കർ സ്ഥാപിച്ചിരിക്കുകയാണല്ലോ! (ഇതു" എന്തു "ഡർക്ക്"വേലയാണാവോ) ഫോസ്റ്റ്ഫോമിലും ഫിഫ്ത്ഫോമിലും പഠിക്കുന്നകാലത്തു" സാഹിത്യവാസന ഉടലെടുത്ത വിജയൻ മറ്റാരുടെയോ പ"ളോട്ട" സ്വന്തമായഭാഷയിൽ എഴുതിയിട്ടുണ്ടത്രെ. ഈ വിവരം വിജയൻതന്നെ പറഞ്ഞതായിട്ടാണു" വെണ്ണിവാസുപിള്ള എഴുതിയിട്ടുള്ളതു". വിജയൻ തന്നെപ്പറ്റിത്തന്നെ പറഞ്ഞിട്ടുള്ള ഒരു ബാല്യകാലസംഭവം, കുഞ്ഞൻനമ്പ്യാരുടെ സഹായത്തോടെ, പണിക്കർ, വിജയന്റെ ആജന്മസ്വഭാവമാക്കിയിരിക്കുന്നു. സാഹിത്യവാസന ഉടലെടുക്കുമ്പോൾ ആക്രാന്തം ഉണ്ടാകാവുന്ന സ്വഭാവം വിജയനും ഉണ്ടായിരുന്നെന്നല്ലാതെ അതു" ചിരശുദ്ധമായ സ്വഭാവമാണെന്നു" എങ്ങനെപറയാൻകഴിയും? ഇതുപോലുള്ള ബാല്യകാലസംഭവങ്ങൾ, തുറന്നുപറയാൻ വളരെപ്പേർക്കും കഴിഞ്ഞെന്നുവരില്ല. അതു" തുറന്നുപറയുന്നവരുടെ മേൽ ദുർവ്യാഖ്യാനത്തിന്റെ ചളിവാരിയെറിയുന്നതു കാണുമ്പോൾ ചിരിക്കാനല്ലതോന്നുന്നതു". മറിച്ചു", എഴുത്തുകാരനായ പണിക്കരുടെ ഭാവനാവിലാസമോർത്തു". ചിന്താദാരിദ്ര്യമോർത്തു" ദുഃഖംതോന്നുന്നു. കുഞ്ഞൻനമ്പ്യാരുടെ ഈരടികൾതന്നെയാണു" പണിക്കർക്കും യോജിക്കുന്നതെന്നു" തോന്നുന്നു. "കാന്തുരത്തിനീകുത പാലിലിട്ടാൽ കാലാന്തരെ കയ"പുശമിപ്പുതുണ്ടോ?" ഇതുകൊണ്ടും "അരിശം" തീരാത്തപണിക്കർ സ്വന്തം ഭാവനാവിലാസത്തിന്റെ കയറൂരിവിടുകയാണു". "ഖസാക്കിന്റെ ഇതിഹാസം" ഒരു നോവൽത്രയത്തിന്റെ ആദ്യഭാഗംമാത്രമാണെന്നു" വിജയൻ എഴുതിയിരുന്നതുപോലും പണിക്കർ തന്റെ "സാമ്യകഥ" സ്ഥാപിക്കാൻവേണ്ടി ഉപയോഗിച്ചിരിക്കുന്നതു" വിചിത്രമെന്നേ പറയേണ്ടു. 1968 നുശേഷം വിജയൻ നോവൽ എഴുതാത്തതു", മാടു"ള്ളഴ"ക്കർ മറ്റേതെങ്കിലും നോവൽ എഴുതാത്തതുകൊണ്ടായിരിക്കുമെന്നുവരെ പറയാൻ അസാമാന്യമായ ധൈര്യം തന്നെവേണം. ഖസാക്കിന്റെ ഇതിഹാസത്തിനു" മൗലികതയില്ലെന്നുവരുത്താൻ പണിക്കർ പറയുന്ന മറ്റൊരു വാദത്തിനു" വിജയനാണു" മറുപടിപറയേണ്ടതു". ഒരു നോവൽ ആർക്കുമെഴുതാൻ കഴിയും; എന്നാൽ പിന്നീടുള്ള സൃഷ്ടികളുണ്ടു" ഓരോടെ പ്രതിഭയെ തെളിയിക്കുന്നതെന്ന നിയമം വിജയനും ബാധകമാണെന്നു" പണിക്കർ വാദിക്കുന്നു. "കടൽത്തിര" എന്ന നോവൽ വിജയൻ എഴുതിക്കൊണ്ടിരിക്കുകയാണെന്നു" മലയാളനാട്ടിലൂടെ പ്രകാശിപ്പിച്ച ഒരു കത്തിൽ വായിച്ചതായി ഓർക്കുന്നു. ഒരു നോവലെഴുതി, പിന്നെ പ്രതിഭയുണ്ടെന്നു" തെളിയിക്കാൻ മറ്റൊന്നു" എഴുതിയേ പറ്റൂവെന്ന ധാരണയാണെന്നു തോന്നുന്നു നമ്മുടെപല നോവലെഴുത്തുകാർക്കുമുള്ളതു". അതുതന്നെയാണു" നമ്മുടെ നോവൽസാഹിത്യത്തിന്റെ ശാപവും.

"ഖസാക്കിന്റെ ഇതിഹാസ"ത്തിനു" "തനതായ ചില മേന്മ"കളുണ്ടെന്നു" പണിക്കർ മുക്കിയും മൂളിയും സമ്മതിക്കുന്നുണ്ടു"; മലയാളത്തിലെ മറ്റു നോവലുകളിൽനിന്നു" "കുറെയൊക്കെ" വ്യത്യസ്തമാണു" വിജയന്റെ നോവലെന്നും അദ്ദേഹം "മനസമ്മതം"ചെയ്യുന്നു. "തനത"മേന്മയും "കുറെയൊക്കെ വ്യത്യസ്ത"വും എന്താണെന്നു" വ്യക്തമാക്കാമോ? കാല

(ശേഷം 6'-ൽ)

ഇതു" ശാകുന്തളം കഥയുടെ കോപ്പിയടിയാണു". വാസ്തവം പറഞ്ഞാൽ ഈയിടെ നടന്ന ഒരു സംഭവത്തെ ആധാരമാക്കിയാണു" ഈ കഥ ശ്രീപ്പെടുത്തിയതു". ഇതിലെ നേതാവു പുതിയ ഒരു ഭാരതവർഷം സ്ഥാപിച്ചില്ലെങ്കിലും, രാഷ്ട്രീയത്തിലേക്കാണു" അവന്റെ നോട്ടമെന്നു", അവന്റെ അമ്മ ശകുന്തള ഇടയ്ക്കിടെ കണ്ടപ്പോൾ പറഞ്ഞു അപ്പോൾ പുതിയ രാഷ്ട്രത്തിനു" അടിത്തറപാകാൻ കഴിഞ്ഞില്ലെങ്കിൽ കഷ്ടിച്ചു" അടിത്തറയിളക്കാനെങ്കിലും അവനു കഴിയുമെന്നു" എനിക്കു" പൂർണ്ണവിശ്വാസമുണ്ടു". മറ്റു സാമ്യങ്ങളൊന്നും ഇല്ലെങ്കിലും, ഭരതന്റെ ഈ വളർച്ചകാരണം, ഭൂമിയിൽ ഈ കഥ ക്ലാസിക്കു" ആയി മാനുഷപ്പെടുമ്പോൾ, കാളിദാസന്റെ കോപ്പിയെന്നുള്ള ശാകുന്തളം നാടകത്തിന്റെ ഇംഗ്ലീഷു" പരിഭാഷയുമായി ഇതിനു" ബന്ധമുണ്ടെന്നു" സംശയിക്കുകയും, തദ്ഫലമായി ഇതിനെ ഓടയിൽ വലിച്ചെറിയുകയും ചെയ്യാതെള്ളതുകൊണ്ടു" കോപ്പിയടിയെന്നു" ഉറപ്പായി പറഞ്ഞതുണ്ടു". സത്യത്തിൽ കോപ്പിയടിയല്ലാ എന്നു" മനസ്സിലായിക്കാണുമല്ലോ.

പിന്നെ, ആൺ പെൺ ഭേദമില്ലാതെ ചെറുപ്പക്കാരെയും, ലോലമനസ്സുള്ള വൃദ്ധസ്ത്രീപുരുഷന്മാരെയും, ആകർഷിക്കാൻവേണ്ടി ഇതിനെ കുഞ്ചുവുവലി, അവിഹിത മൈഥുനകവേഴ്ച തുടങ്ങിയവയുൾക്കൊള്ളുന്ന ഒരു പ്രേമകഥയാക്കി വളർത്താൻ കഥാകൃത്തു" ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടു". എന്നാൽ, ഇക്കാര്യത്തു", ഏതു കഥയിലും രാഷ്ട്രീയ സാമൂഹ്യ വിമർശനവും മറ്റും അത്യന്താപേക്ഷിതമായിരിക്കുന്നതു കാരണം, പോലീസുകാർ, ദുഷ്ടിച്ചുനാറിയ വിദ്യാഭ്യാസസമ്പ്രദായം, ജാതിവ്യവസ്ഥകൾക്കെതിരായ നീക്കങ്ങൾ, കുടുംബസൗഖ്യം, യുക്തിവാദം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചെല്ലാം പരോക്ഷമായി പരാമർശിക്കേണ്ടിയും വന്നിട്ടുണ്ടു". അടിയന്തിരാവസ്ഥ ഉള്ളപ്പോഴും. ഇല്ലാത്തപ്പോഴും തടിക്കു കുഴപ്പംവരാത്തരീതിലാണു" ഇതിലെ രാഷ്ട്രീയ സാമൂഹ്യവിമർശനമെന്നതിനാൽ ഭീരുക്കൾക്കും സ

തിന്നാ ശാകുന്തളം

കെ. എൽ. മോഹനവർമ്മ

ധൈര്യം ഇതു വായിക്കാം. കഥയ്ക്കു" ഗാംഭീര്യവും, ആധുനികതവും നൽകാനായി ഉപഗ്രഥനത്തിലെ ഒന്നു മുന്നു വരികൾ കാച്ചാൻ ശ്രമിച്ചെങ്കിലും, എല്ലാ വേദങ്ങളും കുറെ വാക്കുപോലും വിടാതെ വിവിധ സാഹിത്യസൃഷ്ടികളിലായി പലതവണ തിരിച്ചും മറിച്ചും പ്രയോഗിച്ചിട്ടുള്ള നിലയ്ക്കു" ആ സംഗതിക്കു വേണ്ടെന്നുവയ്ക്കേണ്ടിവന്നു എന്ന സംഗതിയും ആലോചിക്കുമ്പോൾ ഇതിനെ പ്രസാവിച്ചുകൊള്ളട്ടെ. ഭാഗ്യത്തിനു" വല്ലപടയുതലാളിമാരുടെ ഏജന്റുമാരും ഇക്കഥ വായിച്ചു" ഇതിനെ സിനിമയാക്കിമാറ്റാൻ തീർച്ചപ്പെടുത്തിയാൽ അതിനു വേണ്ട ഉപകഥകളും, ഫ്ളാഷ്ബാക്കുകളും ചേർത്തു" സ്റ്റണ്ടു", തമാശ, കളി, മൂഡങ്ങൾ, ബാലനടൻ, ഇവയെല്ലാം സൌകര്യം നൽകാനുള്ള പഴുതുകളും ഇതിൽ കൊള്ളിച്ചിട്ടുണ്ടെന്ന വസ്തുത സൂക്ഷ്മദൃഷ്ടികളിൽനിന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ല.

നായകൻ ദുഷ്യന്തനു" കഥ നടക്കുന്ന

കാലഘട്ടത്തിൽ വയസ്സ് മുപ്പത്തിരണ്ട്. സുമുഖൻ ഇരുനിറം. എക്സ്സൈസിന്റെ കറുപ്പുകൊണ്ട് അല്പം കടവയറു്. പരമ്പരാമതമായി കിട്ടിയിരുന്ന അഷ്ടവൈദ്യന്മാരുടെ പരമ്പരയിൽപെട്ട ഒരില്ലത്തു ജനിച്ചതിനാൽ വൈദ്യനായി ജീവിക്കാൻ വിധി. കർമ്മണാ ആയുർവ്വേദ ഭിഷഗ്വരൻ. സ്പെഷ്യലൈസ് ചെയ്യാൻ ആശ മൈനക്കോളജി.

നായിക, ശകുന്തള. ഇരുനിറം. സമൃദ്ധമായ മുടിയിൽ ഒന്നരണ്ട് ഇഴകൾക്ക് ചാരനിറം. വയസ്സ് ഇരുപത്തിട്ട്. സർക്കാരാപ്പീസിൽ ഗ്രമസ്സ. പഠിച്ചുപഠിച്ച് മുന്നേറി സായുജ്യമടയണം എന്ന

പ്രതക്കാരി. ഭർത്താവിനു് കണ്ണുകം ഭാഗ്യസ്സു് കൊല്ലത്തും ഒരേസമയത്തു് ജോലിയായതുകാരണം കട്ടബാസുതുണം ജോറിൽ.

നായികാ നായക സമാഗമം ചൊറിച്ചിലിൽക്കൂടിയാണു് സംഭവിച്ചതു്. മദിരാശിക്കുള്ള മെയിൽവണ്ടി ആലുവാസ്റ്റേഷൻ വിട്ടപ്പോൾ മൂന്നാംക്ലാസ്സു് മുറിയിലെ (ഈ സംഭവം നടക്കുന്നതു് റെയിൽവേയിൽ സോഷ്യലിസംവരുന്നതിനു മുമ്പാണു്) തിക്കിലും, തിരക്കിലും ഉറക്കാനും ചെയ്യാനില്ലാത്തതുകൊണ്ടു് രഘൂത്തമൻ സീറ്റിൽ എതിരെയിരുന്ന ശകുന്തളയുടെ കാലിൽ മെല്ലെ യാദൃശ്ചികമെന്നമട്ടിൽ ഷൂസുകൊണ്ടു തൊട്ടു പ്രതികരണത്തിന്റെ അഭാവത്തിൽ വടക്കാഞ്ചേരി കഴിഞ്ഞപ്പോൾ ഷൂസഴിച്ചു് അദ്ദേഹം ഡോക്ടർ രഘൂത്തമൻ എന്നു് വെള്ളപ്പെയിന്റിലെഴുതിയിരുന്ന കറുത്ത പെട്ടി ശകുന്തളകാൺകെ പുറത്തു് അതിൽനിന്നു് റബ്ബർചെരിപ്പു് പുറത്തെടുത്തുവച്ചു. പിന്നെ സപാദംകൊണ്ടു് ശകുന്തളയുടെ നഗ്നപാദത്തിൽ സ്പർശിച്ചു. ഓടിക്കൊണ്ടിരുന്ന വണ്ടിയിൽ ഈ യുവമിഥുനങ്ങളെ പിന്തുടർന്നെന്നോണം, വണ്ടിനു പകരം, ഒരു മണിയനീച്ച അന്തരീക്ഷം സൃഷ്ടിച്ചു. ഈ ഈച്ച നാസാഗ്രത്തിൽ വിശ്രമിക്കുമ്പോൾപോലും ശകുന്തള നിർവ്വികാരയായി പെരുമാറിയെന്നതിൽനിന്നു് അവളുടെ അപ്പോഴത്തെ മനോഗതി ഊഹിക്കാമല്ലോ. നായിക ദിവാസ്വപ്നം കാണുകയായിരുന്ന എന്നു സാരം. അവളുടെ ദൃഷ്ടികൾ ജനാലയുടെ കമ്പികൾക്കിടയിൽക്കൂടി വിദൂരതയിൽ തറച്ചുനിൽക്കുന്നതുകണ്ടു്, സഹികെട്ടു്, രഘൂത്തമൻ മുരടനക്കി.

"ഭാരതപ്പുഴ."

വണ്ടി ഷൊറണ്ണൂർപാലത്തിൽക്കൂടി മെല്ലെ ഓടുന്ന സമയമായിരുന്നതിനാൽ ആംഗ്ലേയന്യായപ്രകാരം ഉചിതമായ ഒരു വിഷയമായിരുന്നു രഘൂത്തമൻ തെരഞ്ഞെടുത്തതു്. പക്ഷേ, ശകുന്തള കേവലം അന്ധയും, ബധിരയും, കഠോരചിത്തയുമായി പെരുമാറി.

മിണ്ടാട്ടമില്ല.

രഘൂത്തമൻ നിരാശനായി, അന്തർജ്ജനത്തെയും, പിതൃവിഹീനത്തിൽ കണ്ണീരൊഴുക്കുന്ന മക്കളെയുംകുറിച്ചുള്ള ചിന്തകൾകൊണ്ടു് മനസ്സുനിറയ്ക്കാൻ ശ്രമിച്ചു. ബോറടിതോന്നിയതുകാരണം, പുതുതായി ഉറന്നതന്റെ നഴ്സിംഗ്ഹോമിൽ പ്രസവിക്കാറായിക്കിടക്കുന്നവരും, പ്രസവിക്കാൻ വരുന്നവരുമായ നാരീമണികളെക്കുറിച്ചും, അവരിൽനിന്നു് വാടക, മരുന്നു്, കൺസൽട്ടേഷൻ, ഓപ്പറേഷൻവകയിൽ കിട്ടേണ്ട തുകയെപ്പറ്റിയും തന്റെ അസാന്നിദ്ധ്യത്തിൽ കോമ്പൗണ്ടറെയും, നഴ്സിനെയും ഏത്രത്തോളം ആ തുകയെ സംബന്ധിച്ചിടത്തോളം വിശ്വസിക്കണമെന്നതിനേക്കുറിച്ചും അദ്ദേഹം ഓർത്തു. വീണ്ടും ബോറു്. നിരാശനായി ഏറണാകുളത്തുനിന്നുവാങ്ങിയ ഗീത (കൊച്ചിൻ എഡിഷൻ) തപ്പിയെടുത്തു വായിച്ചു് രസിക്കാൻതുടങ്ങി. ഒറപ്പാലത്തിനുശേഷം

സഹ്യപർവ്വതത്തെ കീറിമുറിച്ചു് തീവണ്ടി പായുമ്പോൾ ചെറിയൊരു സംശയം. കാലിൽ ആരോ അമത്തുന്നോ?

ഗീതയിൽ ആമഗ്നനായി രഘൂത്തമൻ മെല്ലെ ദൃഷ്ടികൾ ശകുന്തളയുടെനേരെ തിരിച്ചു.

പോസിനു യാതൊരു മാറ്റവുമില്ല. വലത്തുകാലിലെ ചെരിപ്പിന്റെ പിടിയിൽനിന്നു് മുകതിതേടിയ വിരലുകൾക്കൊഴികെ.

രഘൂത്തമൻ പ്രേമിക്കാൻ തയാറെടുത്തു

പ്രേമത്തിനുവേണ്ട കരുക്കളെല്ലാമുണ്ടായിരുന്നു. ആൾക്കൂട്ടത്തിൽ ഇരുവരും തനിയെയെ. കരേലക്ഷ്യവും, മാർഗ്ഗവുമുള്ള രണ്ടു കരുവികൾ (തീവണ്ടിയുടെ വേഗതകാരണം തീവണ്ടിസ്റ്റുകത്തിരിക്കുന്ന ഈ യുവമിഥുനങ്ങളെ കരുവികളായി സങ്കൽപ്പിക്കുകയാണു്. ഭൂമിയിൽ, ആവശ്യം നേരിട്ടപ്പോൾ, ഇണക്കരുവികൾ, പൈങ്കിളി തുടങ്ങിയ നാമങ്ങൾ സിനിമയ്ക്കു് നൽകി പേരുകളെച്ചൊല്ലിയുള്ള കോടതിക്കേസുകളും ഒഴിവാക്കാൻ ഇത് സഹായിക്കും. ഇതു് സൂക്ഷ്മദൃക്കുകൾക്കുവേണ്ടി.) രണ്ടുപേർക്കും ലക്ഷ്യം, ഇൻറർ. ഇൻറർമീഡിയറെന്ന കടമ്പ ചാടി ജീവിതവിജയത്തിന്റെ ഏണിപ്പടികയറണം. ഒരേ നഗരത്തിൽ സെൻറർ. ഒരേ വിഷയം. രണ്ടുപേരും ഉത്തരേന്ത്യയിൽ കന്നിയ്ക്കു് പോകുകയാണു്. പ്രായവും ചേർച്ച. തങ്ങളുടെ ശരീരങ്ങളിൽ അവകാശർക്കുഅവുമായി വരേണ്ടവരെ മിനിട്ടിനു് ഒന്നരക്കിലോമീറർ വേഗതയിൽ പിന്നിട്ടപ്പോൾ അത്തരത്തിലുള്ള ഭയവും അസ്ഥാനത്തു്. പിന്നെ, ജാതി, മതം തുടങ്ങിയ പുരാതന ചിന്തകൾക്കതീതരാകമല്ലോ, നമ്മൾ, പാലക്കാടു് കഴിഞ്ഞാൽ.

സന്ധ്യയായപ്പോഴേക്കും ഇരുവരും ഒരേ സീറ്റിലായി. തണുത്തകാറ്റു്. ശകുന്തളയുടെ ബെഡ്ഷീറ്റു് പെട്ടിക്കകത്തായതുകൊണ്ടു് രഘൂത്തമന്റെ പുതപ്പിന്റെ പകുതികൊണ്ടു് അവൾ തണുപ്പുമാറ്റി.

അത്താഴസമയത്തു് രഘൂത്തമൻ ശകുന്തള കരുതിയിരുന്ന ബിരിയാണിയും, ശകുന്തള രഘൂത്തമന്റെ ആത്തമ്മാരു് സ്നേഹപുരസ്സരം പൊതിഞ്ഞുകൊടുത്തിരുന്ന തെരശാതവും രുചിയോടെ ഭക്ഷിച്ചു. ബാക്കിവച്ചു് ഇരുവരും പൊതികൾ ജന്നലിൽക്കൂടി പ്ലാറ്റ്ഫോറത്തിന്റെ മറുപുറത്തു് കാത്തുനിന്നിരുന്ന വിശക്കുന്ന വയറുകൾക്കായി ദയാപൂർവ്വം എറിഞ്ഞുകൊടുത്തു് ഇന്നത്തെ സാമൂഹികസംവിധാനത്തിലെ അസമത്വങ്ങളുടെനേരെ ധാർമ്മികരോഷം പ്രകടിപ്പിച്ചു. ഈ രണ്ടു ബീഡാതിന്നു് ചുണ്ടു ചുമന്നപ്പോൾ പുഞ്ചിരിയിൽ കൂടുതൽ പൊലിമ ദർശിച്ചു.

കണ്ടക്ടനെന്തുചെയ്യുകയായിരിക്കും.?

താരനോ?

അല്ല, ഇവിടെ കണ്ടക്ടനു് രക്ഷകർത്താവെന്നേ അർത്ഥമുള്ളൂ.

ഭയപ്പെടാനില്ല. കണ്ണുരാണു്. ഇപ്പോൾ കഞ്ഞികുടിയ്ക്കുകയായിരിക്കും.

അനസൂയയും, പ്രിയംവദയുമോ?



തോഴികൾക്കല്ലേ, ഞാൻ ചാർജ്ജു്നൽകിയിരിക്കുന്നതു്?

ഞാൻ ഈ ഇൻറർവ്യൂവിനു വരികില്ലായിരുന്നു. വയസ്സാൻകാലത്തു് പഠിത്തം. പക്ഷേ, എന്താ, ഇന്നത്തെ നശിച്ചുചീഞ്ഞുനാറിയ വിദ്യാഭ്യാസപദ്ധതിയിൽ സമൂലമായ പരിവർത്തനം വരുത്തുന്നതുവരെ എന്നപ്പോലുള്ളവർക്ക് ഇൻറർ പാസാകയേ പറ്റൂ. ആയുർവേദഡോക്ടർക്കു് ഓപ്പറേഷൻ പാടില്ലെന്നു്. അതിനു കോളേജിലെ ഡിഗ്രിവേണം. ഡിഗ്രിക്കു് ഇൻറർവേണം. ഒരേ ഫ്ലൂ. എന്നാലെ വിടെയാ ഇൻറർവ്യൂള്ളതു്?

രഘൂത്തമന്റെ ധാർമ്മികരോഷത്തിനു മുന്നിൽ, പ്രായമായിട്ടും ഇക്കിളിമാറിയിട്ടി

ല്ലാത്തതിനാൽ ശകുന്തള ചിരിച്ചതേയുള്ളൂ; ചോദ്യത്തിനു് ഉത്തരമോ, മുചോദ്യമോ നൽകാൻ അവർ മെനക്കെട്ടില്ല.

തീവണ്ടി, കലുങ്ങിയും, ചതഞ്ഞും, നമ്മുടെ നായികാനായകന്മാർക്കു് സ്വർഗനസുഖവും, അന്യോന്യം തോളിൽ സഹശയന സൌകര്യവും നൽകി നാലു് ചക്രശ്വാസങ്ങടി സ്ഥലത്തു് ഉത്സവം കെങ്കേമമാക്കി.

അവർ ഈ ദശാസന്ധിയിൽ (അതോ, നിശാസന്ധിയോ) ചെന്നു കഴിച്ച കോഴി കളെപ്പോലെ അങ്കംവെട്ടി.

ചന്ദ്രികാർച്ചിതമായ നിശീഥിനിയും കണ്ണുചിമ്മുന്ന താരകളും, അകന്നകന്നു പോകുന്ന പ്രകാശധാരകളും, മന്ദംമന്ദം തലോടുന്ന ശീതപവനനും, എല്ലാം മൂറിപ്പിന്നണി സൃഷ്ടിച്ചിരുന്നുവെങ്കിലും, അവയെക്കുറിച്ചു് ചർച്ചചെയ്യുന്നതോ പോകട്ടെ, അവയെ ആസ്വദിക്കാൻ പോലും സമയം ലഭിക്കാത്തതിൽ നമുക്കു് നമ്മുടെ നായികാനായകന്മാരെ കുറ്റം പറഞ്ഞിട്ടു് കാര്യമില്ലല്ലോ. സ്വന്തം കട്ടും ബകാര്യങ്ങളും, ഉണ്ണിമാരുടെ പഠനം, രോഗം, ബാലകേളികൾ, കണ്ടക്ടർ വാതരോഗം, പത്രമാസികകളിൽ കാണുന്ന ഡോക്ടർന്മാരുടെ ഉപദേശങ്ങൾ, ഉടങ്ങിയ വിജ്ഞാനപ്രദവും അത്യാവശ്യവുമായ സംഭാഷണങ്ങൾ അവർ നടത്തി അന്യോന്യം ഹൃദയഹാസ്യങ്ങൾ പങ്കുവെച്ചുകൊണ്ടു പക്ഷേ അവർ പരീക്ഷാസെന്ററിൽ ചെന്നാൽ മാർക്കിട്ടിയിടിക്കാനുള്ള വിവിധ എഞ്ചിനുമായുള്ള കേൽവിലാസവും, കാതോ വിഷയങ്ങൾ കുള്ള റേറും ഉണ്ടായിരുന്നു എന്നതും, ആ വിലാസങ്ങളിൽ പലതും കോമൺ ആയിരുന്നു എന്നതും, ലോകം എത്ര ചെറുതാണെന്ന സത്യം അവരെ ബോധ്യപ്പെടുത്തിയെന്നതു മാത്രമല്ല, അവരെ അന്യോന്യം മെക്കാനിക്കമായി ക്ലോസലടുപ്പിക്കാൻ സഹായിക്കുകയും ചെയ്തു.

നിശീഥിനിയുടെ മൈർഘ്യം വലിഞ്ഞു മുറുകി ഒരു ബിന്ദുവായി സ്വയം നശിച്ചു.

ഈതിരാവിലെ കാട്പാടിയിൽ വണ്ടി നിന്നപ്പോൾ അവർ ചായ കുടിച്ചു. ശകുന്തളയ്ക്കിഷ്ടം കട്ടൻകാപ്പിയാണു്. കണ്ണപനപ്പോലും കാപ്പിയിലേക്കു് ഒരു രാത്രി കൊണ്ടു് മാറിയിരുന്നു അവൾ. പക്ഷേ, ഇന്നു്, രഘൂത്തമന്റെ ആഗ്രഹപ്രകാരം ആ യുവതി ചായ കുടിക്കാൻ (കാപ്പി, കാപ്പി എന്ന ശബ്ദം സ്രഗ്മേധിലെ ശിവൻകോവിലിലുയരുന്ന ഘണ്ടാനാദം കണക്കെ ചെവിയിൽ മുഴങ്ങുകയുണ്ടായിരുന്നെങ്കിലും) തയാറായി. ചുണ്ടിനു് അവളുടെ ത്യാഗമനോഭാവത്തിനു, ശുദ്ധമായ അനുരാഗത്തിനു്, കണ്ണാടി പോലെ പുത്തിനും, ഉദാഹരണമായി ചുണ്ടിക്കാട്ടാം.

ഈടാൻവാഴമനരാഗനദിക്കു് വിഘ്നം കൂടാതൊഴുക്കുവാൻവേണ്ടിയല്ല അദ്ദേഹം, എന്ന ആശയം കോപ്പിറൈറ്റില്ലാതെ എല്ലാവരും പാട്ടാക്കിയതു് മുടനായകാനുരാഗകന്മാരുടെ കാര്യത്തിലും അക്ഷരംപ്രതി ശരിയായി സംഭവിച്ചു.

മദിരാശിയിൽനിന്നു് ഫൈകട്ടാണു് വണ്ടി. അതുവരെയുള്ള പകൽസമയം ശകുന്തളം അഭിനയിക്കാനായി മറിന ബീച്ചു്, സ്നേഹനടുള്ള ഹോട്ടലുകൾ, മൃഗശാല തുടങ്ങിയ ലൊക്കേഷനുകൾ, സ്റ്റേഷൻ പ്ലാറ്റ്ഫോമിനെക്കാൾ സുരക്ഷിതമെന്നു് ഇരുവരും തീർച്ചപ്പെടുത്തി.

പക്ഷേ, എന്തുചെയ്യാം!

വണ്ടി സെന്റർസ്റ്റേഷന്റെ പ്ലാറ്റ്ഫോറത്തിൽ വന്നുനിന്നപ്പോൾ ധനുഷ്കോടി ശ്രദ്ധനായി അവരുടെ മുമ്പിൽ ഒരു ഇൻസ്പെക്ടർ പ്രത്യക്ഷപ്പെട്ടു പോലീസ്ഇൻസ്പെക്ടർ. കനത്തമീശ, ആരോടെടുപ്പാക്കെ അത്തറൊത്ത തൊടി, സ്റ്റാർക്ക്, കാക്കി പാന്റും, വേഷം ഉരുണ്ട കൈത്തണ്ടകളിൽ എഴുന്നുനിൽക്കുന്ന കറുത്ത രോമങ്ങൾ.

(ഈ റോളിൽ ഗസ്റ്റ് ആർട്ടിസ്റ്റിനെ പ്രത്യക്ഷപ്പെടാൻ സൌകര്യം ചെയ്തുകൊടുക്കുകയാണു്)

നമുക്കു ഭയം തോന്നാം; ഇദ്ദേഹത്തെ നമ്മൾ രാത്രിയിൽ ട്രെയിനിടാതെയോ, പിന്നിൽ ആളേയിരുത്തിയോ മഴക്കിൽ യാത്ര നടത്തുമ്പോൾ വഴിക്കു നേരിട്ടാൽ. നമ്മളിൽ മോഷ്ടാക്കളെ, പോക്കറ്റടി ഇടങ്ങിയ കലകളിൽ ഉസ്താദുമാരുള്ളവർക്കു് അദ്ദേഹം ഒരു പേടിസപ്നമാകും. പക്ഷേ, നമ്മുടെ നായകനു് ഇദ്ദേഹത്തെ കണ്ടപ്പോഴുണ്ടായ വികാരം സ്വന്തം മറ്റെ തരത്തെക്കുറിച്ചുള്ള ലജ്ജയായിരുന്നു മദിരാശിപ്പട്ടണത്തിൽ പോലീസ് ഇൻസ്പെക്ടറായി വിരാജിക്കുന്ന സ്വന്തം അളിയനു് ഈ ടൈയിനിനു കാത്തുനിൽക്കുണ്ടെന്നെഴുതിയതിനെക്കുറിച്ചോർത്തു് രഘൂത്തമൻ ലജ്ജിച്ചു ഭൂമിയിലേക്കു് ഇതൊരു പാഠമാകട്ടെ എന്നു് അദ്ദേഹം സ്വയം ശാസിച്ചു

വാരണത്തിന്റെ നിമിഷങ്ങൾ യുഗങ്ങളോളം നീണ്ടു. ശകുന്തളയെ വിട്ടു് പോലീസ് ഇൻസ്പെക്ടർ ബന്ധുവിന്റെ പിടിയിലമർന്നു് അദ്ദേഹം ശ്വാസംവിട്ടു.

ദില്ലി വണ്ടി കാത്തു് നിൽക്കവേ, വിരഹദുഃഖം കടിച്ചമർത്തിയ ചുണ്ടുകളിൽ ഹോട്ടൽ മുറിയിലേ നഷ്ടപ്പെട്ടുപോയ ഒരു നഷ്ടച്ചുടുനിശ്വാസത്തിന്റെ ചൂടുണ്ടായിരുന്നു. ഗർഭാശയത്തിലേക്കു് ആദ്യം കുതിച്ചെത്തി മരണമടഞ്ഞ ജീവപ്രസരം പോലെ ശകുന്തളയിൽ തെളിഞ്ഞുപ്രകാശിച്ചു ഇടിവെട്ടിനനഞ്ഞ ട്രെയിനു് ദില്ലിയ മണൽ പിണർ. (ആധുനിക ഇമേജറിയാണു്, കഥയുമായി പുരോഗതിക്കു് കാര്യമായ ബന്ധമില്ല അതുകൊണ്ടു് ചിന്തിക്കേണ്ടവർക്കു മാത്രം തങ്ങിനിൽക്കാനുള്ള ചുമട്ടുതാങ്ങിയാണു് ഇവിടം)

ഈ നന്ദർഭത്തിൽ തികച്ചും രാഷ്ട്രതന്ത്രജ്ഞനായാണു് രഘൂത്തമൻ പ്രത്യക്ഷപ്പെടുന്നതു്. ഒന്നാമതു് അളിയൻ, ബ്രാഹ്മണകുലജാതനെങ്കിലും പോലീസു്. അളിയന്റെ പോലീസ് ചാർട്ടേഴ്സിലെ ഇല്ലുമിനേഷനും തക്കാളിനിറവും, പപ്പടവും, കട്ടമാങ്ങയും, തുണിയിലഞ്ഞാലും ഭക്ഷിക്കുമ്പോഴും, ശകുന്തളയെപ്പറ്റിഞ്ഞു് മാധവ്യനോടൊപ്പം വിദൂരതയിൽ ഓട്ടുന്ന മാൻപേടകളെ നോക്കി പാടുന്ന ദുഷ്യന്തനെപ്പോലെയായിരുന്നു, രഘൂത്തമൻ. പക്ഷേ, പുരാണത്തിലെ ശകുന്തളയെപ്പോലെ അത്ര ചീപ്പു് അല്ലല്ലോ നമ്മുടെ ശകുന്തള. പോരെങ്കിൽ ബുദ്ധിമതിയും. രഘൂത്തമൻ വൈകുണ്ഠം കാറ്റുവന്നു് കൈവിരലുകളിൽ ചുണ്ടം പിടിച്ചു് ദില്ലി വണ്ടിയിൽ കയറുന്നതുവരെ ശകുന്തള ഏകാകിനിയായി കഴിച്ചുകൂട്ടി. തമിഴ്പാക്കുകൾ കേട്ടും, അവയെ ഭാഷാന്തരീകരിച്ചു് രസിച്ചും, അനസൂയയ്ക്കും, പ്രിയംവദയ്ക്കും വേണ്ടി അവയെ മനസ്സിൽ നോട്ടചെയ്തും ആ വിരഹിണി ചെന്നൈ പട്ടണത്തിലെ വിനാഴികകളെ പിടിച്ചുകെട്ടി

മദിരാശി വിട്ടതിനുശേഷമുള്ള യാത്രയിലെ സംഭവങ്ങൾ നമ്മുടെ നായികാനായക

NBS NEWS

വിശാഖവിജയം
കേരളവർമ്മ

വിശാഖത്തിരുനാൾ മഹാരാജാവെന്ന അസാധാരണപുരുഷശ്രേഷ്ഠനെ കഥായായകനാക്കി രചിച്ചിട്ടുള്ള മഹാകാവ്യം. വിവർത്തനം: സി. വി.വാസുദേവഭട്ടതിരി വില 12-00

വ്യോമയാനം
എം. ആർ. നായർ

വാനനിരീക്ഷണത്തിലും യാത്രയിലും മനുഷ്യരാശി പിന്നിട്ട ശ്രദ്ധേയമായ പന്ഥാവുകളെ അപഗ്രഥിക്കുന്ന ഗ്രന്ഥം. വില 8-00

നന്ദനാരാമം
വല്ലച്ചിറ മാധവൻ

ആത്മബന്ധങ്ങളുടെ അർത്ഥശൂന്യതയും പൂർത്തീകരണങ്ങളുടെ സാർത്ഥകതയും ലളിതസുന്ദരമായ ഭാഷയിൽ ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നു. വില 5-50

ഭാവച്ഛായകൾ
കൃഷ്ണൻ പറപ്പള്ളി

സത്യാന്വേഷണത്തിനു നിത്യവും ഭാഗികമായ ഒരു ഹൃദയത്തിന്റെ ഏതാനും ഭാവച്ഛായകളാണു് കവിതകളായി ഇതിൽ ഇതൾ വിരിയുന്നു. വില 5-00

മാനസോൽസവം
കെ. പി. ഉറുമീസ്

ഭാവശബളിമ മയൂരനൃത്തം ചെയ്യുന്ന ഹൃദയഹാരിയായ 17 കവിതകളുടെ സമാഹാരമാണു് മാനസോത്സവം വില 3-50.

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം-686001

ന്മാക്ക് രസകരമായിരുന്നെങ്കിലും, ആവർത്തനവിരസതയാൽ വർണ്ണിക്കുന്നില്ല. ഒന്നുമാത്രം ധരിച്ചാൽമതി. മന്ദഗതിയിലൊഴുകുന്ന അരുവിയായിരുന്ന അവരുടെ പ്രേമധാര ആദ്യദിവസമെങ്കിൽ, രണ്ടും മൂന്നും ദിവസങ്ങളിൽ അതു് കുത്തിപ്പാഞ്ഞു് വെള്ളച്ചാട്ടത്തിൽ കുതിച്ചുമറിയുന്ന മലവെള്ളമായിരുന്നു. കപ്പലണ്ടി, കടല, വാഴപ്പഴം ഓറഞ്ചു് തുടങ്ങിയ ഫലമൂലാദികൾ ഭക്ഷിച്ചും പാൽ, കൊക്കൊക്കോള ആദിയായ പേയങ്ങൾ പാനംചെയ്തും അവർ ആരോഗ്യത്തിനു് ഹാനിവരാതെ സൂക്ഷിച്ചു. ടെയിനിനകത്തു് അനവധി കാണികളുടെ സാന്നിദ്ധ്യത്തിലുള്ള പ്രേമമായതിനാൽ ഇവർക്കിടയിൽ പരിപൂർണ്ണ മാംസനിബദ്ധമായതോ, കുടുംബാസൂത്രണനിയമങ്ങൾക്കപ്പുറമോ ആയ പരിതഃസ്ഥിതി ഉ

ണ്ടായില്ലെന്നു് പ്രത്യേകം പറയേണ്ടല്ലോ.

ഇരുവരുടേയും ലക്ഷ്യസ്ഥാനമായ നഗരത്തെ നമുക്കു് സൗകര്യത്തിനു് ഇൻറർനഗരമെന്നു് വിളിക്കാം. എന്തെന്നാൽ ഏപ്രിൽ മേയ് മാസത്തിലെ മൂന്നാലാഴ്ചകളിൽ ഈ നഗരത്തിൽ മരാറന്തിന്റെയും അസ്ഥിപഞ്ജരം നഷ്ടപ്പെടുന്നു. ഭാരതത്തിന്റെ നാനഭാഗത്തുനിന്നും ഗൈഡുകൾനിറച്ച തകരപ്പെട്ടികളുമായി ചെറുപ്പക്കാരും, മധ്യവയസ്കരും, ജാതിമതലിംഗഭേദമെന്യേ ഈ കാലഘട്ടത്തിൽ നഗരത്തിലേക്കു് ശരണംവിളിയുമായി എത്തുന്നു. നാല്പത്തൊന്നുദിവസത്തെ വിധിപ്രകാരമുള്ള പഠനതപസ്യനടത്തി മലചവിട്ടുന്ന കന്നിഅയ്യപ്പന്മാർമുതൽ, വർഷംതോറും രണ്ടുമൂന്നുദിവസത്തെ വൺ ഡെ ഗൈഡുകൾ അരച്ചുകലക്കി എല്ലാ വർഷവും മുടങ്ങാതെ ദർശനംനടത്തുന്ന പെരിയസ്വാമികൾവരെ പലവിധക്കാരും തരക്കാരുണ്ടാകും, ഇവരിൽ. ദേശീയോദ്ഗ്രഥനത്തിന്റെ സുവർണ്ണമാതൃകയീനഗരത്തിൽ ദർശിക്കാം, ഈ ആഴ്ചകളിൽ. നഗരത്തിലും സമീപഗ്രാമങ്ങളിലുമുള്ള ഹോട്ടലുകൾ, ലോഡ്ജുകൾ, ധർമ്മശാലകൾ, റെയിൽവേ പ്ളാറ്റ്ഫോമുകൾ എല്ലാം കേന്ദ്രങ്ങളുടെ നിർദ്ദയമായ ആക്രമണത്തിനു വിധേയമായി കവിഞ്ഞൊഴുകുന്നു. ചായക്കു് വില കൂട്ടാൻപാടില്ല എന്ന കർക്കശനിയമങ്ങളുള്ളതിനാൽ ചായയിൽനിന്നു് പാലു്, ചായപ്പാടി, പഞ്ചസാര ഇവയൊക്കെയല്ലാതെ അപ്രത്യക്ഷമായി ഒരു പുതിയ ദേശീയ പാനീയം കണ്ടുപിടിക്കപ്പെടുന്നു.

ഇങ്ങിനെയുള്ള ഇൻറർനഗരഗവനത്തിലേയ്ക്കാണു് രഘൂത്തമനും ശകുന്തളയും യാത്രയുടെ മൂന്നാംപുലർച്ച എഴുന്നേല്ക്കുന്നതു്. തീവണ്ടി പതിവുപോലെ ഔട്ടർ സിഗ്നലിൽ കിടക്കുമ്പോൾ, ചപ്പാത്തിയും, കിടക്കയും, ഉരിഞ്ഞവീണ സപ്പുങ്ങളും വാരിക്കെട്ടുന്നതിനിടയിൽ ശകുന്തള സ്വരം താഴ്ത്തി രഘൂത്തമന്റെ ചെവിയിൽ രഹസ്യമിഞ്ഞു.

"ചെലപ്പോഴേ, പുള്ളിക്കാരൻ സ്നേഷനിക്കാണും."

"ആര്? കണ്ടോ?"

"പാവം, വാതപ്പനിക്കാരെ കളിയാക്കിയാൽ ദൈവം ചോദിക്കും."

"പിന്നെ?"

"എന്റെ ഒരു കസിനാ. എഴുതിയിരുന്നു. അവധികിട്ടിയാൽ ഇവിടെവന്നു കാത്തുനിൽക്കണമെന്നു്."

(ഇനിയുള്ള വിശദീകരണത്തിനാണു് ഫ്ളാഷ്ബാക്ക്സങ്കേതവും, ബാലനടനെയും രംഗത്തിറക്കാവുന്നതു്.)

"എന്റെകൂടെപ്പഠിച്ചിരുന്നതാ. ഇപ്പോഴീവിടെയെട്ടത്താണു് ജോലി.

"അവധിയെടുത്തു് കാത്തുനിൽക്കുമെന്നു് എഴുതിയിരുന്നോ?"

"ഞാനെഴുതിയിരുന്നു. മറുപടി കിട്ടിയില്ല."

യുഗങ്ങൾക്കുശേഷം രഘൂത്തമൻ ചോദിച്ചു.

"നഗരത്തിൽ കാത്തുനിൽക്കാനിടയുള്ള കസിനുമായുള്ള ലിഖിതീസഹൃദം ഭവതിയുടെ ഭർത്താവായ കണ്ടക്ടററിയാമോ?"

അവളുടെ കണ്ണുകളിൽ അത്ഭുതം കൊള്ളിമീനുകളായി.

"അങ്ങേരറിഞ്ഞാൽ കവളൻമടലെടുത്തു് പുറത്തിനു തല്ലും."

സമ്മിശ്രവികാരങ്ങളുടെ ഓട്ടപ്രദക്ഷിണം. ശകുന്തളയുടെ ദേഹം തീവാങ്ങിയ വ്യക്തിയെക്കുറിച്ചു്, രഘൂത്തമനു് ഒരേസമയത്തു് അഭിമാനവും, ഭയവും തോന്നി.

ഔട്ടർസിഗ്നലിൽ ടിക്കറ്റെടുക്കാത്ത ജനം ഇറങ്ങിക്കഴിഞ്ഞപ്പോൾ വണ്ടിവിട്ടു.

ശകുന്തള പുറത്തേയ്ക്കുനോക്കി. പ്രഭാതകൃത്യങ്ങിനു് തയാറായി മൊന്തകളുമെടുത്തു തയാറായിരിക്കുന്ന ഭാരതീയജനതയുടെ ക്രോസ്സെക്ഷൻ.

രഘൂത്തമൻ ശകുന്തളയെ തലോടി.

"സാരമില്ല."

ശകുന്തളയുടെ മനസ്സു് ഊഞ്ഞാലാടുകയായിരുന്നു. മൂന്നാറുള്ള ഊഞ്ഞാൽ.

ബാല്യകാലത്തിലും, കൌമാരത്തിലെ ഇംപ്രഷണിസ്റ്റു് സന്ദർഭങ്ങളിലും സ്വാഭാവികമായിത്തോന്നിയ അടുപ്പത്തിന്റെ ആഴം മനസ്സിലാക്കിത്തുടങ്ങിയപ്പോഴേയ്ക്കു് നിയമപരമായി പ്രേമിക്കാനുള്ള അവകാശം സമൂഹവും ഈശ്വരനും (അമ്പലത്തിൽവച്ചു് വിവാഹംനടന്നതെന്നു് വ്യംഗ്യം)കൂടി നഷ്ടപ്പെടുത്തിയതിനാൽ ഈ ഇൻറർനഗരയിലെ ദിനങ്ങൾക്കുവേണ്ടി വേഴാമ്പലിനപ്പോലെ കാത്തിരിക്കുകയായിരുന്ന, നായിക. വിവരം അനസൂയാപ്രിയംവദമാർക്കു് അറിയാമായിരുന്നതുകൊണ്ടു് അവരുടെ ആശംസകളും അമർത്തിവച്ചിരുന്ന അസൂയയും, നായിക വിജയശ്രീലാളിതയായി തിരിച്ചുചെന്നാൽ വത്തമാനങ്ങളെല്ലാം വള്ളിപുള്ളി വിസർഗ്ഗമെന്യേ വിവരിക്കാമെന്നകണ്ടിഷനിൽ, കൈനീട്ടി വാങ്ങിയിരുന്നു.

എങ്കിലും, ശകുന്തള, പകുതി ആത്മഗതമായിമൊഴിഞ്ഞു.

"ചിലപ്പം എഴുത്തു കിട്ടിക്കാണുകില്ലായിരിക്കും. പിന്നെ, പുള്ളിക്കു് ലീവും കിട്ടുമോ എന്തോ?"

ഈ ഒരു വാചകത്തിൽനിന്നുതന്നെ ശകുന്തളയ്ക്കു് കഴിഞ്ഞ അറുപതു മണിക്കൂറുകളിൽ രഘൂത്തമനോടു് ഉണ്ടായിട്ടുള്ള വൈകാരികമേളത്തിന്റെ തീക്ഷ്ണത ബുദ്ധിജീവികളായ വായനക്കാർക്കു് ഊഹിക്കാമല്ലോ.

പക്ഷെ ഈ സമാധാനം തികച്ചും അസ്ഥാനത്തായിരുന്നു. പ്ളാറ്റ്ഫോറത്തിൽ പനാമാസിഗററ്റു പുകച്ചു്, പൌഡർ, ചായു് കുങ്കുമം, ലിപ്സ്റ്റിക് തുടങ്ങിയ സൌന്ദര്യസംവർദ്ധന സാമഗ്രികളും, മറ്റുലൊട്ടലൊടുക്കു സഹായകവസ്തുക്കളും, വിലയുടെ ടോങ്കു് പൊട്ടിച്ചുകളയാത്ത സീറ്റുകനെറാറിയും, ജനറൽ ഫിന്ദിയുടെ വൺഡേഗൈഡും, ഭംഗിയായി പൊതിഞ്ഞ കെട്ടുമന്തി, പോക്കറാറിൽ ഭദ്രമായിക്കുത്തിയിരുന്ന കട്ടുബക്ഷമായുധങ്ങളിൽ തലോടി, ശിവാനന്ദൻ, നിദ്ര ത്യജിച്ചു് അങ്ങോട്ടുമിങ്ങോട്ടും അക്ഷമനായി ഓട്ടം

തുടങ്ങിയ ശകുന്തള കണ്ടു. നമ്മുടെ നായികാനായകന്മാരുടെ പ്രേമപുരോഗതിയിൽ അണക്കെട്ടു് സൃഷ്ടിച്ചുകൊണ്ടു് ശകുന്തളയുടെ ഒച്ച.

"ശിവാനന്ദൻചേട്ടാ."

വേദനകൾ കടിച്ചമർത്തി, ഗദ്ഗദങ്ങൾ തൊണ്ടയിലമുക്കി, കണ്ണുനീർ ഉത്സവത്തെ വരവിച്ചു് ശകുന്തള തന്റെ ബാല്യകാലസഖാവിനെ നേരിട്ടപ്പോൾ രഘൂത്തമൻ ഇനി എന്തു് എന്നു് ചിന്താക്രാന്തനായി പ്ളാറ്റ്ഫോറത്തിലേക്കു് തിക്കിത്തിരക്കിയിറങ്ങുന്ന ഗോസായിപ്പടയിൽ തന്റെ അസ്തിത്വം ഇല്ലാതാക്കാൻ ശ്രമിച്ചു.

ശ്രമം വിഫലമായി.

ശകുന്തള പരിചയപ്പെടുത്തി.

"എന്റെ ചേട്ടൻ. ഞാൻ പറഞ്ഞില്ലേ?



രാധാ ബാലകൃഷ്ണൻ

കിഴക്കുവെളുപ്പിൽ
കനത്തമഞ്ഞുപ്പിൽ
അൻപിയന്ന ഒമ്പൽപൂവു്,
ഒൻപതിതളുള്ള
ഒരു പ്ളാസ്റ്റിക്പൂവ്.
ഒത്തനടുക്കു്
പുത്തൻബർബിന്റെ ഇടുപ്പുകളും.
അതു പടത്തുന്ന
തരളപ്രകാശത്തിൽ
തിളങ്ങുന്നമേടി
തളർന്നുനിൽക്കുന്ന നടരാജപ്രതിമ.
ഓരംചാരി
നിത്യയൗനത്തിലാണ്ട
പുസ്തകനിര.
വാതിൽപടിക്കുകളിലെ
വർണ്ണച്ചുമരുകയിൽ
വടക്കേക്കോണിലേക്കു ചിറകുവിടർത്തുന്ന
നാലു വാൽക്കഷ്ണികൾ.
അവയ്ക്കുമേലെ
ചുവരു നെയ്തുന്നു
ചുവട്ടിലേക്കെത്തിനോക്കുന്ന
കലമാൻതല.
മച്ചിൽ
നിശ്ചലം തൂങ്ങിനില്ക്കുന്ന
ജരപടർന്ന ശരീരാന്തൽ.
നിലത്തെ വെളുത്തകല്ലുകളിൽ
അതു വീഴ്ത്തുന്ന നിഴൽത്തുള്ളികൾ.
ചില്ലുപാത്രത്തിൽ
ചീറോളമുണങ്ങാത്ത ഒരു
ചിത്തരഹസ്യം.
ആലോലംമറന്ന
ജാലകശീലയ്ക്കപ്പുറം
വീർപ്പടക്കി കാപലൻനില്ക്കുന്ന
പാവം പാതിര.
പതുപതുത്ത ഈ ഭൂമിത്തരിൽ.
അവരോഹണത്തിന്റെ അന്ത്യത്തിൽ
പിടഞ്ഞമൻന്
ഉതനിശ്ചലനായി നീ.
പിന്നെ,
നിന്നെച്ചുഴ്ന്നു ഈ ഞാനും...

—o—

ഒഴുത്തമൻ ഡോക്ടറാണു്."

ശിവാനന്ദൻ ശകുന്തളയെ പൂർണ്ണമായി വിശ്വസിക്കാനും വേണ്ടിവന്നാൽ ആത്മഹത്യചെയ്യാൻപോലും റെഡിയായിരുന്ന ആത്മാർത്ഥ കാമുകനായിരുന്നെങ്കിലും, അതേസമയം കശാഗ്രബുദ്ധിയും, സത്യാന്വേഷിയുമായിരുന്നതിനാൽ ശകുന്തളയുടെ തോളുയർത്തിയുശ്ചരിക്കുമെന്നമട്ടിൽ വിമലമത്തി ചോദിച്ചു.

"ഇവിടെ?"

"ഇൻറർവ്യൂവിനു വന്നതാ. എന്റെ ഗുപ്പാ."

ശിവാനന്ദൻ, ഒഴുത്തമനെന്ന പൊന്നരുകെനിന്നിടത്തെ പുച്ഛയെ ഇക്കിയെറിയാനായി ചോദിച്ചു.

"വണ്ടിയിൽവച്ചു് കണ്ടതായിരിക്കും. താങ്ക്സ്, ഞാൻ പരിഭ്രമിച്ചു. ശകുന്തളതനിയെ എങ്ങിനെ മാനേജ്ചെയ്യുമെന്നു്."

കാലത്തിന്റെ അപ്രതീക്ഷിതമായ ഒഴുക്കിൽ വർഷങ്ങൾ സൃഷ്ടിച്ച വിടവുകാരണം സ്വയം ഉരുത്തിരുത്തമായ നവീന വ്യക്തിത്വവുമായി പൂർവ്വകാമുകികാമുകന്മാർ ഒരു കനത്തനിമിഷത്തിൽ വീണ്ടും കണ്ടുമുട്ടുന്നകഥകൾ ധാരാളം വായിച്ചിട്ടുള്ള ഒഴുത്തമൻ ഇതികർത്തവ്യതാമൂഢനായിനിന്നതിലതുതമില്ലല്ലോ തീ ചണ്ടയിറക്കിവിട്ട ഇൻറർ ഷകന്മാരുടെ ശരണംവിളികളാൽ മുഖരിതമായ പ്ളാറ്റ്ഫോറം. ശിവാനന്ദനും, ശകുന്തളയ്ക്കും അന്തരീക്ഷംസ്വസ്ഥമായി.

(തുടരും)

—o—

ഒടുവിൽ റിപ്പോർട്ടർ നാരായണൻ മാത്രം അവശേഷിച്ചു. പത്രലോകത്തിൽ നായർ ഏറ്റവും അധികം വിശ്വസിക്കുന്ന മനുഷ്യൻ. രഹസ്യങ്ങൾ ചോർത്തിക്കൊടുക്കാനും അന്യരിൽനിന്നു് രഹസ്യങ്ങൾ ചോർത്തിയെടുക്കാനും അതിനിപുണൻ.

നായർ അയാളെ ഹോട്ടലിന്റെ തന്റെ പ്രത്യേകമുറിയിലേക്കു് ക്ഷണിച്ചു. നാരായണൻ മുറിയിൽ കണ്ണോടിച്ചുനോക്കി. ഒരു വലിയ മാറ്റം. കാമിനിയുടെ ഫോട്ടോകൾ അപ്രത്യക്ഷമായിരിക്കുന്നു. പകരം ഇളയമകൾ സുജാതയുടെ പടങ്ങൾ.

നോവൽ പതിനഞ്ചു് — ഏകലവ്യൻ

"ഇരിക്കു"

നാരായണൻ ഇരുന്നു. എതിരായി നായരും. എന്തെങ്കിലും പ്രത്യേകമായി തന്നോടു് പറയാനുണ്ടാകുമെന്നു് നാരായണൻ അനുമാനിച്ചു.

"എന്താ കുടിക്കാൻ വേണ്ടതു്?"

"അയ്യോ ഒന്നും വേണ്ടാസാറെ. രണ്ടുമൂന്നു പെഗ്ഗടിച്ചു."

"കടിയെടാ നാരാണാ." നായർ ട്രഫിജ്ജ്തുറന്നു് റോയൽ സല്യൂട്ട്സ്റ്റോച്ചു് വിസ്കിയെടുത്തു് മേശപ്പുറത്തുവെച്ചു.

നാരായണൻ ആർത്തിയോടെനോക്കി. ഇനി കടിച്ചാൽ "പെൻസിൽ"പോലുള്ള താൻ പറന്നുപോകുമെന്നറിയാം. എന്നാലും പുതിയ ചരക്കുകളെ കാണുമ്പോൾ കൊതി. വൈൻ ആൻറ് വുമൺ—പുരുഷന്റെ ഏറ്റവുംവലിയ ദൌർബല്യങ്ങൾ. നാരായണനോർത്തു.

നായർ മദ്യം ഗ്ളാസ്സുകളിലൊഴിച്ചു.. സോഡാചേർത്തു ഒരു ഗ്ളാസ്സു് നാരായണന്റെനേരെ നീക്കി. ഗ്ളാസ്സിലേക്കു് നോക്കിയിരുന്ന നാരായണൻ ധൈര്യം പകർന്നുകൊടുത്തു.

"അടിയെടാ അടി—ചിയേഴ്സ്""

നാരായണനും ഗ്ളാസ്സെടുത്തു ചുണ്ടുനനച്ചു.

"നാരാണാ" നായർ ചുരുട്ടിനു് തീപിടിപ്പിച്ചുകൊണ്ടുപറഞ്ഞു

"നേരത്തെ പറഞ്ഞതൊക്കെ ഉള്ളിൽതട്ടി പറഞ്ഞതൊന്നമല്ലെടാ നാരാണാ. കാര്യമെന്തൊക്കെയായാലും അവളെന്റെ മകളല്ലെ—എന്താ നീ മിണ്ടാത്തു?"

"അതെ സാറെ—മുത്തമോളല്യോ"

"ഞാനവളെ ഏറെ ഓമനിച്ചു" വളർത്തീതാ—അവളുടെ അമ്മ ഇന്നും താപ്പകൽ കരച്ചിലോടു് കരച്ചിലാ"

"അതുപിന്നെ ഇല്ല്യാണ്ടിരിക്കോ സാറെ. നൊന്തുപെറ്റ തള്ളക്കു് വേദനയില്ലാതിരിക്കോ?"

നായർ ഗ്ലാസ്സെടുത്തു് ഒരിറുക്കു കൂടി ച്ചിട്ടു പറഞ്ഞു.

"അവൾ ഇപ്പോൾ ടാക്സിയിലാണത്രെ വരുന്നു് പോക്കു്. പാക്കുന്നതു് വാരികപ്പുതയിലും. അതൊക്കെ കേൾക്കുമ്പോൾ നാരായണാ, മനസ്സിനൊരു വിഷമം"

അതില്ലാതിരിക്കൊ സാറെ. സത്യം പറഞ്ഞാ നമ്മുടെ പത്രാധിപർ കാമിനിയെ ഒന്നു "അഭിമുഖം" ചെയ്യണമെന്നു് പറഞ്ഞതാ. പിന്നെ സാറെന്തു കരുതുമെന്നു നിനച്ചു് ആ സാഹസത്തിനു് മുതിഞ്ഞില്ല." നാരായണൻ ചിരിച്ചു.

അല്പനേരം നായർ എതിരിഞ്ഞുകൊണ്ടിരിക്കുന്ന ചുമരിലേക്കു് നോക്കിയിരുന്നു. ഏതാനും നിമിഷങ്ങൾക്കു് മുമ്പു് മാലോകരുടെ മുമ്പിൽവെച്ചു് മിസ് കാമിനി തള്ളിപ്പറഞ്ഞ, കുറച്ചെട്ടുത്തിയ നായരുടെ ഈ കരണം മറിച്ചിൽ നാരായണനു് സുപരിചിതമായിരുന്നു.

ഇരുട്ടു മുഖങ്ങളും വ്യത്യസ്ഥവ്യക്തിത്വവും പുലർത്തുന്ന ഒരു വിചിത്രമനുഷ്യനാണു് നായരെന്നു് നാരായണനറിയാം. നായരുടെ ഉള്ളു് സാഗരത്തിന്റെ ഇരുണ്ട ഞെ അടിത്തട്ടുപോലെയാണു്. പ്രകാശരേഖകൾ കടന്നുചെല്ലാനാകാത്ത അഗാധത. മനുഷ്യനു് ഊളയിട്ടു് ചെല്ലാനാകാത്ത അഗാധത.

തനിയ്ക്കുന്താണു്. വയറുപിഴപ്പിന്റെ കാര്യം. പാദസേവ ചെയ്യാതാക്കമോ?

"നാക്കാണൊ" നായർ വിളിച്ചു

"എന്താ സാറെ?"

"നീയ്യൊരു കാര്യം ചെയ്യു്. രഹസ്യമാകണം. ഞാൻ പറഞ്ഞിട്ടാണെന്നു് ഒരു മനുഷ്യജീവിയും അറിയരുതു്."

നാരായണൻ നന്നായി ചിരിച്ചു.

"അതിനർത്ഥം സാറിനറിയാവുന്ന വിശ്വാസമില്ലേ?"

നായർ ചിരിച്ചു.

"നീ പോടാ.. എടാ.. നീ പോയി അവളെ കാണു്. അവൾ ഒറക്കാകുമ്പോൾ പറയു്, കാമിനിനിലയം ഇപ്പോഴും അവളുടേതാണെന്നു്. അവളുടെ പ്രിയപ്പെട്ട പട്ടി ഇപ്പോഴും അവൾ ചെയ്യുന്ന ഭരണികൾ പൊളിക്കാൻ തയ്യാറാണെന്നു് പറ. അവളൊരു കാര്യം ചെയ്താൽ മതി. അപ്പായ കടലാസ്സിൽ ആ കോന്തനുമായി ഒരു ബന്ധവുമില്ലെന്നു് നിന്റെ കൈയ്യിൽ എഴുതിതന്നാൽ മതി. വളരെ ടിക്കിൽ വേണം നാരായണാ കാര്യങ്ങൾ പറയാൻ. മനസ്സിലായൊ?" നാരായണൻ തലയാട്ടി.

തുടർന്നു് നായരും നാരായണനും ഒപ്പം പുഞ്ചിരിതൂകി അവരവരുടെ ഗ്ലാസ്സുകളെടുത്തു.

* * *

കാമിനിയുടെ നിർമ്മാതാക്കളിൽ ചിലർ നായരുടെ ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങി കൊടുത്തില്ല. ആറായിരവും ഏഴായിരവും അടി എട്ടുന്ന പടങ്ങൾ തകരപ്പെട്ടികളിലാക്കി ഇരുട്ടുമുറികളിലേക്കു് എറിയണമെന്നോ? ആ പടങ്ങളിൽ കാമിനി അഭിനയിക്കുന്നു എന്നതാറ കാരണം മൂലം!

"പിടിച്ച പടത്തിന്റെ ചിലവു് തന്നാൽ പോരെ?"

മധുസൂദനൻ ചിലരോടു് നയത്തിൽ ചോദിച്ചു.

"അച്ഛനും മോളും തമ്മിലുള്ള വഴക്കു് തികച്ചും വ്യക്തിപരം. അതിൽ ഞങ്ങളും ഞങ്ങളുടെ പടങ്ങളും എന്തുപിഴച്ചു?"

മധുസൂദനൻ ആവിവരം റിപ്പോർട്ടു് ചെയ്തപ്പോൾ നായർ അതുകേട്ടു് അർത്ഥഗർഭമായി തല കുലുക്കി, തെല്ലുനേരം ആലോചിച്ചിരുന്ന നായർ മധുസൂദനന്റെ കാതിൽ എന്തൊ പിറുപിറുത്തു.



കാമിനിയുടെ നിർമ്മാണത്തിലിരിക്കുന്ന ഏഴുപടങ്ങളിലെ ഹീറോ ആണു് സുരേഷ്കുമാർ. ഇന്നേവരെ അഭിനയിച്ചിട്ടുള്ള മുപ്പത്തുശതമാനം പടങ്ങളിലെ നായകനും സുരേഷ്തന്നെ. കാമിനി–സുരേഷ് ടീം പ്രേക്ഷകർക്കു് എന്നുമൊരു ഉന്മാദമാണു്. പ്രേക്ഷകർ തിയറ്ററുകളിൽ തള്ളിക്കയറുന്നു. കറകളഞ്ഞ ആത്മാർത്ഥത അവരുടെ അഭിനയത്തിൽ അന്തർലീനമായിരിക്കും. അഭിനയിക്കുകയല്ല, പ്രത്യുത്താ. ജീവിക്കുകയാണെന്ന അനുഭൂതി കാണികളിൽ ജനിപ്പിക്കും. ഇതിനൊക്കെ പുറമെയാണു് ഒരിക്കൽ ഒരു കൊട്ടകാറിന്റെ ശക്തിയോടെ ആഞ്ഞുവീശിയ കാമിനി–സുരേഷുമാരുടെ റൊമാൻസു്—വിവാഹിതരായെന്ന കിംവദന്തികൾ. ഏഴു് ചടങ്ങുകളിലും അവരൊരുമിച്ചു് പ്രത്യക്ഷപ്പെട്ട ജനങ്ങൾ അവരുടെ പടങ്ങളെ പൂജിച്ചു. പ്രത്യേകിച്ചും കോളേജു് വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും. സുരേഷ് സിനിമയോടു് ബന്ധമില്ലാത്ത ഒരു പെൺകിടാവിനെ വിവാഹംകഴിച്ചെങ്കിലും ഇന്നും കാമിനി–സുരേഷ് ടീം വിജയത്തിൽനിന്നു് വിജയത്തിലേക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. വിതരണക്കാരും ഫിനാൻഷ്യേഴ്സും ആദ്യംപോദിക്കുക പടത്തിൽ കാമിനിയും സുരേഷും അഭിനയിക്കുന്നുണ്ടോ എന്നാണു്. നിർമ്മാതാക്കൾ അവരുടെ പിറകെ കരാർപത്രങ്ങളും ഉൻകൂർ ഉകയുമായി പാഞ്ഞുനടക്കുകയാണു്.

കാരണം മുടക്കിയ മുതൽ അതിന്റെ പത്തിരട്ടിയും അതിന്റെ പലിശയുമടക്കംതിരിച്ചുകിട്ടുമെന്നു് അവർക്കറിയാം,

സുരേഷിന്റെ കൊപ്പനായകം നഗരിലുള്ള ബങ്കളാവു്. കാറാടിമരങ്ങളും, പുല്ലുവച്ചുപിടിപ്പിച്ച ലോണുകളും, വിവിധ ഉദ്യാനങ്ങളുടേയും പക്ഷികളുടേയും മാതൃകകളിൽ കത്രിച്ചുനിർത്തിയ ലതാനികുഞ്ജങ്ങളും മണൽവിരിച്ച നടപ്പാതകൾ. മുന്നിൽ ജലധാര—

ബങ്കളാവിന്റെ അടച്ചിട്ട ഗെയിററിന്റെ മുമ്പിൽ ഒരു ബെൻസ്കാർ വന്നുനിന്നു് ഹോണടിച്ചു. ഗൂർഖാ ഓടിച്ചെന്നു സലാംചെയ്തു് ഗെയിററു് ഉറന്നു.

സുരേഷും ഭാര്യയും കുഞ്ഞുമോനെ കളിപ്പിച്ചുകൊണ്ടു നിക്കുകയായിരുന്നു. കാൽക്കൽ മണപ്പിച്ചു ഓടിനടക്കുന്ന പെർമെനൃൻനായ്ക്കുട്ടികൾ.

തിരക്കുപിടിച്ച ഒരു സിനിമാനടനു് അപൂർവ്വമായിലഭിക്കുന്ന ഏകാന്തമായ അനർഘനിമിഷങ്ങൾ സുരേഷ്ദമ്പതികൾ ആസ്വദിക്കുകയായിരുന്നു.

കാറിൽവന്നവർ നിർമ്മാതാക്കളാകുമെന്നു് അവർകരുതി. പക്ഷെ, പോർട്ടിക്കോവിൽനിന്ന കാറിന്റെപിറകിലെ ഡോർതുറന്നു് ഇറങ്ങിയ വ്യക്തിയെ സുരേഷ് തിരിച്ചറിഞ്ഞു മിസ്റ്റർനായരുടെ സിക്രട്ടറി; മധുസൂദനൻ.

"ഹലോ" സുരേഷ് അഭിവാദ്യംചെയ്തു

സുരേഷു് മധുവിനെ ഭാര്യയ്ക്കു് പരിചയപ്പെടുത്തി.

"സോഫ്ട് ഓർ ഹോർട്ട്?" സുരേഷ് തിരക്കി.

"സോഫ്ട്" മധു ചിരിച്ചുകൊണ്ടു് പറഞ്ഞു.

മിസ്സിസ് സുരേഷ് കുട്ടിയെ എടുത്തു് അകത്തേക്കു് പോയി.

"ഇന്നു ഷൂട്ടിങ്ങു് ഇല്ലെ?" മധുസൂദനൻ ചോദിച്ചു.

"ഉവ്വു്. ഉച്ചതിരിഞ്ഞു് രണ്ടുമണിക്കു് കർപ്പകത്തിൽപോകണം."

രണ്ടുഗ്ലാസ്സുകളിൽ ഓറഞ്ച്സ്കാഷ്വന്നു.

"ഐസ്?"

"രണ്ടുക്ഷണം" സുരേഷ് ഐസ്ബക്കററിൽനിന്നു് രണ്ടു ഐസ്ക്യൂബ്സ് വീതമെടുത്തു് ഗ്ലാസ്സുകളിലിട്ടു.

"ചിയേഴ്സ്"

ഗ്ലാസ്സുകളുയർന്നു. ക്ലൂട്ടിമുട്ടി. ചുണ്ടുകളോടടുത്തു.

സുരേഷ് കാമിനിയെക്കുറിച്ചു് എന്തെങ്കിലും പറയുമെന്നു് മധു പ്രതീക്ഷിച്ചു പക്ഷെ. സുരേഷിന്റെ ഭാഗത്തുനിന്നു് മനഃപൂർവ്വമായ നിശ്ശബ്ദതയണ്ടായതു് സുരേഷ് തികഞ്ഞ നിഷ്ക്ഷത്രപാലിക്കയാണെന്നറിയാം.

ഒടുവിൽ മധുസൂദനൻ പറഞ്ഞു.

"നായർസാർ എന്നെ പ്രത്യേകമായി ഒരു ദൌത്യത്തിൽ പറഞ്ഞയച്ചതാണു്."

സുരേഷ് സിഗററ്പേക്കറ്റ് നീട്ടി. മധു ഒരെണ്ണമെടുത്തു ചുണ്ടത്തുവച്ചു. ലൈററർകത്തിച്ചു് ഇരുവരും സിഗററ്കൊളുത്തി.

"പ്രത്യേകിച്ചൊന്നുമില്ലല്ലൊ?" പുകകൊണ്ടു് വളയങ്ങൾസൃഷ്ടിച്ചു് സുരേഷ് ചോദിച്ചു.

മധു മന്ദഹസിച്ചു ഗ്ലാസ്സെയത്തി ഒരിറക്കു് കുടിച്ചു താഴെവച്ചു

"അങ്ങനെ പ്രത്യേകിച്ചൊന്നുമില്ല. എന്നാലുണ്ടുതാനും." മധുവിന്റെ ചുണ്ടിൽ ഒരു കള്ളച്ചിരി.

"ഓ, ഐസി" സുരേഷ് വാച്ചിലേക്കു് നോക്കി.

"ധൃതിയൊന്നുമില്ലല്ലൊ?"

"പറയൂ എന്താണു് കാര്യം. ഞങ്ങൾക്കു് ഒരു ഷോപ്പിംഗിനു പോകാനുണ്ടു്"

"അയാം സോറി. മിസ്സ് കാമിനി താങ്കളൊത്തു് കഷ്ടിച്ചു് ഒരു ഡസൻ പടങ്ങളിൽ അഭിനയിക്കുന്നുണ്ടല്ലൊ."

സുരേഷിന്റെ നെററി ചുളിഞ്ഞു.

"അത നു്?

"എന്റെ ബോസ് ഒരു പുതിയ പ്രൊഡക്ഷൻ കമ്പനി ഫ്ളോട്ട് ചെയ്യുന്നുണ്ടു്; തിരുപ്പതി ഫിലിംസു്"

സുരേഷ് മധുവിന്റെ മുഖത്തേക്കു നോക്കിയിരുന്നു; പറയാനുള്ളതെല്ലാം പറയുകെന്നമട്ടിൽ.

മധു തുടർന്നു

"ഞങ്ങളുടെ പടത്തിന്റെ ടൈററിൽ "പേപടിച്ച മനിതൻ" എന്നാണു്."

സുരേഷ് ചിരിച്ചുകൊണ്ടു അഭിപ്രായപ്പെട്ടു.

"വളരെ അർത്ഥവത്തായ ടൈററിൽ"

സുരേഷിൽനിന്നും പ്രോത്സാഹനം ലഭിച്ചപ്പോൾ മധുസൂദനനു് ഉത്സാഹമായി.

"താങ്കളെ ഹീറോ ആക്കാനാണു് നായർസാറിന്റെ ആശ"

"അയ്നെന്താ മിസ്റ്റർ മധുസൂതനൻ. ടേംസ് ആൻറ് കണ്ടീഷൻ അനുകൂലമാണെങ്കിൽ ആവാമല്ലൊ. അതിനെന്താ വിരോധം" ഒന്നു നിറുത്തിക്കൊണ്ടു് സുരേഷ് തിരക്കി.

"അപ്പോൾ നായിക?"

"സുജാത. നായർസാറിന്റെ രണ്ടാമത്തെ മകൾ താങ്കളെപ്പോലുള്ള ഒരു എസ്റ്റാബ്ളിഷ് ഹീറോവിന്റെ കൂടെ അഭിനയിക്കുന്നതു് ഒരു പുതുമുഖത്തിനും എന്തുകൊണ്ടും നല്ലതാണല്ലൊ."

സുരേഷ് മന്ദഹസിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല നായികയെ ഇഷ്ടമായില്ലെന്നു് മധുസൂദനൻ ഗ്രഹിച്ചു. അതാണല്ലൊ ഈ മൗനം. മധുസൂദനൻ വളരെ തന്ത്രപരമായി നീങ്ങി.

"നായർ സാർ ആഗ്രഹിക്കുന്നതു് ശുപാർശയാണു്. പ്രതിഫലം തുച്ഛം. വൈറ്റിൽ എത്തുവേണം, ബ്ളാക്കിലെത്തുവേണം. അതൊക്കെ താങ്കളുടെ ഇഷ്ടം" സുരേഷ് പറഞ്ഞു.

"എനിക്കു് വൈറ്റ്മണിയോടാണു് പ്രിയം. സർക്കാരിനുള്ളതു് സർക്കാരിനു് കൊടുത്താൽ എനിക്കു് സൈ്വരമായിരിക്കാലൊ"

"പക്ഷേ, ഒരു കണ്ടീഷൻ—?"

സുരേഷ് അയാളുടെനേക്കു നോക്കി.

മധു സിഗററു് അഷ്ട്രേയിലിട്ടു് കുത്തിക്കെടുത്തിക്കൊണ്ടു പറഞ്ഞു.

"താങ്കളും കാമിനിയും നടിക്കുന്ന പടങ്ങൾക്കു് തിയ്യതികൾ കൊടുക്കരുതു്. ബാക്കി കാര്യം ഞങ്ങളേറ്റു."

സുരേഷിന്റെ മുഖഭാവം മാറി. തന്നെ വിലയ്ക്കുവാങ്ങാനുള്ള ശ്രമമാണൊ? കാമിനിയുടെ കരിയർ നശിപ്പിക്കാനുള്ള വട്ടമാണു്. മകളെ ഉന്മൂലനാശംചെയ്യാൻ സ്വന്തം തന്ത ഒരുമ്പെടുന്നു. കാമിനി തനിക്കെന്തു് കുറവാണു് ചെയ്തിരിക്കുന്നതു്? കാമിനിയെ പിണക്കുന്നതു് സ്വന്തം നിലനില്പുതന്നെപോലും അപകടകരമാണു്. ഇരേജിനു് ഭംഗംവരും. അതുമല്ല, താൻ കാമിനിയെ തഴഞ്ഞുവെന്നറിഞ്ഞാൽ അവരുടെ ആരാധകർ പൊറുക്കയില്ല. കഴിവുറ ഒരു നടനെ തേജോവധംചെയ്യാൻ ഞാൻ പങ്കാളിയാവുകയില്ല.

സുരേഷിന്റെ നിശ്ശബ്ദതകണ്ട മധുസൂദനൻ പറഞ്ഞു.

"പ്രതിഫലം പോരെങ്കിൽ നായർസാർ ഏഴുലക്ഷംവരെ തരാൻ തയ്യാറാണു""

"മിസ്റ്റർ നായർ എന്നെ വിലയ്ക്കുവാങ്ങാൻ ശ്രമിക്കുകയാണോ? സുരേഷിന്റെ പരുഷമായ വാക്കുകൾ നയതന്ത്രജ്ഞനായ മധുവിനെ കുലുക്കിയില്ല.

"താങ്കൾ തൊഴിലുരിക്കുകയാണു്മിസ്റ്റർ സുരേഷ്""

"സോറി മിസ്റ്റർ മധുസൂദനൻ മിസിസ്സ് കാമിനി സേതു എനിക്കൊരുതെററും ചെയ്തിട്ടില്ല അവരെന്റെ വളരെ നല്ല സഹപ്രവർത്തകയാണു്. മിസ്റ്റർ നായർ ഏഴിനു പകരം എഴുപതുലക്ഷം തന്നാലും എന്നെ

(ശേഷം 48–ൽ)

ക്ഷീണത്തോടെ ലാവണ്യയുടെ ഭർത്താവു നടന്നു—

രാത്രി തീരുകയാണല്ലോ, അയാൾ ആവലാതിപ്പെട്ടു. പാതകൾ പിന്നെയും നീളുകയാണു്. പാതയിൽ ആളുകളില്ല. ഇരുവശത്തുമുള്ള പീടികകളിലും കാര്യാലയങ്ങളിലും ഇരുട്ടു കൂടുതൽ ഇരുണ്ടു.

അങ്ങിനെ നടക്കുമ്പോഴാണു് പാതയരികിലെവിടെയോ ഒരു നേരിയ ശബ്ദം കേട്ടതു്. ആരോ കിതയ്ക്കുന്നപോലെ.

ധർമ്മപുരാണം പതിനെട്ടു്

സ്വപ്നത്തിന്റെ നിമിഷം

"ആരാണതു്?" വാതസേനൻ ചോദിച്ചു.

കിതപ്പു് ഒരുനിമിഷംനിന്നു. പിന്നെ നിയന്ത്രിക്കാനാവാഞ്ഞിട്ടെന്നോണം അതു തുടർന്നു.

"ആരാണതു്?"

വാതസേനൻ തിരഞ്ഞു. വഴിവക്കിലെ ചവറുകൂമ്പാരത്തിന്റെ പിന്നിൽനിന്നാണു് ആ ശബ്ദം വന്നതു്. ചവറുകൂമ്പാരത്തിനു പിന്നിൽചെന്നു നോക്കിയപ്പോൾ അയാൾ കണ്ടതു് അവിടെ പതുങ്ങിയിരുന്ന ഒരു പെൺകുട്ടിയെയായിരുന്നു. പന്ത്രണ്ടോ, പതിമൂന്നോ വയസ്സിൽ കൂടുതലാവാത്ത സുന്ദരിയായ ഒരു പെൺകുട്ടി. അവൾ നിയന്ത്രണമില്ലാതെ കിതച്ചു

"അയ്യോ, കഞ്ഞേ", വാതസേനൻ പറഞ്ഞു, "നിന്റെ ഉടുപുടയെല്ലാമെവിടെ?"

"അമ്മാവാ", അവൾ കിതച്ചു. "അമ്മാവൻ എന്നെ രക്ഷിയ്ക്കണം. അമ്മാവനും വേണമെങ്കിൽ എന്നെ ബലാസംഗംചെയ്തുകൊള്ളു."

വാതസേനന്റെ തളർന്ന കാലുകൾ പാടേ കുഴഞ്ഞു. അയാൾ അവിടെ ചവറുകൂമ്പാരത്തിനു സമീപം നിലത്തിരുന്നു.

"അയ്യോ, മകളേ", അയാൾ പറഞ്ഞു.

"അമ്മാവാ", അവൾ പറഞ്ഞു, "ഞാൻ ചെറുക്കില്ല. ഞാൻ അമ്മാവനെ മുറിപ്പെടുത്തുകയുമില്ല; എന്റെ ഉണികൾ വലിച്ചുചീന്തേണ്ട ബുദ്ധിമുട്ടും ഇപ്പോൾ അമ്മാവനില്ലല്ലോ: അമ്മാവൻ എന്നെ രക്ഷിച്ചാൽമാത്രം മതി."

നഗ്നമായ ആ ഉടലിന്റെ തരളപ്രസാദം നക്ഷത്രങ്ങളുടെ വെട്ടത്തിലും വാതസേനനു കാണാമായിരുന്നു. മുലകൾ പൊടിയുന്നേയുള്ളു. നിർദ്ദോഷമായ തുടകളിലൂടെ ഒഴുകിയ ചോരക്കട്ടകെട്ടിയിരുന്നു.

"അയ്യോ, എന്റെ മകളേ", വാതസേനൻ പിന്നെയും പറഞ്ഞു.

"അമ്മാവാ എന്നെ രക്ഷിയ്ക്കണം."

ആ ചോരയിൽനിന്നു കണ്ണെടുത്തു് വാതസേനൻ വീണ്ടും അവളുടെ മുഖത്തേയ്ക്കു നോക്കി. അവളുടെ കവിളുകളിൽ കൈപ്പടങ്ങളമർത്തി മുഖത്തെ തന്റെ മുഖത്തോടടുപ്പിച്ചു് മൂർദ്ധാവിൽ വാത്സല്യത്തോടെ ഉമ്മവെച്ചു.

"അമ്മാവൻ എന്നെ ഭോഗിച്ചുകൊള്ളൂ", അവൾ പറഞ്ഞു. "രതി ഒരു മന്ത്രമല്ലേ" എന്നിപ്പോഴിണ്ടുകൂടെ. ഞാൻ ഋതുമതിയായിട്ടില്ല. ഈ ചോര ബലാൽസംഗത്തിന്റേതാണു്."

വാതസേനന്റെ ഉടലു വിറപൂണ്ടു.

"അമ്മാവൻ വിഷമിയ്ക്കയാണോ?" അവൾ പറഞ്ഞു. "വിഷമിയ്ക്കരുതു്. എനിയ്ക്കിനി വേദനിയ്ക്കില്ല."

തന്റെ മേലങ്കിയെടുത്തു് വാതസേനൻ അവളെ പുതപ്പിച്ചു. എന്നിട്ടു് അവളെ വാരിയെടുത്തു് മടിയിലിരുത്തി.

"മകളേ", അയാൾ ചോദിച്ചു, "ആരാണു് നിന്നെ ബലാൽസംഗം ചെയ്തതു്?"

ഒരു അവളെ വീണ്ടും ഉലച്ചു.

"എനിയ്ക്കു പറഞ്ഞുകൂടാ, അമ്മാവാ—"

"പറയൂ."

വാതസേനൻ നക്ഷത്രങ്ങളിലേയ്ക്കു നോക്കി. നക്ഷത്രങ്ങൾ അസ്വസ്ഥകേയാണു്. നക്ഷത്രങ്ങൾക്കപ്പുറത്തു് അന്ധമായ ഒരുഷസ്സു് കാത്തുകിടന്നു. അടിമയുടെ രാത്രി അവസാനിയ്ക്കുന്നല്ലോ.

"വേഗം പറയൂ, കഞ്ഞേ—"

അവൾ വാതസേനന്റെ മടിയിലിരുന്നു് മനഞ്ഞൊട്ടാഞ്ഞു് വീണ്ടുമൊരു കുഞ്ഞായി. മെല്ലെനീട്ടി വാതസേനന്റെ മുടിച്ചുരുളുകൾ വിരലുകളിൽ ചുറ്റിക്കളിച്ചു.

"പറയാം", അവൾ പറഞ്ഞു.

"ആരാണു നിന്നെ ബലാൽസംഗം ചെയ്തതു?"

"പോലീസുദ്യോഗസ്ഥർ പിന്നെ, തൊഴിലാളികൾ."

"തൊഴിലാളികളോ? എന്തിനു്?"

അവൾ അയാളെ അള്ളിപ്പിടിച്ചു.

"അമ്മാവാ", അവൾ പറഞ്ഞു, "അമ്മാവൻ എന്നെ അവയ്ക്കു പിടികൊടുക്കില്ലെന്നു് സത്യംചെയ്യു."

വാതസേനൻ അവളുടെ കവിളും കഴുത്തും തലോടി. നിനക്കു പനിയ്ക്കുന്നല്ലോ, വാതസേനനോർത്തു. സുന്ദരനെപ്പോലെ പനിയ്ക്കുന്നല്ലോ.

"പേടിയ്ക്കരുതു്", അയാൾ പറഞ്ഞു. "തൊഴിലാളികളാണോ ഇപ്പോൾ നിന്നെപ്പിടിയ്ക്കാൻവരുന്നതു്?"

"തൊഴിലാളികളും പോലീസുമടക്കം."

"എന്തിനു തൊഴിലാളികൾ?"

ഒ. വി. വിജയൻ

"എനിയ്ക്കറിഞ്ഞുകൂടാ, അമ്മാവാ. എന്റെ കളിച്ചങ്ങാതിമാരായ രണ്ടുകുട്ടികളെ അവർ നേരത്തെ പിടിച്ചു. പ്രായമായവരെയും സ്ത്രീയേയും. അവരെ കയറിയെച്ചുകഴിഞ്ഞിരിക്കണം."

"കയറിയെയ്ക്കുകയോ? കുട്ടികളെയോ?" അയാൾ ചോദിച്ചു.

"അതെ."

"ദൈവമേ, എനിയ്ക്കിതു മനസ്സിലാകുന്നില്ലല്ലോ. അതിരുകളിൽ കാവൽനില്ക്കുന്ന പട്ടാളക്കാർക്കാക്രാന്തമെന്നെ ഇതിനെക്കുറിച്ചു് അറിവില്ല."

"എനിയ്ക്കറിയുന്നതു ഞാൻ പറഞ്ഞുതരാം, അമ്മാവാ", അവൾ പറഞ്ഞു. "കുറച്ചുകാലംമുമ്പുമുതൽ ഭരണകൂടവും വ്യവസായികളും ശവങ്ങളെ കയറി

ധർമ്മപുരാണം

യയച്ചുതുടങ്ങിയിരുന്നെന്നു" ആളുകൾ പറയുന്നു. ക്ഷാമങ്ങളിൽ ചാവുന്നവരുടേയും ആശുപത്രികളിൽ ചികിത്സ കിട്ടാതെ ചാവുന്നവരുടേയും ശവങ്ങൾ, മുതിർന്നവരുടെ ശവങ്ങൾക്കുമാത്രമേ വ്യവണിയുണ്ടായിരുന്നുള്ളൂ. കുട്ടികളെ പ്രായേണ വെറുതേവിട്ടിരുന്നു. എന്നാൽ ഈയിടെയായി അവർ കുട്ടികളിൽ സാമാന്യം മുതിർന്നവരെ നായാടാൻതുടങ്ങിയിരിക്കുന്നത്രേ. കാരണം, പുതിയ വിപണികൾ ഉണ്ടായിത്തീർന്നിരിക്കയാണത്രെ—"

കിതപ്പു വീണ്ടും വരികയാൽ അവൾ നിർത്തി. ആകാംക്ഷയോടെ വാതസേനൻ അസ്വസ്ഥികരമായ നക്ഷത്രങ്ങളിലേയ്ക്കു നോക്കി.

"പറയൂ, മകളേ—"

"എന്റെ പേർ നിശ്ചലയെന്നാണു", അമ്മാവാ. എനിയ്ക്കു" അച്ഛനമ്മയുമില്ല. സാത്വികരായ മുനിമാർ നടത്തുന്ന ഒരനാഥാലയത്തിൽ താമസിക്കുന്ന പെൺകുട്ടികളാണു" ഞങ്ങൾ—"

"മുനിമാരെവിടെ?"

"ഉത്തരകാശിൽ. രാജ്യദ്രോഹത്തിനു"—"

"പറയൂ—"

"മുനിമാരെപ്പിടിച്ചുകൊണ്ടുപോയശേഷം അവർ ഞങ്ങളുടെ അനാഥാലയം കയ്യേറി."

"ആരു"?"

"പോലീസുദ്യോഗസ്ഥരും തൊഴിലാളികളും. ദാരിദ്ര്യനിർമ്മാർജ്ജനപരിപാടി നടപ്പിലാക്കാനാണു" അനാഥാലയം കയ്യേറിയതു" എന്നു" അവർ പറഞ്ഞു. ഈ വിധത്തിൽ ദാരിദ്ര്യമകറ്റാൻ പറ്റുമോ, അമ്മാവാ?"

"എനിക്കറിഞ്ഞുകൂടാ. കുഞ്ഞേ."

"സാമ്രാജ്യത്വത്തിന്റെ നഴഞ്ഞുകയറ്റം എന്താണു", അമ്മാവാ?"

"എനിക്കറിഞ്ഞുകൂടാ, കുഞ്ഞേ."

"സാമ്യവാദം നടപ്പാക്കാനായി ബലാൽസംഗം ചെയ്യാമോ, അമ്മാവാ?"

"എനിയ്ക്കറിഞ്ഞുകൂടാ, കുഞ്ഞേ."

"അമ്മാവാ, അമ്മാവൻ ബലാൽസംഗംചെയ്തിട്ടുണ്ടോ?"

"ദൈവമേ!"

ഓർത്തുപോവുന്നു. നക്ഷത്രങ്ങളുടെ അസ്വസ്ഥമയം പുരത്തിയ ആകാംക്ഷയിലും അത്രയും മനസ്സിൽ തെളിഞ്ഞു. ധർമ്മപുരിയുടെ കടലോരപ്രവിശ്യയായ പ്രസന്നപുരിയെ പോർത്തുഗീസുകോയ്മയിൽനിന്നു മോചിപ്പിയ്ക്കാനായി ചെന്ന ധർമ്മപുരിസേനയിൽ താനുമുണ്ടായിരുന്നു. സഹോദരങ്ങളായ മനുഷ്യരെ മോചിപ്പിയ്ക്കാൻചെന്നതാണു". എന്നിട്ടും ഭയന്നനിൽക്കുന്ന പെണ്ണുങ്ങളെക്കണ്ടപ്പോൾ അവരെ ബലാൽസംഗംചെയ്യുപോയി ബാഗ്ദാദിൽ പാക്കിസ്ഥാൻ ഭടന്മാർ ബലാൽസംഗംനടത്തി. നാസികൾ റഷ്യയിലും റഷ്യക്കാർ ജർമ്മനിയിലും ബലാൽസംഗംനടത്തി. എവിടെയും ഈ ബലാൽസംഗങ്ങളുടെ പിന്നിൽ തോക്കിന്നിരയായി ഉഴിഞ്ഞുവെച്ച പട്ടാളക്കാരന്റെ ദിനതയാണു". അവനിൽ നിർദ്ദോഷിത്തമാണു". അവനെ പടക്കളത്തിലേക്കയയ്ക്കുന്നവരുടെ തീരാപ്പാതകമാണു". വാതസേനൻ അസ്വസ്ഥനായി.

"അമ്മാവാ, ഞാൻ അമ്മാവനെ എന്തെങ്കിലുംപ്രകാരം വേദനിപ്പിച്ചുവോ?" നിശ്ചല ആവലാതിപ്പെട്ടു.

"ഇല്ല. എന്റെ കുഞ്ഞുതുരു," വാതസേനൻ പറഞ്ഞു.

"ഞാൻ തുടരുന്നു," അവൾപറഞ്ഞു. "അങ്ങിനെ ഞങ്ങളുടെ ആശ്രമംകയ്യേ

(ശേഷം 41 – ൽ)

നേരത്തേ ഊണുകഴിച്ചു" ടെറസിന്മേൽ ചെന്നിരിക്കാമെന്നു" അഭിപ്രായപ്പെട്ടതു" പിള്ളതന്നെയാണു".

"മാമൻ നേരത്തെവന്നപ്പഴേ ഞാൻ വിചാരിച്ചു, ഇതായിരിക്കും പരിപാടിയെന്നു". ഒരു കഴപ്പുമേയുള്ളൂ. ഊണുകഴിഞ്ഞു" തുടങ്ങിയാൽ മാമനും ഗ്രാൻചായും പിന്നെ നിറുത്തത്തില്ല. രണ്ടാളും കണ്ടീഷനാവും. അവിടെത്തന്നെ ഇരുന്നാറട്ടും. മഞ്ഞു കൊള്ളും. പനിപിടിക്കും. പിന്നെ മരുന്നു", മന്ത്രം, ഗ്ലൂക്കോസ്, സിറപ്പു"—"

"എന്നാലും ഞാൻ നാളെ യാത്രപുറപ്പെടുകയല്ലേ മല്ലി?" ക്ഷമാപണത്തിന്റെ ശബ്ദത്തിലാണു" പിള്ള പറഞ്ഞതു". "അതുകൊണ്ടു" നമുക്കുകൂടിയിരുന്നു" വർത്തമാനം പറയാം."

"ഇനി, ഞങ്ങളെന്തിരുപറഞ്ഞെന്നുവേണ്ട," മല്ലിക പറഞ്ഞു. "നിങ്ങടെയൊരക്കയിഷ്ടം."

അങ്ങനെയാണു", നിലാവിന്റെ ചുവട്ടിൽ ടെറസിന്മുകളിൽ, നാലാളും കൂടിയതു". നിറഞ്ഞ നിലാവിൽ ഒരു തുരുത്തുപോലെ ആയിരുന്നു ടെറസ്". ചുറ്റിലും അവിടവിടെയായി വീട്ടുകളിലെയും തെരുവുകളിലെയും വിളക്കുകൾ കണ്ടു തെങ്ങിൻ കൂട്ടങ്ങളും വീട്ടുകളും പ്രതിമാ ശില്പങ്ങൾപോലെ നിലാവെട്ടത്തിൽ ഉയർന്നുനിന്നു. ദൂരെ കടൽ കാണാമായിരുന്നു കടലിന്റെ ഇരമ്പവുമായി കരേറിവന്ന കാറ്റ" അവരെ തട്ടിത്തഴുകി, ചുറ്റിപ്പററിനിന്നു.

"നല്ല സുഖം," അംബിക പറഞ്ഞു; "എത്രനേരംവേണമെങ്കിലും ഇങ്ങനെ ഈ നിലാവും ഈ ലോകവും കണ്ടുകൊണ്ടിരിക്കാം."

"ഇരിക്കാമിരിക്കാം," മല്ലിക ഉടക്കി. "സുഖമൊക്കെത്തന്നെ. പക്ഷേ കുറേനേരമിരിക്കുമ്പോ വിവരമറിയും. കുമയും ഇക്കിളും രാസനാദിപൊടിയുമായി നടക്കാം."

"എന്നാലും വേണ്ടില്ല," അംബിക തിരിച്ചടിച്ചു; "ഈ സുഖം അനുഭവിച്ചിട്ടല്ലേ കുമയ്ക്കുന്നതു"? സാരമില്ല." അവൾ മടിയിലിരുന്ന മുയല്ക്കുട്ടിയെ തലോടി.

പിള്ള ഗ്ലാസ്സുകൾ നിറയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ടു" അവരുടെ തർക്കം ശ്രദ്ധിച്ചില്ല. ലഫ്. കേണൽ മേനോൻ

ഈനാംപ്പുള്ളുടെ ലോകം 20

തന്റെ ചുരുട്ടിനു തീപിടിപ്പിക്കുകയായിരുന്നു.

മല്ലികയും അംബികയുമാണു" ഏറെ സംസാരിച്ചതു". മഞ്ഞിനെക്കുറിച്ചുള്ള തർക്കം കഴിഞ്ഞു" അവർ പെയിന്റിങ്ങിനെക്കുറിച്ചും സിനിമയെക്കുറിച്ചും സുദേവനെക്കുറിച്ചുമൊക്കെ സംസാരിച്ചു.

പിള്ള ഇടയ്ക്കിടെ അവരുടെ സംസാരത്തിൽ പങ്കെടുക്കാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായി അതിൽ മുഴുകാൻ അയാൾക്കു കഴിഞ്ഞില്ല. അയാളുടെ മനസ്സു" ഒരു താ



കാക്കനാടൻ

ക്കിളിയെപ്പോലെ ടെറസ്പിടിച്ചു പറന്നകന്നുപോയി. അതു വേറെ ഏതോ നിലാവുകളിൽ അലയുകയായിരുന്നു. വേറെ നിലാവുകൾ. വേറെ കടലുകൾ. വേറെ ടെറസുകൾ. മറ്റൊരുഗ്രഹത്തിലാണു താനെന്നു" അയാൾക്കുതോന്നി. മറ്റുള്ളവരുടെ സംസാരത്തിന്റെ ശബ്ദം കടലിന്റെ ഇരമ്പംപോലെയോ മരച്ചില്ലകളിൽ കാറ്റുണ്ടാക്കുന്ന സംഗീതംപോലെയോ അർത്ഥശൂന്യമായി അയാളുടെ കാതുകളിലൂടെ കടന്നുപോയി.

രണ്ടുമൂന്നുപെഗ്ഗ്കഴിഞ്ഞപ്പോൾ ലഫ്: കേണൽ വാചാലനായി. മല്ലികയും അംബികയും ശ്രോതാക്കളായി.

1943-ൽ ഫ്രാൻസിലെ ഏതോ ഒരു ഗ്രാമത്തിൽവച്ചു" തനിക്കു പനിവന്ന കഥ

പറയുകയായിരുന്ന ലഫ്: കേണൽ. അദ്ദേഹത്തിന്റെ സിലോൺകാരനായ അസിസ്റ്റന്റിനെക്കുറിച്ചും ജർമ്മൻപട്ടാളത്തിന്റെ മിന്നലാക്രമണത്തെക്കുറിച്ചുമൊക്കെ അദ്ദേഹം വിവരിച്ചു. ഇടയ്ക്കിടെ വിസ്കി മോന്താനും നരച്ച മേൽമീശ കൈകൊണ്ട് തുടച്ചൊതുക്കാനും മുതിർന്നപ്പോൾ അദ്ദേഹം നിശ്ശബ്ദനായി. ഇംഗ്ലീഷും ഫ്രഞ്ചും വാക്കുകൾ കലർത്തിയുള്ള ആ സംസാരത്തിലെ ചില വാക്കുകളോ വാചകങ്ങളോ മാത്രമേ പിള്ളയുടെ കാതിൽ വീണിരുന്നുള്ളൂ.

കുറേ കഴിഞ്ഞപ്പോൾ പിള്ളയ്ക്ക് തന്നെ അത്ഭുതം തോന്നുമാറ് അയാൾ സംസാരിക്കാൻ തുടങ്ങി. സുദേവനുമായി നരിയൻപാറയിൽ ചെലവഴിച്ച സായാഹ്നത്തെക്കുറിച്ചാണ് അയാൾ സംസാരിച്ചത്. ആ പ്രകൃതിസൗന്ദര്യം വർണ്ണിച്ചപ്പോൾ താൻ പതിവില്ലാതെ വാചാലനാവുന്നതായി അയാൾക്ക് തന്നെ തോന്നി. വിസ്കി തലയ്ക്കുപിടിച്ചിരിക്കണമെന്ന് അയാൾ ഓർത്തു.

അയാൾ സംഭവം വിവരിച്ചു കഴിഞ്ഞപ്പോൾ സുദേവൻ വായിച്ചു കേൾപ്പിച്ചതിനെക്കുറിച്ചു പറയണമെന്ന നിർബ്ബന്ധമായി മല്ലികയും അംബികയും.

"അതുമാത്രം പറഞ്ഞില്ല;" പിള്ള പറഞ്ഞു: 'കാരണം അതെനിക്കറിയില്ല. എന്റെ വാക്കുകൾക്കപ്പുറത്താണത്'. എന്റെ സങ്കല്പങ്ങൾക്കൊക്കെ അപ്പുറത്താണ്."

"എന്നാലും മല്ലിക" പരിഭവിച്ചു: "കേട്ടത് പറയാമല്ലോ."

"പറ്റില്ല മോളേ," പിള്ള തീർത്തു പറഞ്ഞു.

"ഞാൻ മാമനോട് പിണങ്ങിയാ." അവൾ പെട്ടെന്ന് കുറെ കൊച്ചുകുട്ടിയായി.

"നീ പിണങ്ങിയാൽ എനിക്ക് സങ്കടമാണ്," പിള്ള പറഞ്ഞു: "പക്ഷേ ഇതു ഞാൻ പറയില്ല. എനിക്ക് പറയാൻ കഴിയില്ല. നിനക്ക് വേറെ ഏതെങ്കിലും സിനിമയുടെ കഥ ഞാൻ പറഞ്ഞുതരാം."

എനിക്ക് വേറെ കഥ ഒന്നും കേൾക്കണ്ട, മല്ലിക മുഖം വീർപ്പിച്ചു.

"ഈ കഥ പറയാൻ സുദേവനെ കഴിയൂ," പിള്ള പറഞ്ഞു. "നീയും മാമനും കൂടെ എസ്കേപ്പ് വരെയൊന്ന് പൊയ്ക്കോളൂ. അപ്പോ സുദേവൻ പറഞ്ഞുതരുംകഥ. അന്നേ സുദേവൻ പറഞ്ഞു നിങ്ങളെ രണ്ടുപേരും കൂടെയുണ്ടെങ്കിൽ നന്നായിരുന്നെന്നും."

"നമുക്കൊരു ദിവസം പോകണം, മാമീ," മല്ലിക അംബികയുടെ തോളത്തു പിടിച്ചുകുലുക്കി." ഈയാഴ്ചതന്നെ."

"പോകാം," അംബിക സമ്മതിച്ചു: എനിക്കും കഥ കേൾക്കണമെന്നുണ്ട്: അച്ഛനുംകൂടെ വരണം."

ഗ്ലാസ്സിൽ നിന്ന് ചുണ്ടെടുത്ത് ഇടതുകൈകൊണ്ട് മീശ തുടച്ചൊതുക്കി, ലഫ്. കേണൽ പറഞ്ഞു: "ഐൽ സീ!"

കുറേ കഴിഞ്ഞു ഉറക്കം വരുന്നെന്നു പറഞ്ഞു മല്ലിക എണീറ്റുപോയി.

"നീയും വേണമെങ്കിൽ പോയി കിടന്നോളൂ," പിള്ള അംബികയോടു പറഞ്ഞു.

"വേണ്ട. എനിക്കുറക്കം വരുന്നില്ല. ഞാൻ കുറേനേംകൂടി ഇരിക്കാം."

പിള്ള പിന്നെയും സംസാരിച്ചു. പക്ഷേ താൻ സംസാരിച്ചതൊക്കെ എന്തോ അസംബന്ധങ്ങളായിരുന്നുവെന്ന് അയാൾക്ക് തന്നെ തോന്നി. സംസാരിച്ചുകഴിയുമ്പോൾ സംസാരിച്ചതെന്തെന്നപോലും അയാൾ മറന്നുപോയിരുന്നു.

"ചേട്ടൻ ഇന്ന നല്ല മൂഡിലാണ്." അംബിക പറഞ്ഞു.

"ങേ? ഞാൻ വല്ല വിഡ്ഢിത്തവും പറഞ്ഞോ?" പിള്ള തിരക്കി.

"നോ, നോ," ലഫ്. കേണൽ ഇടപെട്ടു " യു ആർ ടാക്കിങ് ആബ്സൊലൂട്ട് സെൻസ്."

"താങ്ക്യൂ."

"ക്യാരി ഓൺ," ലഫ്. കേണൽ പ്രോത്സാഹിപ്പിച്ചു. ഞാൻ വളരെ താല്പര്യത്തോടുകൂടി ശ്രദ്ധിക്കുകയാണ്."

"എനിക്കൊരുപാട് കാര്യങ്ങൾ പറയാനുണ്ട്." പിള്ള പിന്നെയും സംസാരിച്ചുതുടങ്ങി. 'ഒരുപാട് കഥകൾ പറയാനുണ്ട്. നിങ്ങളോടു രണ്ടുപേരോടും മാത്രമല്ല ലോകത്തോടു മുഴുവൻ."

"പറയൂ" അമ്മായി അച്ഛൻ വീണ്ടും പ്രോത്സാഹിപ്പിച്ചു. അംബികയും താല്പര്യം പ്രദർശിപ്പിച്ചു.

"ഇല്ല, ഇനിയും സമയമായിട്ടില്ല." പിള്ള ഒരു സ്വഗതംപോലെയാണ് പറഞ്ഞത്." ഇനിയും സമയമായിട്ടില്ല. എന്റെ ജോലികൾ കഴിഞ്ഞിട്ടില്ല. സമയം വരുമ്പോൾ ഞാൻ പറയും. ഉച്ചത്തിൽ പറയും."

"ഇപ്പോൾ തന്നെ പറയാമല്ലോ." അംബിക നിർബ്ബന്ധിച്ചു.

"നോ," പിള്ള അവളെ ശ്രദ്ധയായി നോക്കി. അംബിക പേടിച്ചു. ആ നോട്ടം എന്നും തന്നെ നടുക്കിയിരുന്നുവെന്ന് അവൾ ഓർത്തു.

അടുത്ത നിമിഷത്തിൽ പിള്ളയുടെ നോട്ടം സാധാരണമായി. അയാൾ മാപ്പിരന്നു. "ക്ഷമിക്കൂ അംബികേ. അയാം സോറി ലഫ്: കേണൽ."

"ടേക്കിറ്റീസി." ലഫ്. കേണൽ ചൂരുട്ടിനു തീപിടിപ്പിച്ചു.

"ചേട്ടനു തലയ്ക്കുപിടിച്ചെന്നാ തോന്നുന്നത്", അംബിക പറഞ്ഞു: "വരൂ, പോയി കിടക്കാം. അംബിക പോയി കിടന്നോളൂ. ഞാൻ കുറെ കഴിഞ്ഞിട്ടേ ഉള്ളൂ."

അംബിക എണീറ്റു. അവൾ അച്ഛനും ഭർത്താവിനും ഗുഡ്നൈറ്റ് പറഞ്ഞു. മുയൽക്കുട്ടിയെ മാറോടണച്ചുപിടിച്ചുകൊണ്ട് സ്ഥലംവിട്ടു.

അവൾ പൊയ്ക്കഴിഞ്ഞപ്പോൾ ലഫ്. കേണൽ മേനോൻ പറഞ്ഞു: "കമോൺ ബോയ്! ഗിവ് മീ എ പീസ് ഓഫ് യുവർ മൈൻഡ്."

"നോ." പിള്ള അലറി. "നോ, നോ!"

"ദാറ്റീസാൾറൈറ്റ്!"ലഫ്.കേണൽ അയാളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. "യു ആർ ഏ ലിറ്റിൽ എക്സൈറ്റഡ്."

"അയാം സോറി", പിള്ള എണീറ്റു. അയാൾ ടൈസിന്മേൽ ഉലാത്താൻ തുടങ്ങി. തനിക്കു വല്ലാതെ തലയ്ക്കുപിടിച്ചിരിക്കുന്നുവെന്ന് അയാൾക്ക് തോന്നി. നിലാവുണ്ട്, കാറ്റുണ്ട് കുറേനേരം ഉലാത്തിയപ്പോൾ കുറേ ആശ്വാസം തോന്നി.

തിരികെവന്ന് ഇരുന്നിട്ട് അയാൾ മൂടുവായിപ്പറഞ്ഞു: "നിങ്ങൾക്കുറക്കംവരുന്നില്ലേ, അങ്കിൾ? പോയിക്കിടന്നോളൂ."

"ടുബി ഫ്രാങ്ക്" ലഫ്: കേണൽ പറഞ്ഞു: "എനിക്കുറക്കംവരുന്നുണ്ട്. ഞാൻ നിങ്ങൾക്കു കൂട്ടിനിരുന്നതാണ്."

"വേണമെന്നില്ല. നിങ്ങൾക്കുറക്കംവരുന്നെങ്കിൽ പോയിക്കിടന്നോളൂ."

"താങ്ക്യൂ. ഞാനൊരു ഡ്രിങ്ക്കൂടി കഴിച്ചിട്ട് കിടക്കാൻപോകുന്നു. ഏ കപിക്ക് വൺ."

അയാൾ ഒരു വിസ്കി പകർന്നു. അതൊരു വലിക്കു കുടിച്ചുതീർത്തു, എണീറ്റു.

"ഗുഡ്നൈറ്റ്."

"ഗുഡ്നൈറ്റ്."

പിള്ള ആകാശത്തിലേയ്ക്കുനോക്കി ഏകനായി ഇരുന്നു.

നിലാവിന്റെ നിറം മാറി, നക്ഷത്രങ്ങളുടെ നിറം മാറി. രാത്രിയുടെ നിറം മാറി. കടലിന്റെയും ആകാശത്തിന്റെയും നിറം മാറി.

ഓന്തിനെപ്പോലെ പ്രകൃതിക്കും നിറം മാറുമോ? അയാൾ ചോദിച്ചു. ആവോ, ആർക്കറിയാം?

പെട്ടെന്ന് അയാൾ നടുങ്ങി. ഇതെന്താണ്? ഇതു് ഏതു സ്ഥലമാണ്? ഇതു് ഏതു നേരമാണ്? ഇവിടെ ഈ നേരവും വിളക്കുകൾ തെളിയിച്ചതാരാണ്? നേരവും വിളക്കുകളുടെ വെളിച്ചത്തിൽനിന്നു രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ട്, വെളിച്ചങ്ങൾ കഴിവതും കഴിവാക്കിക്കൊണ്ട്, ഇങ്കുട്ടിന്റെ ഇടനാഴികളിലൂടെ ഭയന്നോടുന്ന ഈ മനുഷ്യൻ ആരാണ്?

അയാൾ ഓടിക്കൊണ്ടേയിരുന്നു, പുറകിൽ ആക്രോശങ്ങൾ കേട്ടു. ബൂട്ടുകളുടെ ശബ്ദങ്ങൾ കേട്ടു. അയാൾ ഓട്ടം തുടർന്നു. തട്ടിപ്പിടഞ്ഞുവീണിട്ടും അയാൾ എണീറ്റോടി. ഒടുവിൽ, ഓടിയോടി ഇനി രക്ഷപ്പെടാൻ ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ അടുത്തുകണ്ട ജലാശയത്തിൽ അയാൾ ചാടി.

ഹാവൂ, പിള്ള നിശ്വസിച്ചു. ആ നിശ്വാസത്തോടെ കണ്ണുകൾ തുറന്ന അയാൾ ഒരു ഡ്രിങ്ക്കൂടി പകർന്നു. ഒരു സിഗരറ്റ്കൂടി കൊളുത്തി. എണീറ്റു വീണ്ടും ടൈസിന്മേൽ ഉലാത്താൻ തുടങ്ങി.

അയാളുടെ ഓർമ്മ മറ്റൊരു ഗൃഹത്തിൽ, മറ്റൊരു നിലാവിൻകീഴിൽ ഉലാത്തുകയായിരുന്നു.

തല മുണ്ഡനംചെയ്ത, താടിവളർത്തിയ ഒരു രൂപം. തടിച്ച ശരീരം. കറിയ കൈകാലുകൾ. നെറ്റിയിൽ വലതുകണ്ണിനു മുകളിൽ വലിയ, കുത്തമച്ച. ക്രൂരതനിറഞ്ഞ കണ്ണുകൾ. പരുക്കൻ ശബ്ദം പറഞ്ഞു: "വാ, എന്റൊപ്പം."

"ഇല്ല", പിള്ള പറഞ്ഞു: "ഞാൻ വരുന്നില്ല."

അയാൾ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയുംചെയ്തു. ഇതെന്റെ വീടിന്റെ ടെറസ്സല്ലേ? ഇതെന്റെനാട്ടിലെ നിലാവല്ലേ? ഇതു് എന്റെ നഗരമല്ലേ? എന്റെ നഗരത്തിനെ ഉമ്മവയ്ക്കുന്ന കടലല്ലേ? ഇവിടെ, ഈ മനുഷ്യൻ എങ്ങനെ വന്നു ചേർന്നു?

തലമുണ്ഡനംചെയ്ത കള്ളനെ മറക്കാൻവേണ്ടി അയാൾ ടെറസിന്റെ മതിലിനടുത്തേക്കു ചെന്നു് കടലിലേക്കു നോക്കി നിന്നു. കടലിൽത്തങ്ങുന്ന കണ്ണുകളും ശ്രദ്ധയും ഉറപ്പിച്ചു. നിലാവത്തു് തിരകൾ തുള്ളുന്നതു കാണാൻ രസമുണ്ടു്. നിലാവിലൂടെ കടലിരമ്പം കയറിവന്നു. കാറ്റു പറന്നുവന്നു.

നാളെ യാത്ര പുറപ്പെടണം, അയാൾ ആലോചിച്ചു. യാത്ര കഴിഞ്ഞുവന്നാലുടനെ മല്ലികയുടെ വിവാഹംനടത്തണം. അപ്പോൾ വരൻ? യാത്രകഴിഞ്ഞുവരുമ്പോഴേക്കും അതും ഉറപ്പിച്ചിരിക്കണം. അവൾക്കിഷ്ടപ്പെട്ട, അവളെ ഇഷ്ടപ്പെടുന്ന പുരുഷൻ. ആലോചനവന്ന മുഖങ്ങൾ ഓരോന്നായി അയാളുടെ മനസ്സിലൂടെ കടന്നുപോയി. ഔപചാരികമായി ആലോചനവരാത്തതും എന്നാൽ ആലോചിക്കാൻ സാദ്ധ്യതയുള്ളതുമായ പലചെറുപ്പക്കാരുടെയും മുഖങ്ങൾ അയാളുടെമനസ്സിൽ നിന്നു.

അയാൾ അടുത്തസിഗരറ്റു് കൊളുത്തി. കടലിലേക്കുതന്നെ കണ്ണുകളുറപ്പിച്ചുനിന്നു.

പെട്ടെന്നു് കടലിന്റെ നിറംമാറി. കടലിന്റെനിറം ചുവപ്പായി. നിലാവിന്റെയും നിറം ചുവപ്പായി. ചുവന്ന നിലാവെട്ടത്തിൽ ചുവന്നതിരകൾ തുള്ളിക്കളിച്ചു. ചുവന്നതിരകളിൽനിന്നു് ഒരു ചുവന്നരൂപം ഉയർന്നുവന്നു. അയാൾ സൂക്ഷിച്ചുനോക്കി. അതി സുന്ദരി ആയ ഒരു ചുവന്നജലകന്യക. അവൾ ആകാശത്തിലേക്കുയർന്നു. നിലാവിലൂടെ നീന്തി, അയാളുടെ സമീപത്തേക്കുവന്നു. അടുത്തുവരുന്തോറും അവളുടെ മുഖം കൂടുതൽ കൂടുതൽവ്യക്തമായി.

ഇതെനിക്കു പരിചയമുള്ള മുഖമാണല്ലോ, അയാൾ ഓർത്തു. അവൾ വളരെ അടുത്തെത്തിയപ്പോഴാണു് അയാൾക്കു് ആളെ മനസ്സിലായതു്. രക്തത്തിന്റെ നിറമുള്ള ജലകന്യകയെ തിരിച്ചറിഞ്ഞ നിമിഷത്തിൽ അയാൾ ഇരുകൈകളും എടുത്തു് കണ്ണുകൾപൊത്തി. കണ്ണുകൾ പൊത്തിപ്പിടിച്ചിട്ടും ആ രൂപം കൂടുതൽതെളിഞ്ഞുവന്നു കൂടുതൽ അടുത്തുവന്നു. ഒരു നിലവിളിയോടെ പിള്ള പിന്നോക്കംവീണു.

തല എവിടെയോചെന്നു മുട്ടിയ വേദനയോടെ അയാൾ എണീറ്റു. കണ്ണുകൾ തിരുമ്മിത്തുടച്ചു. ജലകന്യക അപ്രത്യക്ഷയായിക്കഴിഞ്ഞിരുന്നു. ആകാശത്തിന്റെ ചുവപ്പുനിറംമാറിയിരുന്നു. കടലിന്റെ നിറവും സാധാരണമായി തീർന്നിരുന്നു.

ഞാൻ വല്ലാതെ കുടിച്ചിരിക്കുന്നു, അയാൾ തന്നോടുതന്നെപറഞ്ഞു: ഇനി ഇവിടെനിൽക്കുന്നതു അപകടമാണു്. അയാൾ തിരിച്ചുനടന്നു. പക്ഷേ, ഒരു പെഗ്ഗ്കൂടി കഴിക്കാതെ ഉറക്കംവരില്ലെന്നു തോന്നിയതുകൊണ്ടു് അയാൾ കസേരയിൽ ഇരുന്നു. വീണ്ടും വിസ്കിപകർന്നു.

ആരോ ഓടിക്കയറിവരുന്ന ശബ്ദംകേട്ടു. അയാൾ തിരിഞ്ഞുനോക്കി. കയറിവന്നതു് മല്ലിക ആയിരുന്നു.

"എന്താ മാമാ ഇവിടെ ഒരു ശബ്ദംകേട്ടതു്?" അവൾ ഉൽക്കണ്ഠയോടെ അന്വേഷിച്ചു: "ഞാൻ ഞെട്ടിയുണർന്നതാ."

പിള്ള ഒന്നുപരുങ്ങി. സിഗരറ്റുകൊളുത്തിക്കൊണ്ടു് അയാൾപറഞ്ഞു: "ഒന്നുമില്ല മോളേ, കസേരവീണതാ. മോളു് ആരെലെറാന്നിട്ടു."

"നല്ല നിലാവുണ്ടല്ലോ, പിന്നെന്തിനാരെലെറ?" മല്ലിക ചോദിച്ചു.

"ഇടു." പിള്ളപറഞ്ഞു.

ഈ നിലാവു് തന്റെ ഭയം വർദ്ധിപ്പിക്കുന്നതേയുള്ളു എന്നു് അയാൾ അവളോടു പറഞ്ഞില്ല.

ലെറ്റിട്ടിട്ടു് അയാൾക്കെതിരെ വന്നിരുന്നു് അയാളുടെ മുഖത്തേക്കു നോക്കി, അവൾ പറഞ്ഞു: "മാമൻ കണ്ടമാനം കുടിച്ചിരിക്കുന്നു. ഇനിമതി. പോയി കിടക്കണം."

അയാൾ ഒന്നും പറയാതെ അടുത്ത ഡ്രിങ്ക് പകർന്നു.

"കുടിച്ചുമരിക്കാനാണോ?" മല്ലിക ദേഷ്യപ്പെട്ടു.

"ഇല്ലുമോളെ," പിള്ള പറഞ്ഞു: "ഞാനധികമൊന്നും കുടിച്ചിട്ടില്ല. മോളു് പോയി കിടന്നോ."

"ഇല്ലില്ല. ഞാൻ കിടക്കുന്നില്ല. മാമൻ കിടക്കാൻ പോയിട്ടേ ഇനി ഞാൻ കിടക്കൂ. എന്റെ ഉറക്കമൊക്കെ പോയി."

"മോളു് പൊയ്ക്കോ, ഞാൻ ഈ ഡ്രിങ്ക് കൂടിയേ കഴിക്കൂ."

"എന്നാൽ അതു കഴിച്ചിട്ടു വരൂ. അതുവരെ ഞാൻ ഇവിടെ ഇരിക്കും."

"ശരി, സമ്മതിച്ചു." അയാൾ പറഞ്ഞു തെല്ലുനേരം എങ്ങോട്ടോ ദൃഷ്ടികൾ പായിച്ചു് ഇരുന്നിട്ടു് അയാൾ മല്ലികയോടു ചോദിച്ചു: "മോൾക്കു് മാമനോടിഷ്ടമാണോ?"

"എനിക്കു പിന്നാരോടാ ഇഷ്ടം?"

"എത്ര ഇഷ്ടമുണ്ടു്?"

"ഒരുപാടു്."

"ഒരു മലയോളം?"

"പോമാമാ" അവൾ ചിരിച്ചു: "കൊച്ചുപിള്ളാരോടു ചോദിക്കുന്നതുപോലെ."

"നീ പിന്നെ കൊച്ചല്ലേ?"

"ആണ്ഹാ, ഞാൻ വലുതാ."

ഒരു കവിൾകൂടി കുടിച്ചിട്ടു് അയാൾ പിറുപിറുത്തു: "എനിക്കു മോളോടു് ഒരു കാര്യം പറയാനുണ്ടു്."

"എന്താ?"

"ഒരു രഹസ്യമാണു്."

"എന്നാൽ പറയണം," മല്ലിക പറഞ്ഞു: "ഇപ്പോ നമ്മൾ രണ്ടുപേരും മാത്രമല്ലേ ഉള്ളു ഇവിടെ?"

"പറയില്ല," പിള്ള തലയാട്ടി: "ഇപ്പോൾ, ഇവിടെവച്ചു് പറയില്ല."

"എന്നാൽ ഞാൻ പറയാം."

"എന്തു്?" പിള്ള ജിജ്ഞാസാഭരിതനായി.

"ഒരു രഹസ്യവുമില്ലെന്നുള്ളതാ മാമന്റെ രഹസ്യം", മല്ലിക ചിരിച്ചു. "മാമൻ കുടിച്ചു പൂസായിരിക്കുവാ."

(ശേഷം 40-ൽ)

മലയാറ്റൂർ

നോവൽ എട്ട്

തലയ്ക്കെന്തൊരു ഘനം!

ഞാൻ ദീർഘനിദ്രയിലായിരുന്നോ? എന്നെയിപ്പോഴണത്തിയതു് ഇടനാഴിയിൽ നിന്നും ഇടവിട്ടെയുന്ന ഫോൺശബ്ദമാണോ? ആരും ഫോണെടുക്കാത്തതെന്തു്? മുദുലയെവിടെ? ചുപ്പമ്മയെവിടെ? ഈ ദിവസമേതാണു്? എന്നാണു് ഞാൻ യോനിപൂജ നടത്തിയതു്?

രണ്ടുകയ്യും നെറ്റിയിലമത്തിപ്പിടിച്ചുകൊണ്ടു് ഞാൻ കിടക്കയിൽ പകുതിയെഴുന്നേറ്റിരുന്നു. അപ്പോൾ പണ്ടെങ്ങോ കണ്ട ഒരു ശിഥിലസ്വപ്നത്തിന്റെ ഓർമ്മപോലെ ഒരു രംഗം മിന്നിമറഞ്ഞു.

എനിക്കു് പനിയാണെന്നു് മുദുല പറയുന്നു.

ഞാൻ ഗുളികകൾ കഴിക്കണമെന്നു് നിർബ്ബന്ധിക്കുന്നു.

ആരോ ഏഴോ ഗുളികൾ ഞാൻ വിഴുങ്ങി; പിന്നെ ആ നീരാവകം കഴിച്ചു.

ഇപ്പോഴാണോർമ്മ വരുന്നതു്— മുടൽമഞ്ഞിലൂടെ കാണുന്ന മങ്ങിയ മഞ്ഞവെളിച്ചം പോലെ.

ഞാനുറങ്ങിപ്പോയതു് മണിക്കൂർ കണക്കിലോ, ദിവസക്കണക്കിലോ? ഇനി കട്ടിൽസ്പ്രിങ്ങുകളെ ആശ്രയിക്കാൻ പറ്റുമോ, കാലനിർണ്ണയത്തിനു്.

ഞാനെഴുന്നേറ്റു. നടന്നു. കാലുകൾക്കു് ബലക്ഷയമുണ്ടു്. എന്റെ ഇച്ഛയ്ക്കൊത്തല്ല, അവസ്ഥ തോന്നിയ മട്ടിലാണു് കാലുകൾ നീങ്ങുന്നതു്.

ഇടനാഴി— മാളികമുറി— മാളികവരാന്ത.

അവിടെയെങ്ങും മുദുലയില്ല.

ഫോൺ ശബ്ദമുഹരിതമാണിപ്പോൾ. "മുദുലേ!" ഞാൻ ഉറക്കെവിളിച്ചു. മറുപടി കിട്ടിയില്ല.

ഞാൻ ലാൻഡ്രംഗിലെത്തി. "ചുപ്പമ്മാ!" ഞാൻ വിളിച്ചുകൂകി. മറുപടിയില്ല.

ഞാൻ സ്റ്റെയർ കേസിറങ്ങി.

ചുവരിലെ ഗജലക്ഷ്മിയും സുരസുന്ദരിമാരും എന്നെ നോക്കി പല്ലിളിച്ചു.

ഇപ്പോൾ ഞാനിവിടെ ഏകനാണു്. വേണമെങ്കിൽ യോനിപൂജനടത്തിയ മുറിയിലെനിക്കു് കയറാം. എന്തിനു്! അതിന്റെ അകം കണ്ടുകഴിഞ്ഞതല്ലോ. രഹസ്യങ്ങൾ അവിടെയല്ല— മുദുലയുടെ മനസ്സിലാണു്—ചുപ്പമ്മയുടെ മനസ്സിലാണു്.

പെട്ടെന്നു് എങ്ങുനിന്നോ ഒരു ചിരികേട്ടു.

ഒരു ചിരിയല്ല—അനേകം ചിരി ശകലങ്ങൾ.

ആരോ ആനന്ദമൂർച്ഛയിൽപ്പെട്ടു് ചിരിക്കുന്നു.

ഞാൻ ചുറ്റും നോക്കി. ചെവി കൂർപ്പിച്ചു. എന്റെ വലതുവശത്തു നിന്നാണു് ചിരി ഉയരുന്നതു്. ഞാനങ്ങോട്ടു നടന്നു. ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെടാത്ത ഒരു കതകു് ലേശം തുറക്കുന്നു. വെളിയിലേക്കു് വെളിച്ചം പ്രസരിക്കുന്നു. ചിരി ഉയരുന്നതു് അവിടെനിന്നാണു്.

ഞാൻ കതകിനടുത്തെത്തി. ഉള്ളിലേക്കു നോക്കി.

മഹാനഗരത്തിലെ പുരവക്കത്തോണോ ഇതു്? എങ്ങും പട്ടണസാരികൾ. പല വർണ്ണങ്ങളിലുള്ളവ. വീതിയേറിയ കസവുകരകൾ—ഇന്നിച്ചേത്ത വെള്ളിയലക്കുകൾ. ആ സാരികളും പുടവകളും അനങ്ങുന്നു—ജീവനുള്ളപോലെ. സാരിച്ചുരുളുകളിൽ ഉയർന്നതാഴുന്ന ചലനങ്ങൾ—സാരികൾ ഒരു ബഹുവർണ്ണശിഖരമായിത്തീരുന്നു. ശിഖരത്തിൽനിന്നും ചിരിശകലങ്ങൾ ഉയരുന്നു—

പെട്ടെന്നു് ശിഖരത്തിന്റെ തുമ്പിൽ ഒരു തല പൊന്തി.

ചുപ്പമ്മയുടെ തല.

സന്തോഷം അവളെ മത്തു പിടിപ്പിച്ചിരുന്നു. ആ പട്ടുചേലകളെല്ലാം ശരീരത്തിൽ മാറിമാറിച്ചുറ്റി ആനന്ദിക്കയാണവൾ.

കതകു് തള്ളിത്തുറന്നുകൊണ്ടു് ഞാനുറക്കെവിളിച്ചു! "ചുപ്പമ്മാ!"

അവൾ ഒരു പ്രതിമയെപ്പോലെ നിശ്ചലയായി. അവസാനത്തെ ചിരി നിശ്ശബ്ദമായുറഞ്ഞുകൂടിയപ്പോൾ അവളുടെ മുറുക്കിച്ചുകന്ന ചുണ്ടുകൾ വികൃതമായി കോടിപ്പോയിരുന്നു.

ഞാൻ അടുത്തുചെന്നു. അവളുടെ തോളിൽ പിടിച്ചുകുലുക്കി.

"ചുപ്പമ്മാ!"

നഷ്ടപ്പെട്ട ജീവൻ തിരിച്ചുകിട്ടിയ പോലെ അവൾ ഞെട്ടിയുണർന്നു. അവൾ കരഞ്ഞു. "ശൊല്ലാതെ, അമ്മാവിടം ശൊല്ലാതെ."

ക്ഷണനേരത്തിനകം അവൾക്കു് പ്രജ്ഞയും ശക്തിയും തിരിച്ചുകിട്ടിയോ? ഒരു സാരിത്തുമ്പുകൊണ്ടു് അവൾ കണ്ണീരൊപ്പി. ചാടിയെഴുന്നേറ്റുകൊണ്ടു് അവൾ എല്ലാ സാരികളും മടക്കി. അമ്പതുപേരു സാരികൾ.

സാരിക്കുമ്പാരം മാറിയപ്പോഴാണു് വലിയ കിടക്ക കാണാനായതു്. ലേസു് ഉന്നിച്ചേത്ത ഷീറ്റുകൾ. സിൽക്കുറയിട്ട തലയണകൾ. ഇതു് മുദുലയുടെ കിടക്കയാവണം. മുദുലയുടെ കിടക്കയിൽ കഞ്ഞിമറഞ്ഞുകൊണ്ടാണു് ചുപ്പമ്മ അവളുടെ പ്രത്യേകവിനോദത്തിൽ ഏർപ്പെട്ടിരുന്നതു്.

ഞാൻ മുറിയാകെ കണ്ണോടിച്ചു.

ആനക്കൊമ്പുകൾ താങ്ങിനിറുത്തുന്ന വൃത്താകൃതിയിലുള്ള വലിയ നിലക്കണ്ണാടി. ഡ്രസ്സറിന്റെ മുകളിൽ നിരവധി സുഗന്ധദ്രവ്യങ്ങൾ. ഒരു ചുവരിൽ വലിയ വാർഡ്രോബു്. അടഞ്ഞുകിടന്ന ജന്നലിന്നരികിൽ, ചുവരുകളുടെ മൂല ചേർത്തിട്ടിരിക്കുന്ന L- ആകൃതിയിലുള്ള ഫോം റബ്ബർ ഇരിപ്പിടം. മറ്റൊരു മൂലയിൽ ഉയരമുള്ള സ്റ്റാൻഡു്. അതിന്റെ തട്ടിൽ ആരുടെയോ ഫോട്ടോ.

ഇതെല്ലാം ഒറ്റനോട്ടത്തിൽ ഞാൻ ഉൾക്കൊള്ളുമ്പോൾ ചുപ്പമ്മ വാർഡ്രോബിൽ സാരികൾ അടുക്കുകയായിരുന്നു— പ്രതിതെളിവു് നശിപ്പിക്കുന്ന പോലെ.

ഞാൻ ഇറങ്ങികിടന്ന വാർഡ്രോബിനടുത്തെത്തി. അതിനകത്തു്, സാരിക്കൂട്ടത്തിനപ്പുറം ഞാനൊരു പുരുഷന്റെ വസ്ത്രങ്ങൾകണ്ടു. ഹാംഗറിൽ തൂങ്ങുന്ന ഷർട്ടുകൾ, കോട്ടുകൾ. അവയുടെ പഴയമോഡൽ കോളറുകൾ അവയുടെ കാലപ്പഴക്കം വിളിച്ചോതി. ഇവ എത്രവർഷംമുമ്പു് തൂന്നിയതാണു്"?

ആരുടെ പ്രേരണയ്ക്കു് വശപ്പെട്ടിട്ടാവാം ഞാനൊരു കോട്ടിന്റെ കീശയിൽ കയ്യിട്ടതു്. വിരലുകൾ എന്തിലോ തൊട്ടിപ്പിടിച്ചു. തുകെ പിൻവലിച്ചപ്പോൾ എന്റെ വിരലുകളിൽ ശ്രുവിച്ചുതുടങ്ങിയ ഒരു തൂവാല കരുങ്ങിക്കിടന്നിരുന്നു.

സാരികൾ അടുക്കിവച്ചതിനുശേഷം ചുപ്പമ്മ വാർഡ്രോബിന്റെ കതകടച്ചുപൂട്ടി. ഞാൻ കോട്ടിന്റെ കീശയിൽ കയ്യിട്ടതു് അവൾ ശ്രദ്ധിച്ചതായി തോന്നിയില്ല.

സംഭ്രമത്തോടെ അവൾ വീണ്ടും അപേക്ഷിച്ചു— "അമ്മാവിടം ശൊല്ലാതെ."

ക്രൗര്യമഭിനയിച്ചുകൊണ്ടു് ഞാൻ പറഞ്ഞു. "എല്ലാം ഞാൻ പറയും!"

"ശൊല്ലാതെ" ചുപ്പമ്മ കരഞ്ഞു.

നീയും മുദുലയും എന്നെ പാവകളിപ്പിക്കുകയാണു്. ഈ നശിച്ച വീട്ടിൽ ഒരാണെ"? ആക്കേണ്ടാ?

യിരം രഹസ്യങ്ങളുണ്ട്". അതെല്ലാം നിനക്കറിയാം. നീ എല്ലാം ഒളിച്ചുവയ്ക്കുന്നു. നീ അതെല്ലാം പറയുമോ? എങ്കിൽ— എങ്കിൽമാത്രം— ഞാൻ നാവടക്കാം."

"തെരിയാത"— ഒന്നും തെരിയാത"."

"എങ്കിൽവേണ്ട— നിന്റെ സാരിക്കളിയെപ്പറ്റി ഞാൻ അമ്മയോട്" പറയും. എനിക്ക്" ചോറുതരുന്ന അമ്മയോട്" ആ കടപ്പാടെങ്കിലും എനിക്കില്ലേ!"

അങ്ങനെ ഭീഷണിപ്പെടുത്തിയപ്പോൾ ചുപ്പമ്മ തകർന്നുപോയി. എങ്കിലും അവൾ പിടിച്ചുനിൽക്കാൻ നോക്കി— എല്ലാമറിഞ്ഞുകൂടെ, ചിലതുമാത്രം... ചിലതുമാത്രം..

അവൾ തമിഴിൽ പറഞ്ഞുതുടങ്ങി.

ഇരുപത്തിമൂന്നുകൊല്ലം മുമ്പ്" ഞാൻ മുദ്ദലാമ്മയുടെ പണിക്കാരിയായി. ഇരുപത്തിമൂന്നു"— അതോ ഇരുപത്തിനാലോ? എനിക്ക്" ആരുമില്ല. എന്റെ ആകെ സമ്പത്ത്" എന്റെ കീറിപ്പുള്ളിപ്പുടവയും പലതവണ ദ്വാരമടച്ച റൗക്കയും മാത്രമാണ്". എനിക്ക്" അറുപതെങ്കിലുമായിട്ടുണ്ടാകും. പക്ഷേ പണ്ട്"പണ്ട്" ഞാൻ കറുത്ത അഴകിയായിരുന്നു. എന്റെ ഗ്രാമത്തിലെ ഏറ്റവും ചന്തമുള്ള പെണ്ണായിരുന്നു ഞാൻ. അന്നെന്റെ പുറകെ നടക്കാത്തവരില്ല. എന്നെക്കണ്ടാൽ ചൂളമടിക്കാത്തവരില്ല. ഞാനെല്ലാരെയും കബളിപ്പിച്ചു. എന്നെത്തേടിവന്ന ബലിഷ്ഠകായരായ, കലപ്പയേന്തുന്ന, മാട്ടത്തെളിയ്ക്കുന്ന ചെറുപ്പക്കാർക്കെല്ലാം ഞാൻ പ്രതീക്ഷകൾ നൽകി എന്റെ കറുത്ത അഴക്" അവരുടെ ഉന്മാദമായിരുന്നു. എനിക്കവർ മരുക്കൊഴുന്തും ജമന്തിപ്പൂക്കളും സമ്മാനിച്ചിരുന്നു. പക്ഷേ എന്റെ ചേലത്തുമ്പുതൊടാൻ ഞാനവരെ അനുവദിച്ചില്ല. ഞാനവർക്ക്" വിധേയയായില്ല. അന്നേ എന്റെ തലനിറയെ ദുരാഗ്രഹമായിരുന്നു. വലിയവളാകണം. പണക്കാരിയാകണം. എന്തിനു"? പട്ടുചേലകളണിയാൻ. എന്റെ ഏറ്റവും വലിയ ദുർബലതയായിരുന്നു പട്ടുചേലകൾ. ഗ്രാമത്തിലെ കോവിലിൽ ഉത്സവങ്ങളും "പണ്ടികക"ളും നടക്കുമ്പോൾ വില്ലുവച്ച കാളവണ്ടികളിൽ തടിച്ചുപ്പണക്കാരികൾ വന്നിറങ്ങും. അവരുടെ ഭംഗിയില്ലാത്ത ശരീരങ്ങളിൽ, കണ്ണഞ്ചിപ്പിക്കുന്ന 'ജരി'യും കസവുമുള്ള, പട്ടുചേലകൾ കാണുമ്പോൾ— ആ ചേലകളുടെ മുന്താണികൾ കാറ്റിലുലഞ്ഞ്" സപ്തവർണ്ണങ്ങളുംപ്രകാശിപ്പിക്കുമ്പോൾ— ഞാൻ, പാവം സുബ്ബമ്മ — മാറിനിന്നു" കൊതിയുടെ ഉമിനീരിറക്കുമായിരുന്നു. ദുരാഗ്രഹം ശാപമാണു"— നാശത്തിന്റെ തുടക്കമാണു". കറുത്ത അഴകി സുബ്ബമ്മയുണർന്നുകൂടായിരുന്നു. ഈ ചുപ്പമ്മയുണരാതിരുന്നു. ഓ, ആ കാലം! അന്നനിക്കീ തടിച്ച ശരീരമില്ല. മജ്ജനിറഞ്ഞ്"തുളുമ്പുന്ന ഈ കഴുത്തും താടയുമില്ല. അനേകം ശിക്ഷാമുദ്രകളെപ്പോലെ കഴുത്തിലും കവിളിലും കയ്യേറും നടുത്തുന്ന അരിമ്പാറകളില്ല. ഞാനെന്റെ ഗ്രാമത്തിലെ വിഗ്രഹമായിരുന്നു— അഴകിന്റെ വിഗ്രഹം.

എന്റെ അമ്മയും സുന്ദരിയായിരുന്നതത്രേ. ആയകാലത്ത്". തില്ലൈ നടരാജന്റെ മുമ്പിൽ ആടിപ്പോന്ന ദേവദാസികുലമായതിനേറെത". അച്ഛൻ ഒരു സെമീന്ദാരുടെ വീട്ടിൽ ഗുണം പഠിപ്പിച്ചുപോന്ന നട്ടുവനായിരുന്നു. അക്കാലത്ത്" അതൊക്കെ ഒരന്തസ്സായിരുന്നു. കലപ്പയേന്തുന്നവന്റെ ഭാര്യയാകാൻ പിറന്നവളല്ല ഞാൻ— എന്നു" എന്റെ അമ്മതന്നെ പറയുമായിരുന്നു.

എന്നെ പിന്തുടർന്നുപോന്ന ഗ്രാമീണകാമുകരിൽവച്ചേറ്റവും അഴകനും ശക്തനും കണ്ണപ്പനായിരുന്നു. മാട്ടപ്പൊങ്കലിന്റെ പുലർച്ചയിൽ അവനൊരിക്കലെന്നെ ബലാൽക്കാരമായി കെട്ടിപ്പിടിച്ചു. അപ്പോൾ ഞാനവനോടു" ചോദിച്ചു: "നിനക്ക്" പട്ടചേലവാങ്ങാൻ പണമുണ്ടോ?" അവൻ ഞെട്ടിമാറി.

ഒടുവിൽ—

അച്ഛൻ എന്നെ സെമീന്ദാരുടെ വീട്ടിൽ കൊണ്ടുപോയി. കാഴ്ചവയ്ക്കാനല്ല. സെമീന്ദാർപരമ്പരയിലെ ഏതോ കൊച്ചിന്റെ അരങ്ങേറ്റം കാണാൻ. പക്ഷേ ഫലത്തിൽ അത്" കാഴ്"ചവയ്"ക്കൽ തന്നെയായിരുന്നു. ഞാനെതിർത്തില്ല. ആ കിഴവൻ സെമീന്ദാരോട്" ഞാൻ പറഞ്ഞു: പണം വേണ്ട— പൊന്നുവേണ്ട— കൃഷിയിടങ്ങൾ വേണ്ട— ഒന്നേ വേണ്ടൂ— എന്നെന്നും പട്ടചേലകൾ—

അയാളുടെ കൈകൾക്ക്" കണ്ണപ്പന്റെ കൈകളുടെ ബലമുണ്ടായിരുന്നില്ല. അയാളുടെ ചോരയ്ക്ക്" ചൂടില്ലായിരുന്നു. അയാളുടെ കിടക്കറയിൽ എന്റെ കന്യകാത്വം സുരക്ഷിതമായിരുന്നു. കുറേ പറയുന്നതല്ലേ, കുട്ടികൾക്ക്" കളിപ്പാട്ടം കൊടു

ക്കുന്നപോലെ, അയാളെനിക്ക് വാരംതോറും പട്ടുചേലകൾ സമ്മാനിക്കുമായിരുന്നു.

ഒരിക്കൽ ഞാനൊരു കൊതിപറഞ്ഞു: എല്ലാരും ഉടുക്കുന്ന, ഏതുകടയിലും കിട്ടുന്ന, പണമുണ്ടെങ്കിൽ ആർക്കും വാങ്ങാവുന്ന പട്ടുചേലകളെനിയ്ക്ക് വേണ്ട— എനിക്കായി പ്രത്യേകം നെയ്തുണ്ടാക്കണം. ആ വൃദ്ധൻ എന്റെ കൊതിതീർക്കാൻ തയാറായി. കാഞ്ചീപുരത്തും ധർമ്മാവരത്തും അയാൾ പ്രത്യേകതന്തുവരെ അയച്ചു. അവർ കൈത്തറിക്കലയുടെ ആശാന്മാരെ സംഘടിപ്പിച്ചു. എനിക്കുവേണ്ടി കലാവിരുതും കൈത്തറികളും ഒന്നുപോലെ ചലിച്ചു. അതിമനോഹരമായ, രംഭതിലോത്തമമാരെ അസൂയാലുക്കളാക്കുന്ന, അതുല്യമായ ആ പതിനെട്ടുഴം പട്ട് എന്റെ ശരീരത്തിൽ ചേന്ന മാത്രയിൽ— ഞാനാമനുഷ്യന്റെ കിടക്കയിൽ എന്റെ അംഗലാവണ്യമാകെ പ്രകടിപ്പിച്ചുകൊണ്ട് കടന്നെത്തിയപ്പോൾ— അയാൾ കിതച്ചു— അയാൾക്ക് ശ്വാസംമുട്ടി— അയാൾ മരിച്ചു.

ഉടനടിചാട്ടം ദേവദാസിക്കുലത്തിന്റെ ധർമ്മമല്ല. പക്ഷെ ആ കിഴവന്റെ മാംസവും മജ്ജയും നഷ്ടമോഹങ്ങളും ചന്ദനച്ചിതയിൽ എരിഞ്ഞടങ്ങുമ്പോൾ, എനിക്കുവേണ്ടി പ്രത്യേകം നെയ്യണ്ടാക്കിയ അസുലഭമായ പട്ടുചേല ഞാൻ അഗ്നിഭഗവാനു സമർപ്പിച്ചു.

അച്ഛൻ മരിച്ചു. അമ്മ മരിച്ചു. എന്റെ ജീവിതം പാപപൂർണ്ണമായി. ഞാൻ ആക്കം വിലയ്ക്കുവാങ്ങാവുന്ന മാംസമായി. സുഖമുള്ള പുഷ്പമായായി. ആരുടെയോ ബീജം ധരിച്ച് ഞാനൊരു മകനെപ്പെറ്റു. ഒരു മൊന്തൻ. മുദ്രലാമ്മയുടെ പണിക്കാരിയായി ഞാൻ മാറുമ്പോൾ അവനു ഇരുപത്തിനാലു വയസ്സായിരുന്നു.

ഇന്നും എനിക്ക് പട്ടുചേലകളോട് കമ്പമാണു — ഇന്നും—

ഞാനിടപെട്ടു. "പുഷ്പമ്മാ, നിന്റെ കഥ പരത്തിപ്പറഞ്ഞതു മതി! എനിക്കറിയേണ്ടതു് ഈ അമ്മവീട്ടിലെ രഹസ്യങ്ങളാണു്."

"എനക്ക് ഭയം."

"എന്തിനു്?"

"അമ്മാ വരുവാൾ."

"അതിനുമുമ്പെല്ലാം പറഞ്ഞേക്കു! അല്ലെങ്കിൽ—"

"ശൊല്ലുറേൻ — തെരിഞ്ചെതെ ശൊല്ലുറേൻ!"

"അറിയാവുന്നതു് പറഞ്ഞാൽമതി."

"ഒനക്ക് പെരിയ അപകടം."

"എന്നിക്കോ?"

"ഉം — ശൊല്ലുറേൻ."

തിരക്ക് കൂട്ടരുതു്. തിരക്കുകൂട്ടിയാൽ അവൾ പതറും. അവളുടെ രീതിയിൽതന്നെ അവൾ പറയട്ടെ. എനിക്കറിയേണ്ടതു് സത്യമാണു് — രഹസ്യങ്ങളുടെ വ്യാഖ്യാനമാണു്.

അവൾക്കല്പം സാവകാശം നൽകാനായി ഞാൻ മുറ്റത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഉയരമുള്ള സ്റ്റാൻഡിനടുത്തെത്തിയപ്പോൾ അതിന്റെ തട്ടിലുള്ള ഫോട്ടോയിൽ നോക്കിപ്പോയി.

ഒരു പഴയ കല്യാണഫോട്ടോ.

മുദ്രലയുടെ കല്യാണഫോട്ടോ. അതിസുന്ദരിയാണു് മുദ്രല. അയാളാരാണു് — ഭർത്താവു്? ഞാൻ ഉറുനോക്കി. എവിടെയോ ഞാനയാളെ കണ്ടിട്ടുണ്ടു് — എന്നു്? എവിടെവച്ചു്?

എന്റെ തലച്ചോറിൽ പരശ്ശതം കഠാരകളും ചുരികകളും ആഴ്ന്നിറങ്ങി. എന്റെ അനേകകോടി സെല്ലുകളിൽ ഒരു കളിത്തപാഞ്ഞു.

അയാൾ ഞാൻതന്നെയാണു്! ഞാൻ മുദ്രലയുടെ ഭർത്താവാണു്.

ഒറ്റച്ചാട്ടത്തിനു് ഞാൻ പുഷ്പമ്മയുടെ മുമ്പിലെത്തി.

"പറയു, അന്നു് മുദ്രലയുടെ ഭർത്താവു് ഞാനായിരുന്നില്ലേ? ഇരുപത്തിനാലുകൊല്ലംമുമ്പു് നീ മുദ്രലയുടെ പണിക്കാരിയായി വന്നപ്പോൾ—"

പുഷ്പമ്മ വായുറന്നു. പക്ഷെ ഒറ്റവാക്കും പുറപ്പെടുവന്നില്ല. ഭയത്തിന്റെ ശില്പമായിരുന്ന അവളുടെ മുഖം. അവൾ ആനക്കൊമ്പുകൾ താങ്ങിനിറുത്തിയ നിലക്കണ്ണാടിയിൽ നോക്കുകയായിരുന്നു.

ഞാനും നോക്കി.

നിലക്കണ്ണാടിയിൽ മുദ്രലയുടെ പ്രതിബിംബം കണ്ടു.

ഞാൻ ഞെട്ടിത്തിരിഞ്ഞു.

മുദ്രല അകത്തേക്കു് കടക്കുന്നു.

മുദ്രല എന്നെയും പുഷ്പമ്മയെയും മാറിമാറിനോക്കി; പിന്നെ ചോദിച്ചു. "മുക്കു, നീ ഇവിടെ എങ്ങനെവന്നു?

"വന്നു — രഹസ്യങ്ങളറിയാൻ!" മുഖമ്പും പ്രദർശിപ്പിക്കാത്ത തനിറേടത്തോടെയാണു് ഞാൻ മറുപടിപറഞ്ഞതു്.

കല്യാണഫോട്ടോ ചൂണ്ടിക്കാണിക്കുമ്പോൾ മുദ്രല എന്തുപറയും? ഞാൻ സ്റ്റാൻഡിലേക്കു് നീങ്ങി.

അത്ഭുതം. ഫോട്ടോ അവിടെയില്ല.

"മുക്കു, പോയിക്കിടന്നുറങ്ങു! നിനക്കു് നല്ല സുഖമില്ല. ഉ! പോകാനാണു് പറഞ്ഞതു്!"

ആ ആജ്ഞയനുസരിക്കാൻ ഞാൻ തയാറായി.

എന്റെ ശക്തിയും ധൈര്യവും വാനംപോയിരുന്നു. (തുടരും)

യുവാവിനസങ്കടംവന്നു. അതിശംവന്നു. അവശതകളുടെ, അവഗണനകളുടെ, മർദ്ദനങ്ങളുടെ പൂരാവൃത്തം വിളംബരം ചെയ്യുന്ന മുദ്രാവാക്യങ്ങൾ—
അധികാരസ്ഥാനങ്ങൾ തെട്ടണം— സിംഹാസനങ്ങൾ ഇളകണം— ചെങ്കോലുകൾ തെറിക്കണം—
നല്ലൊരുനാളെയുടെ മുഖംകാണാൻ—
മൈലുകൾ നീളമുള്ള, റോഡുനിറഞ്ഞുകവിഞ്ഞു, ആണും പെണ്ണും ബാലനും വൃദ്ധനും ഇടകലർന്ന ജാഥ—
കൊടികൾ ഉയർന്നുനിന്നു—



ആറനാട്ട് ഹനീഫ്

കൊടി അടയാളങ്ങൾ തിളങ്ങിനിന്നു—
യുവാവു് എല്ലാം കണ്ടു. കേട്ടു. ഒന്നും ഉള്ളിലേയ്ക്കു് ഇറങ്ങിയില്ല. പുറത്തേക്കിറങ്ങാൻ ആത്മികാണിച്ചതു് അരിശമായിരുന്നു; അമർഷമായിരുന്നു—

ചത്തു കരയ്ക്കടിഞ്ഞ ഒരു തിമിംഗലത്തെപ്പോലെ അയാൾ സഞ്ചരിക്കുന്ന ഫാസ്റ്റ് പാസഞ്ചർ ബസ് റോഡിന്റെ ഓരം പറ്റിനിന്നു— ഇനി അതിളകണമെങ്കിൽ മണിക്കൂറുകൾ കഴിയണം—

അമ്മയുടെ ശ്വാസംകിച്ച മാറിൽ തലചായിച്ചിരിക്കുന്ന ഭാര്യയുടെമുഖത്തേക്കു യുവാവുനോക്കി— തളർന്ന താഴ്ന്ന ഇടയസ്ഥാനമാക്കാൻ വെമ്പുന്ന മേൽപ്പോള

കൾ—

ഉയർന്നുന്തിയ ഉദരത്തിനുള്ളിൽ കടിഞ്ഞൂൽക്കണി—

ഒമ്പതുമാസം കഴിഞ്ഞേ പ്രസവം നടക്കേയുള്ളുന്നു ഡാക്ടർ തീർത്തുപറഞ്ഞിരുന്നു. എങ്കിലും ഒരാഴ്ചയ്ക്കുശേഷം ഒരിക്കൽക്കൂടി ഡാക്ടറെ കാണിച്ചേക്കാം എന്നിറങ്ങിയതാണു".

ഇടയ്ക്കുവച്ച് എന്തോ അസ്വസ്ഥതയുള്ളതുപോലെ തോന്നി. ബസ്സിന്റെ വേഗത ആശ്വാസമേകി— ഇതെങ്ങനെയുണ്ടായെന്നും സംഭവിക്കില്ല—

അപ്പോൾ ഇതാ ജാഥയെന്ന, മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന മാർഗ്ഗവിഘ്നം. ശക്തിപ്രകടനം. ഗതാഗതതടസ്സത്തിന്റെ സമയദൈർഘ്യം അനുസരിച്ചാണു" ശക്തിയുടെ ഏറ്റക്കുറച്ചിൽ നിർണ്ണയിക്കപ്പെട്ടുന്നതു"—

"അമ്മേ—" യുവാവു" ഭാര്യയുടെ വക്രിച്ച ചുണ്ടുകൾ കണ്ടു ഞെട്ടി. അമർത്തിയിട്ടും ഉള്ളിലടങ്ങാത്തനൊമ്പരം.

ബസ്സിനകത്തു" ഈറ്റില്ലം ഒരുക്കേണ്ടിവരുമോ!

യുവാവിനും പ്രസവവേദന തുടങ്ങി: മനസ്സിൽ.

പല്ലുകൾ ഞെരിഞ്ഞു.

കൊലയാളികൾ!

ആ ശബ്ദം ഉള്ളിൽത്തന്നെ അടങ്ങി

"അമ്മേ— വയ്യാ— എനിക്കു സഹിക്കാൻ വയ്യാ—"

യുവതിയുടെ കരച്ചിൽ ഉച്ചത്തിലായി. കണ്ടക്ടററിഞ്ഞു. ഡ്രൈവർ അറിഞ്ഞു. സഹയാത്രികർ അറിഞ്ഞു. എല്ലാവരും നിസ്സഹായർ. പദ്മവ്യൂഹത്തിൽപ്പെട്ട അഭിമന്യുവിന്റെ അവസ്ഥയിലാണു വാഹനം.

"അമ്മേ— അയ്യോ അമ്മേ— അമ്മേ—"

യുവതി പുളഞ്ഞു. യുവാവിന്റെ മനസ്സും പുളഞ്ഞു—

കൊലപാതകികൾ—

അയാൾ ജാഥയെനോക്കി അലറാൻ കൊതിച്ചു. പക്ഷേ, വാക്കുകൾ മനസ്സിൽ ചാപിള്ളകളായി കിടന്നു—

മണിക്കൂറുകൾക്കുശേഷം ജാഥയുടെ അവസാനം കണ്ടു. വാഹനം നീങ്ങി— യുവതിയുടെ അവയവങ്ങൾ മരിച്ചുകൊണ്ടിരുന്നു

ആശുപത്രിയിലെത്തി—

അരമണിക്കൂറിനകം പ്രസവംനടന്നു.

മരാൺകഞ്ഞു"!

യുവാവു" എല്ലാം മറന്നു. കുഞ്ഞിന്റെ മുഖംമാത്രം ഒരു പുഞ്ചിരിയായി, പൂനിലാവായി, ഒരു പുതിയ യാഥാർത്ഥ്യമായി മനസ്സിൽ ജനിച്ചു—

മാസങ്ങൾ പലതുകഴിഞ്ഞു.

തന്റെ കക്ഷിയുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു ശക്തിപ്രകടനത്തിൽ യുവാവും പങ്കെടുത്തു—

നഗരത്തെ ഇളക്കിമറിച്ച, നീളത്തിൽ, അംഗസംഖ്യയിൽ, സമയത്തിൽ ഒരു പുതിയ റിക്കാർഡുസൃഷ്ടിച്ച ജാഥ. ജനപ്രളയം—

യുവാവു" ജാഥയിൽനിന്നും ഇറങ്ങി ഒരു അരികുചേർന്നുനിന്നു" ആഭിയും അന്തവും കാണാൻ ശ്രമിച്ചു. പക്ഷേ, നിരാശനാകേണ്ടിവന്നു. ഇനിയും മണിക്കൂറുകൾ കഴിഞ്ഞാലേ അതുനടക്കൂ എന്നു ബോദ്ധ്യമായി.

ആവേശമേറി—

ഉടനേ പതഞ്ഞൊഴുകുന്ന പ്രവാഹത്തിനിടയിൽ ഒരു ചെറുതുള്ളിയായിലയിച്ചു—

റോഡിനിരുവശവും ചത്തതിമിംഗലങ്ങളെപ്പോലെ കിടന്നിരുന്ന വാഹനങ്ങളെനോക്കാതെ അയാൾ ആഞ്ഞുന്തു ഉച്ചത്തിൽ വിളിച്ചുകൊടുത്തു!

"നാറികളേ, കൊലയാളികളേ.
എണ്ണണമെങ്കിൽ എണ്ണിക്കോ—
എണ്ണാതെതന്നെണ്ണിക്കോ—
നാളെ കള്ളംപറയരുതേ—"

—o—

പി. ഭാസ്കരനുണ്ണി

ജീവിതത്തിന്റെ ഉണ്മ എന്താണു"?—ജീവിതം, ഒരിക്കലും പൂരിപ്പിക്കാനാവാത്ത സമസ്യയും വേദനയുമായി ഓർക്കെ ഓർക്കെ അനുഭവപ്പെടുമ്പോൾ, എന്തു നൽകിയാലാണു" അതിനെ ഓജസ്സും ചൈതന്യവുമുള്ളതാക്കി നിലനിർത്താനാവുന്നതു"?—സാമൂഹ്യശാസ്ത്രങ്ങൾ വിധിച്ച ധർമ്മനിയമങ്ങളേയും മതസിദ്ധാന്തങ്ങൾ നിർബ്ബന്ധിച്ച ആചാരങ്ങളേയും അണുപോലും ലംഘിക്കാതെ നയിക്കുന്ന ജീവിതമാണോ ധന്യം?—അതോ,സ്വകീയാഭിലാഷങ്ങളെ കടമിടാതെ, കടിഞ്ഞാണിടാതെ ഇച്ഛാനുകൂലമായി, അനിയന്ത്രിതമായി ജീവിക്കലാണോ ധന്യം?—സത്യമേതു"?—ധർമ്മമേതു"? ഒന്നും വ്യക്തമായി രൂപപ്പെട്ടവരാതെ സന്ദിഗ്ദ്ധതിയുടെ ചുഴലിയിൽ ഹൃദയപേശികൾ വലിഞ്ഞുമുറുകുകയും നൊമ്പരപ്പെടുകയുംചെയ്യുന്ന ക്രൂരമായ ആത്മദുരിതത്തിനിരയായിത്തീരുന്ന നരകിക്കുന്ന പ്രാണേശ്വരിയുടെ ജീവിതദുരന്തമാണു" ശ്രീ, യു. ആർ. അനന്തമൂർത്തിയുടെ സംസ്കാരം* എന്ന നോവലിലെ പ്രമേയം. നിത്യദിനകൃത്യങ്ങളിൽപ്പോലും ധർമ്മശാസ്ത്രവിധികൾക്കു ലംഘനംസംഭവിക്കാതെ, സ്വന്തം ചുമലിൽ നിരപേക്ഷമായി വന്നുകയറിയ ധാർമ്മികാധിപത്യത്തെ കളങ്കപ്പെടുത്താതെ ദുർവ്വാസപുരംഗ്രാമത്തിലെ അഗ്രഹാര

ഉൽകൃഷ്ടമായ നോവൽ

* സംസ്കാരം—യു. ആർ. അനന്തമൂർത്തി—ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം. വിതരണം—ദേശാഭിമാനി ബുക്സ്. വില 6-50ക.

ത്തിലെ ജീവിതം ശാന്തമായി നീങ്ങുകയായിരുന്നു. അപ്പോഴാണു്. നാരണപ്പന്റെ മരണം!—

നാരണപ്പൻ വേശ്യയായ ചന്ദ്രിയെ ബാന്ധവിച്ചു. മദ്യപിച്ചു. ഗോമാംസം ഭക്ഷിച്ചു. തുലുക്കരെ കോലായിൽ കയറിയിരുത്തി സൽക്കരിച്ചു. സാളഗ്രാമം ഉംഗാനദിയിലെറിഞ്ഞു" "ഥൂ" എന്നു കാർക്കിച്ചു. ബ്രാഹ്മണനെങ്കിലും ബ്രാഹ്മണ്യം നഷ്ടപ്പെട്ടുതിയവനാണവൻ. അവന്റെ ജഡം ബ്രാഹ്മണരെങ്ങനെ സംസ്കരിക്കും? ബ്രാഹ്മണ്യം ചേതപ്പെട്ടതിയവനെങ്കിലും, ബ്രാഹ്മണനായി മരിച്ച നാരണപ്പന്റെ ജഡം ബ്രാഹ്മണൻ എങ്ങനെ സ്പർശിക്കും? ഒന്നുമാത്രം വെളിവായി നിൽക്കുന്നു. നാരാണപ്പൻ ബ്രാഹ്മണ്യം വിട്ടിട്ടും, ബ്രാഹ്മണ്യം നാരാണപ്പനെ വിട്ടിട്ടില്ല. എന്താ ചെയ്ക?—എല്ലാവരും പ്രാണേശാചാര്യരുടെ കോലായിൽ ഒത്തുകൂടി. ആചാര്യൻ വിധിക്കട്ടെ!—

ആചാര്യർ സന്ദിഗ്ദ്ധത്തിലായിരുന്നു. ശവംകിടക്കെ കരളി, ജപം, ഭക്ഷണം—ഒന്നും പാടില്ല. ഇങ്ങനെ ഒരുവന്റെ ജഡം എങ്ങനെ, എത്ര പ്രായശ്ചിത്തം ചെയ്യാലാണു് ധർമ്മശാസ്ത്രവിധിപ്രകാരം സംസ്കരിക്കുക എന്നു് ധർമ്മശാസ്ത്രം ആകെ പരതിയിട്ടും കാണുന്നില്ല. ജീവിച്ചിരുന്നപ്പോഴത്തെപ്പോലെ, മരിച്ചപ്പോഴും നാരണപ്പൻ ഒരു പ്രശ്നമായി. അവന്റെ സുന്ദരിയായ ദാസി, കാമശാസ്ത്രം പ്രകീർത്തിക്കുമാറു് അംഗസൗഷ്ഠവമൊത്ത ചന്ദ്രി എല്ലാറ്റിനും മൂകസാക്ഷിയായി ഒതുങ്ങിനിന്നു. തന്റെ ജ്ഞാനത്തെ നിർദ്ദാക്ഷിണ്യം പരീക്ഷിക്കുകയാണു് നാരണപ്പന്റെ ശവമെന്നു് പ്രാണേശാചാര്യർക്കു ബോധ്യമായി. ജീവിച്ചിരുന്നപ്പോഴും അവൻ തന്റെ ജ്ഞാനത്തെ പരീക്ഷിച്ചു. ഇപ്പോഴും പരീക്ഷിക്കുന്നു. ഒടുവിൽ, നദിക്കരയിലെ കാട്ടിൻനടുവിലുള്ള മാരതിക്കോവിലിൽപ്പോയി, മാരതിയെ മനം നൊന്തു സ്തുതിച്ചു" ആചാര്യർ അർത്ഥിച്ചു: എന്താ ഇതിനു പരിഹാരം?—

പുണ്യദാനമായി ലഭിച്ച ബ്രാഹ്മണജന്മത്തെ ഉലോം പുണ്യപൂർണ്ണമാക്കുവാൻ ദൃഢനിശ്ചയം ചെയ്തു", നിത്യരോഗിണിയായ ഭാഗീരഥിയെ ഭാര്യയായി വരിച്ചു" അവരെ ശ്രുശ്രൂഷിച്ചു", ഭാര്യാസുഖത്തിലൂടെ അല്ല, ഭാര്യാ പരിചരണത്തിലൂടെ തന്റെ തേജസ്സിനെ വിളക്കിയെടുത്തു", വൈദികവാദപ്രതിവാദങ്ങളിൽ ജയിച്ചു നിരവധി പാരിതോഷികങ്ങൾ സമ്പാദിച്ചു", ഗർവ്വമേശാത്തസ്സാത്ത്വനായി, സ്മാർത്താചാര്യനായി അത്യന്തതേജസ്സോടെ വിരാജിക്കുന്ന പ്രാണേശാചാര്യരുടെ ജീവിതം. അക്ഷരാർത്ഥത്തിൽത്തന്നെ അരഞ്ഞുതേയുന്ന ചന്ദനമാണു". നാല്പതു കഴിയാത്ത പ്രാണേശാചാര്യർ സ്വന്തം ത്യാഗബലത്താൽ ആ അഗ്രഹാരത്തിനും ഗ്രാമത്തിനും ചന്ദനത്തിന്റെ സൗരഭ്യം പരത്തുന്നു. പിശുക്കന്മാരും, നീചന്മാരും, ദക്ഷിണസ്സും സദൃക്ഷം ഉഴന്നുനടക്കുന്നവരുമായ അഗ്രഹാരത്തിലെ മറ്റു ബ്രാഹ്മണർക്കും ദുർവ്വാസാപുരത്തിനും ധർമ്മത്തിന്റേയും ആഭിജാത്യത്തിന്റേയും സജീവ പ്രതീകമായി, പ്രാണേശാചാര്യർ. ആ പ്രാണേശാചാര്യരാണു" ഇന്നു ധർമ്മമറിയാതെ, ധർമ്മസങ്കടത്തിൽപ്പെട്ടു" മാരതിക്കോവിലിൽപ്പോയി ഒരു തീരുമാനത്തിനുവേണ്ടി വ്യസനിക്കുന്നതു". മാരതിയും കൈവിട്ടപ്പോൾ നിരാശനായി, നിരാശ്രയനായി മടങ്ങിയ ആ വൈദികതേജസ്സു", ഏതൊരു സുന്ദരിക്കുവേണ്ടിയാണൊ നാരണപ്പൻ സ്വന്തം ബ്രാഹ്മണ്യത്തെ സംഹരിച്ചതു" ആ ചന്ദ്രിയെ മാർഗ്ഗദർശ്യേ പുണരും. തികച്ചും ആകസ്മികമായിരുന്നു, ആ ആലിംഗനവും ശയനവും. ആദ്യമായി ആ അംഗി, സ്ത്രീസുഖം അനുഭവിക്കുകയായിരുന്നു. ആ സുഖാനുഭവത്തെ താഴ്ത്തിക്കാണാൻ ആചാര്യർ തെയ്യാറല്ല. ഇനി, ആരാണു സത്യം? താനൊ, നാരണപ്പനൊ?—തന്റെ ധർമ്മച്യുതിക്കും നാരണപ്പന്റെ ധർമ്മാഗ്രഹിക്കും മദ്ധ്യേയുള്ള രേഖയേതു"? അങ്ങനെയൊരു രേഖതന്നെയുണ്ടോ? ധർമ്മനിശ്ചയത്തിന്റെ വെളിപാടായിരുന്നുവോ ഈ സംഭോഗം?

ചന്ദ്രി, പോന്നവളായിരുന്നു. ആചാര്യരെ പുണർന്നുകൊണ്ടുവഴി ഒരു തുലുക്കനെ വിളിച്ചു", അവന്റെ വണ്ടിയിൽ ആമാത്രി (മരിച്ചിട്ടു് അന്നരണ്ടാണു") ജഡവും വിറകും കയറ്റി, ആരുമറിയാതെ ചുട്ട കാട്ടിൽ കൊണ്ടുപോയി സംസ്കരിച്ചു", ആരോടും വിട ചോദിക്കാതെ സ്വന്തം പാട്ടു നോക്കി കുന്ദാപുരത്തേക്കു" അവൾ വെച്ചു പിടിച്ചു. ദഹനം നടന്നവിവരം അഗ്രഹാരം അറിഞ്ഞില്ല.

അഗ്രഹാരത്തിലും സമീപ്രദേശത്തും എലികൾ ചത്തുവീഴുന്നു. കഴുകന്മാർ പറക്കുന്നു. എങ്ങും ദുർഗ്ഗന്ധം. ചാവുന്ന ചത്തുമലയുന്ന എലിക്കൂട്ടങ്ങളുടെ നാറ്റമെന്നല്ല, നാരണപ്പന്റെ ശവം ചീഞ്ഞുനാറുന്നവെന്നാണു" അഗ്രഹാരത്തിന്റെ ഭീതി. ആകെ ക്ലോൻ പ്രേതഭീതിയും പ്രേക്കൂടി. ശവസംസ്കാരത്തിനു തീർപ്പുണ്ടായില്ല. അനുമതി നല്കേണ്ട ആൾ, അവിചാരിതമായി വന്ന ഭവിച്ച അവമാനത്തിന്റെ കടുക്കിലാണു". മൈഥുനരഹസ്യം ആരും അറിഞ്ഞില്ല. ചന്ദ്രി ഇല്ല. എന്നാലും ഒരു നിശ്ചയമെടുക്കാൻ താൻ അർഹനല്ലെന്നു" ആചാര്യർ നിനച്ചു. എല്ലാം കമിഴ്ന്നുവീണൊഴുകിയതായി ആചാര്യർക്കു തോന്നി. ഇനിയും, കപടമായ ധർമ്മവേഷവും പുലർത്തി ശോഭയോടെ വേണമെങ്കിൽ വാഴാം. വയ്യ. ആരേയും ബോധ്യപ്പെടുത്തുവാനല്ലല്ലൊ താൻ ധർമ്മമാർഗ്ഗം സ്വീകരിച്ചതു". അതാണു" ഉത്തമവും ഉൽക്കൃഷ്ടവുമെന്നു തോന്നി. ഇപ്പോൾ മറിച്ചൊരു ഭവപ്പെട്ടിരിക്കുന്നു. താൻ ഒരു തീർപ്പിലെത്തേണ്ടിയിരിക്കുന്നു. ഏതാണു തന്റെ മാർഗ്ഗം. ഏതു ശരി. ഏതു തെറ്റു". അതൊരുദ്വേഗമായി തന്നിൽവളരുന്നു. കാമമോഹിതയായ ചന്ദ്രിയുടെ ഉടലിനെക്കുറിച്ചുള്ള സ്മരണ, വള്ളിയുടെ മൂലകളെക്കുറിച്ചോർമ്മിപ്പിക്കുന്നു. ഒന്നുവ്യക്തം: ഭാര്യാപരിചരണത്തിനു" പഴയ ആകാംക്ഷയും ആസക്തിയുമില്ല. അവളുടെ താണ കണ്ണുകൾ, ഒട്ടിയ കവിളുകൾ കുഴിഞ്ഞ മാറിടം എവിടെയാണു പിശുക്കു പറഞ്ഞിരുന്നതു". വഴിമുട്ടി നിൽക്കുന്ന താൻ, തന്റെ വഴി കണ്ടെത്തേണ്ടിയിരിക്കുന്നു.

അഗ്രഹാരത്തിൽ പാർക്കാൻവയ്യ. ദുസ്സഹമായ ദുർഗ്ഗന്ധം. എലികൾ. എലികളുടെ ശവങ്ങൾ. സ്ത്രീകളേയും കുട്ടികളേയും, അവരവരുടെ ഗ്രാമഭവനങ്ങളിലെത്തിക്കാൻ മാരോ ബ്രാഹ്മണനും തിരിഞ്ഞു. ഭാഗീരഥിക്കു" തീണ്ടാരി ആയില്ലെങ്കിലും, പ്രാണേശാചാര്യർ ദുർവ്വാസപുരം വിട്ടുമായിരുന്നില്ല. ഇപ്പോൾ, അഗ്രഹാരത്തിൽ ആചാര്യരുടെ കുടുംബമാത്രം അവശേഷിച്ചു. ബാക്കിയെല്ലാം വിജനം. ഏകാന്തശൂന്യം. കഴുകന്മാരും, ഓടിയെത്തി ചത്തുമലക്കുന്ന എലികളും മാത്രം— ഭാഗീരഥിക്കും പനിച്ചു. അവർ മരിച്ചു. ഭാര്യയുടെ ശവസംസ്കാരം കഴിഞ്ഞു" പ്രാണേശാചാര്യർ, പാരിതോഷികങ്ങൾ, ധനം, അഗ്രഹാരം, ഗ്രാമം എല്ലാം ഉപേക്ഷിച്ചു" കാലുപോകുന്ന വഴിക്കു നടക്കാൻതുടങ്ങി. തന്റെ മാർഗ്ഗം താൻ കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ സന്ദിഗ്ദ്ധം വയ്യ.

കാലപ്രവാഹത്തിൽ അനിവാര്യമായുണ്ടായ ഒരു സ്ഫോടനമായി, പ്രാണേശാചാര്യരുടെ ചന്ദ്രിയുമായുള്ള ബന്ധം. ജീവിതത്തെ, ജീവിതബാഹ്യമായ എന്തൊക്കെയോ കീഴ്മേൽപ്പെടുത്തുന്നു. ബാഹ്യശക്തികൾ ജീവിതത്തിനുമേൽ അടിച്ചേല്പിക്കുന്ന ധർമ്മാസംഹിതകളുടെ പിഴപറ്റാത്ത ആചരണമാണൊ, അതൊ ബാലിശമെങ്കിലും ജീവന്റെ നൈസർഗ്ഗികമായ ഇച്ഛകളുടെ ധർമ്മധർമ്മവിവേചനമേശാത്ത സാക്ഷാൽക്കാരമാണൊ ജീവിതസാഫല്യം. ഏതാണു" അഭികാമ്യം? ഉൽക്കൃഷ്ടം? ഊരാക്കുരുക്കിലാണു" ആചാര്യർ പതിച്ചതു".

മനുഷ്യരാശിയിൽനിന്നും അകലാൻ മോഹിച്ച ആചാര്യരുടെ കാലുകൾ, കാളമണികളുടെ ശബ്ദത്തേയും മനുഷ്യവാസത്തിന്റെ ഗന്ധത്തേയും അബോധപൂർവ്വകമായി കേട്ടും മണത്തുമാണു" നിങ്ങിയതെന്നു സത്യം, ഏതു തീക്ഷ്ണമായി ഇച്ഛിച്ചാലും സമൂഹത്തിൽനിന്നും ഒറ്റപ്പെട്ടു" മനുഷ്യനു ജീവിതമേ ഇല്ലെന്നുള്ളതുതന്നെ തെളിവായി, ധർമ്മാചരണത്തേക്കാൾ അമൂല്യമാണു" മനുഷ്യജീവിതമെന്നുകൂടി അതു" വെളിപ്പെടുത്തി. ജീവിതത്തെ പ്രഹേളിക എന്നാ സമസ്യ എന്നാ—എന്തുവേണമെങ്കിൽ വിളിച്ചുകൊള്ളു. ആ ആശയം ഇവിടെ തെളിവായി, തീശങ്കസ്ഥിതിയിലേക്കു" വലിച്ചു" ആചാര്യരെ പൊള്ളിക്കുന്നു. ഓരോ മനുഷ്യനെ കാണുമ്പോഴും, ആചാര്യൻ പൊള്ളുന്നു. പക്ഷേ, പരോപകാരി പുട്ടൻ, കടങ്കഥപ്പുട്ടൻ, ന്യായക്കാരൻ പുട്ടൻ ഇങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നവനെന്ന സത്യം വിശേഷിപ്പിച്ചുകൊണ്ടുള്ളതായ മാലേര പുട്ടനിൽനിന്നും ആചാര്യർക്കു് അകലാൻ കഴിഞ്ഞില്ല.

സമസ്തബന്ധങ്ങളുടെ ശൃംഖലകളേയും പൊട്ടിച്ചെറിഞ്ഞു" സ്വതന്ത്രനായി, മനു

ഷ്യനായി ജീവിക്കുവാൻ ദാഹിച്ചപ്പോഴെല്ലാം ആചാര്യരെ മത. സാമുദായികാചാരനിഷ്ഠകൾ വലയ്ക്കുന്നു. തന്റെ ധർമ്മികൗന്നത്യംപോലും ഒരു ദുസ്സഹപ്പുമായി ആചാര്യരുടെ കൂടെക്കൂടി. ഏതിൽനിന്നെല്ലാം മോചിക്കുവാനിഛിച്ചുവോ അവയെല്ലാംതന്നെ ഭീകരാകൃതിപൂണ്ട് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി. അപ്പോഴും, പ്രകൃതിസഹജമായ ലൈംഗികാഭിനിവേശം കനലായി ഉള്ളാകെ നീറുകയും ചെയ്തു. ഈ കനൽ തന്റെ ആത്മാവിലേയ്ക്കു തെറിപ്പിച്ചത് ചന്ദ്രിയാണ്. മറിച്ചുമാവാം — തന്നിൽ നൈസർഗ്ഗികമായുണ്ടായിരുന്ന ഈ കനലിലെ ചാരം ഊതിയകറ്റിയത് ചന്ദ്രിയുടെ ഉച്ഛ്വാസവായുവാകാം. അവളെക്കാണുക. അവളോടൊത്തു ജീവിക്കുക.

ഈ കനലിന്റെ പ്രഭയോ, ഇരുപത്തിയഞ്ചുവർഷംകൊണ്ടു നേടിയെടുത്ത സംസ്കാരത്തിന്റെ പ്രഭയോ ഉദാത്തം? സംസ്കാരത്തിന്റെ അർത്ഥശൂന്യതയും കാപട്യവും ഇപ്പോൾ ആചാര്യക്ക് വ്യക്തമാണ്. ആ സംസ്കാരമാണ്, ആചാര്യക്ക് വിലങ്ങും ഭീതിയുമായി അനുഭവപ്പെട്ടതു. സ്വതന്ത്രമായി, മനുഷ്യന്റെ പ്രാഥമികാഭിലാഷങ്ങൾ നിറവേറ്റുന്നതിൽ നിന്നു പോലും അവതന്നെ വിലക്കുന്നു. തന്റെനേക്കു കണ്ണുരുട്ടിയേപ്പെടുത്തുന്നു. ഈ പേടിയിൽനിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം. അത്, മനുഷ്യവർഗ്ഗത്തെ പഴിക്കുകയോ വിഗണിക്കുകയോ ചെയ്യുന്നില്ല.

എത്ര ഭയന്നാലും, മനുഷ്യസഹവാസം ഒരു പ്രാരബ്ധംപോലെ തന്റെ മാറാപ്പിലുണ്ടാവുമെന്ന് പ്രാണശരൻ അവസാനം നിശ്ചയമായി. തന്നെ വേറൊരാളാക്കി മാറ്റിയ ആലാമാലകളിൽനിന്നും ബന്ധനങ്ങളിൽനിന്നും സ്വയം മോചനം നേടുകയും, തന്നെത്തന്നെ ഇനി പുനസ്സൃഷ്ടിക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന നഗ്നസത്യം ആചാര്യക്കുമുൻപേ വെളിപ്പെടുന്നതോടെ, ഈ ലോകത്തിലെ ഒരുത്തനായി ആയുശ്ശേഷം നയിക്കാൻ അദ്ദേഹം സന്നദ്ധനായി. സ്വന്തം തീരുമാനത്തിലൂടെ ഒരാൾ കൈകൊള്ളുന്ന സ്വതന്ത്രപഥം മാത്രമാണ് അയാളുടേതെന്നവിധിയിൽ പ്രാണശാചാര്യർ അവസാനം ചെന്നെത്തി.

പൊയ്മുഖങ്ങളുടെ മനസ്സാക്ഷിക്കു— അങ്ങനെ ഒന്നുണ്ടെങ്കിൽ— നടുക്കവും ആശ്ചര്യവും ജനിപ്പിക്കുന്ന തീരുമാനമാണ് ആചാര്യർ ഈ നേരത്ത് കൈക്കൊണ്ടതു. ആദ്യമേ നാരണപ്പന്റെ ശവം ദഹിപ്പിക്കുക— ബാക്കിയെല്ലാം പിന്നെ. (ജഡം സംസ്കരിച്ച വിവരമുണ്ടോ ആചാര്യൻ അറിയുന്നു!)

സംസ്കാരം, ഒരു കാവ്യമാണ്. നോവലിനെ കാവ്യമാക്കി ഉയർത്തുന്ന കൗചിത്യം, ധ്വന്യാത്മകത തുടങ്ങിയുള്ള പ്രസിദ്ധികളുടെ എല്ലാ സൗന്ദര്യങ്ങളും "സംസ്കാര"ത്തിന്റെ കിളിവാതിലുകളിലൂടെ നുകരുക അനുഭവപ്പെടുന്നു. മാരകമായ പ്ലേഗിന്റെ ഭീകരതകൾപോലും സൂചനകളിലൂടെയാണ നമ്മെ നടുക്കുന്നത്. വാചാലമല്ല, വ്യംഗ്യപ്രധാനമാണ ശൈലി. നിസ്സംഗമായ ആ പ്രതിപാദനരീതി, ഈ കാവ്യത്തിന്റെ ദാർശനികമായ മാനത്തിനു മാറ്റുകൂട്ടുന്നു. കഴിയുന്നതും ഗ്രാമ്യപദങ്ങളും ശൈലികളും പ്രയോജനപ്പെടുത്തി, ഈ ഉൽക്കൃഷ്ടമായ കന്നഡ നോവൽ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയ ശ്രീ. കെ. പി. ശങ്കരൻ തന്നെ ഗ്രഹിത കൃത്യമാണ നിർവ്വഹിച്ചത്.

—o—

(29-ൽനിന്നും തുടർച്ച)

അവൾ ചിരി തുടർന്നു. അവളുടെ ചിരിയുടെ മാറ്റൊലിപോലെ അയാളും ചിരിച്ചു.

ചിരികൾ മാഞ്ഞപ്പോൾ മല്ലിക അയാളെ അയാളുടെ കിടപ്പറയിലേക്കു നയിച്ചു.

അയാൾ കിടന്നുകഴിഞ്ഞാണ് അവൾ "ഗുഡ്നൈറ്റ്" പറഞ്ഞു പിരിഞ്ഞതു.

പിള്ളയ്ക്ക് ഉറക്കം വന്നില്ല. അയാളുടെ ഉള്ളിൽ ഒരു ഘോഷയാത്രപോലെ പേരുകൾ നിരന്നു. മറ്റൊരു ഗൃഹത്തിൽ, മറ്റൊരു നിലാവിന്നുചുവട്ടിൽ, മറ്റൊരു കടലോരത്തു്, വസിക്കുന്ന ആരുടെയൊക്കെയോ പേരുകൾ—

അയാളുടെ മനസ്സിന്റെ ചുണ്ടുകൾ ആ പേരുകൾ ഉരുവിടാൻ തുടങ്ങി.

ഓരോ പേരും ഓരോ സേർച്ച്ലൈറ്റിൽനിന്നുള്ള തീക്ഷ്ണപ്രകാശപ്രവാഹങ്ങൾപോലെ ഇരുട്ടിൽ മൂടിക്കിടന്ന ഒരു വിദൂരയുഗത്തെ അനാവരണംചെയ്യുകയായിരുന്നു.

(തുടരും)

ധന്യപുരാണം

(24 – ൽ നിന്നും തുടർച്ച)

റി അവർ ഞങ്ങളെ നായാടി. ഞങ്ങളെല്ലാവരും കയറ്റുമതിച്ചരക്കുകളാണെന്നു് അവർ പറഞ്ഞു. അതിനുമുമ്പ് ഇത്തിരി ഭോഗിച്ചുണ്ണമെന്നു് അവർ പറഞ്ഞു. പ്രമീളയും ശ്രുതിയും ലുബ്ധമതികളായിരുന്നു. ഞങ്ങളെ മൂന്നുപേരെയും ബലാൽസംഗംചെയ്തശേഷം അവർ പ്രമീളയെയും ശ്രുതിയെയും ബന്ധിച്ചു. ഞാൻ വഴുതിയോടി. മതിലുചാടിക്കടന്നു് എങ്ങോ ഓടി. ഞാൻ എത്തിച്ചേർന്നതു് വലിയൊരു തോട്ടത്തിലായിരുന്നു. ഞാൻ ആ തോട്ടത്തിലെ ചെടികൾക്കുള്ളിൽ ഒളിച്ചു—"

എന്റെ മകളേ, നീ ചെടികളിലൊളിച്ചു, വാതസേനൻ സ്വയംപറഞ്ഞു. വീണ്ടും വീണ്ടും പറഞ്ഞു. എന്തെന്നില്ലാത്ത ലാഘവംതോന്നി. നായാടപ്പെട്ടന്ന അനാഥയായ കുട്ടിയ്ക്കു ചെടിയിലൊളിക്കാം. സസ്യത്തിന്റെ അഗാധമായ ശാന്തിയിൽ ഒരുനിമിഷത്തേയ്ക്കു് വാതസേനന്റെ ബോധം നഷ്ടപ്പെട്ടു .. ആഴ്ന്ന പതനനീങ്ങിയ ഒരു മുഴക്കം വാതസേനനെ ഉണർത്തി. നിശ്ചല ഇപ്പോൾ മടിയിലില്ല. നിരത്തിലൂടെ വലിയൊരാൾക്കൂട്ടം ഓടുന്നു. പോലീസുഭടന്മാരും തൊഴിലാളികളും. അവർ ഓടിയകന്നു. അകലത്തെവിടെയോ അന്തർവ്വാഹിനികളെപ്പോലെ തെരുവുകൾ മുഴങ്ങി,

ദുഃഖത്തോടെ വാതസേനൻ എണീറ്റു. അയാൾ ആകാശത്തേയ്ക്കു മുഖമുയർത്തി. നക്ഷത്രങ്ങൾ മുഴുവനും അസ്തമിച്ചുകഴിഞ്ഞിട്ടില്ല. അയാൾ ധൃതിവെച്ചു മുന്നോട്ടുനടന്നു.

നിരത്തിൽ ഒരുസംഘം തൊഴിലാളികൾ അയാളെ തടഞ്ഞു.

"ആ പെൺകുട്ടിയെവിടെ?" അവർ ചോദിച്ചു.

"നിങ്ങളാരാണു"?" വാതസേനൻ ചോദിച്ചു

"ഞങ്ങൾ തൊഴിലാളികളാണു". അവർ പറഞ്ഞു. "അദ്ധ്വാനിക്കുന്ന ജനവിഭാഗം. ആയുധനിർമ്മാണശാലകളിലും ജഡവില്പനസ്ഥാപനങ്ങളിലും ആയിരക്കണക്കിനു" ആളുകൾ അദ്ധ്വാനിയ്ക്കുന്നു. ആ അദ്ധ്വാനത്തിന്റെ ഫലം ചൂഷകവർഗ്ഗങ്ങൾ തട്ടിയെടുക്കുന്നു" ഞങ്ങൾ തടയാൻപോവുകയാണു". അടിയന്തരാവസ്ഥ നീണാൾ വാഴട്ടെ!"

തെരുവിൽ ഇങ്ങിനെയാണു", വാതസേനൻ പെട്ടെന്നോർത്തു സ്ഥലകാലങ്ങളെയും സന്ദർഭങ്ങളെയും അവഗണിച്ചുകൊണ്ടു് സംഭാഷണം എങ്ങോ, എങ്ങോവഴുതി നിരത്തായ്മയിലേയ്ക്കു.

"തൊഴിലാളികളേ," വാതസേനൻ പറഞ്ഞു, "ആയുധനിർമ്മാണത്തിൽനിന്നും ജഡവില്പനയിൽനിന്നുമൊക്കെയുള്ള ലാഭം ചൂഷകന്മാർ തട്ടിയെടുത്തുകൊണ്ടു, അല്ലേ?"

"അതെ."

"ആയുധത്തിൽനിന്നും ജഡത്തിൽനിന്നുമുള്ള ലാഭം അധ്വാനിയ്ക്കുന്ന ജനവിഭാഗത്തിനുതന്നെ വേണം, അല്ലേ?"

"അതെ. മിച്ചമൂല്യത്തെപ്പറ്റി കാറൽമാർക്സ് എഴുതിയ ഗ്രന്ഥം നിങ്ങൾ വായിയ്ക്കണം."

"ആയുധനിർമ്മാണവും ജഡവില്പനയും ജനകീയമാക്കണം. എന്താ?"

"അതെ. യുദ്ധങ്ങളെ ദേശസാൽക്കരിയ്ക്കണം. സ്വന്തം ജഡങ്ങളുടക്കം ജഡങ്ങളുടമേൽ പൌരനു് അവകാശങ്ങൾ പാടില്ല. ഈ അവകാശങ്ങൾ കുത്തകമുതലാളിത്തത്തെ മാത്രമേ സഹായിയ്ക്കൂ."

"യുദ്ധങ്ങൾ വേണ്ടെന്നുവെച്ചാലോ?"

"യുദ്ധങ്ങൾ വേണ്ടെന്നുവെയ്ക്കുകയോ! വിശേഷം! അദ്ധ്വാനിയ്ക്കുന്ന ജനവിഭാ

ധർമ്മപുരാണം

ഗത്തിനു് നഷ്ടചരിത്രാരം നിശ്ചയിച്ച ശ്രേഷ്ഠമ യുദ്ധങ്ങൾ വേണ്ടെന്നുവെ യ്ക്കാൻ ഞങ്ങൾ സമ്മതിയ്ക്കു. ഞങ്ങൾ ആയുധത്തൊഴിലാളികളാണു്—"

"ഞാൻ കൂലിപ്പട്ടാളക്കാരനാണു്—"

"ഞങ്ങളുടെ ഉപഭോക്താവു്. സന്തോഷം—"

"എനിയ്ക്കു സന്തോഷമില്ല," വാതസേനൻ പറഞ്ഞു, "ഞാൻ എന്റെ തോക്കു്, നിങ്ങളുടെ ഉല്പന്നം, വലിച്ചെറിഞ്ഞു. എനിയ്ക്കു നിങ്ങളുടെ യുദ്ധവും സമൃദ്ധിയും വേണ്ട. ഞാൻ ഒരു പെൺകുട്ടിയ്ക്കുവേണ്ടി ദുഃഖിച്ചും ചെടികളെ സ്വപ്നംകണ്ടും ഈ യാമത്തിന്റെ പകുതിയും നഷ്ടപ്പെടുത്തി. ഞാൻ നിങ്ങളുടെ തൊഴിൽശാലകൾ ഈ രാത്രി നശിപ്പിയ്ക്കേണ്ടതായിരുന്നു. ഇനിയാകട്ടെ എനിയ്ക്കതിനു സമയവുമില്ലാതായ്ക്കഴിഞ്ഞിരിയ്ക്കുന്നു. വഴിമാറുവിൻ."

തൊഴിലാളികളുടെ ഭാവം പകർന്നു.

"അതിരുവിട്ടോടിയ കൂലിപ്പട്ടാളക്കാരനോ!" അവർ പറഞ്ഞു. "രാജ്യദ്രോഹി! യന്ത്രത്തിന്റെയും വ്യവസായത്തിന്റെയും ശത്രു. അവനെത്തടയുവിൻ!"

"ഇതു് അടിമയുടെ രാത്രിയാണു്," വാതസേനൻ പറഞ്ഞു. "തൊഴിലാളികളേ, മാറുവിൻ!"

മുമ്പിൽ നിരന്നുനിന്ന മനുഷ്യരെ രണ്ടായ്പ്പകുത്തുകൊണ്ടു് വാതസേനൻ മുന്നോട്ടനടന്നു. അയാൾ വേഗം നടന്നു. പിന്നെ അയാൾ ഓടാൻ തുടങ്ങി.

തെരുവിലൂടെ വേഗത്തിൽ പിന്നെയും വേഗത്തിൽ അയാൾ ഓടി. ആയുധനിർമ്മാണശാലയിലെ തൊഴിലാളികൾ അയാളുടെ പിന്നാലെ ഓടി.

"അവനെത്തടയുവിൻ!" അവർ ആർത്തുവിളിച്ചു. "രാജ്യദ്രോഹിയെപ്പിടിയ്ക്കുവിൻ!"

തെരുവുകൾ അയാൾക്കു വഴികൊട്ടി. ഇതിലെ, ഇതിലെ. ഇപ്പോൾ വളരെദൂരം പിന്നിട്ടിരിയ്ക്കുന്നു. തൊഴിലാളികളുടെയും ഭടന്മാരുടെയും ആരവം ബലാൽസംഗംചെയ്യപ്പെട്ട നിശ്ചലയുടെ നിശ്വാസത്തെപ്പോലെ നേർത്തുനേർത്തു നഷ്ടപ്പെട്ട നക്ഷത്രങ്ങൾ അസ്തമിയ്ക്കുന്നു. തടവറ അടയുംമുമ്പു്, വേഗത്തിൽ, വേഗത്തിൽ: വാതസേനൻ മുന്നോട്ടാഞ്ഞു.

ക്രമത്തിലുകളും കൊത്തളങ്ങളും ചുറ്റും കിടങ്ങുമുള്ള തടവറ. പ്രവേശനദ്വാരത്തിൽ ഉയർത്തുകയും താഴ്ത്തുകയും ചെയ്യാവുന്ന അഴിവാതിൽ. കന്തങ്ങളെപ്പോലെ ക്രൂരത അഴികളുടെ അററങ്ങൾ.

ഗോസായിയമ്മാവന്റെ തടവറ.

ഓടിയോടിത്തളർന്ന കാലുകൾ ദുർബ്ബലങ്ങളായ്ത്തീരുന്നു. വാതസേനൻ മുട്ടുർന്നുവീണു. പിന്നെ മുട്ടുകുത്തിയും, ഇഴഞ്ഞും മുന്നോട്ടുനീങ്ങി.

"ഗോസായിയമ്മാവാ," വാതസേനൻ പറഞ്ഞു, "ഇന്നു് അടിമയുടെ രാത്രിയായിരുന്നല്ലോ. അങ്ങെന്താണു് ഈ തടവറയിൽനിന്നു പുറത്തുകടക്കാഞ്ഞതു്?"

"ഞാൻ സ്വാർത്ഥിയായിരുന്നു, വത്സാ, എന്നോടു ക്ഷമിയ്ക്കുക," തടവറയുടെ ഉള്ളറകളിലെവിടെനിന്നോ ഒരു ശബ്ദം മറുപടിപറഞ്ഞു. "ബന്ധനത്തിന്റെ സ്വാതന്ത്ര്യംകൊണ്ടു് ഞാൻ ധൂർത്തടിയ്ക്കുകയായിരുന്നു. നോക്കുക, പുറത്തതുപോലും പാരതന്ത്ര്യമാണു്. ഇരുനകത്തും ബന്ധനം സത്യസന്ധമാണു്. അതെന്നെ സുഖിപ്പിച്ചു. ഞാനൊരു ധാരാളിയാണു്."

"ഗോസായിയമ്മാവാ," മങ്ങുന്ന ബോധത്തിലൂടെ വാതസേനൻ വിളിച്ചു, 'ഇന്നു' അടിമയുടെ രാത്രിയായിരുന്നല്ലോ. ആയുധമുണ്ടാക്കുന്ന തൊഴിൽശാലകളെ അങ്ങു് എന്തുകൊണ്ടു നശിപ്പിച്ചില്ല?"

തടവറ അതിന്റെ ഇരുട്ടിൽ, ഉള്ളിൽ, ദുഃഖം പൂക്കയാണെന്നു തോന്നി. ഒരുപാടുനേരം കഴിഞ്ഞേ ഗോസായിയമ്മാവൻ മറുപടി പറഞ്ഞുള്ളു.

"വത്സാ," ഗോസായിയമ്മാവൻ തടവറയ്ക്കുള്ളിനിന്നു പറഞ്ഞു, "ഞാനീ സുഖത്തിൽ എല്ലാം മറന്നു. തടവറയുടെ ആസക്തിയ്ക്കു ഞാൻ വഴങ്ങി. എന്നോടു പൊറുക്കുക. ആയുധങ്ങളുണ്ടാക്കുന്ന തൊഴിൽശാലകളെ മാത്രമല്ല, സമ്പത്തു സൃഷ്ടിയ്ക്കുന്ന, അധികാരം സൃഷ്ടിയ്ക്കുന്ന, തൊഴിൽശാലകളെയെല്ലാം നശിപ്പിയ്ക്കുന്നതാണു് നിന്റെ ധർമ്മമായിരുന്നു.

"ഗോസായിയമ്മാവാ, അവർ നിശ്ചലയെ ആട്ടിപ്പിടിച്ചപ്പോൾ?"

വീണ്ടും ഒരു പാടുനേരത്തേയ്ക്കു് തടവറ നിശ്ശബ്ദമായി. പിന്നെ അതിന്റെ തപിയ്ക്കുന്ന സ്വരം വാതസേനന്റെ മനസ്സിൽ മുഴങ്ങി, "വത്സാ, നിശ്ചലയെ ആട്ടിപ്പിടിച്ചതു് അവരല്ല. നാമെല്ലാമാണു്. ഞാനും നീയുമടക്കം. നിർദ്ദോഷമായ അന്ധതയിൽനിന്നു മുഖം തിരിച്ചു് സത്യത്തിന്റെ ബാഹ്യദർശനം നേടിയ ഗലീലിയോവിൽനിന്നിങ്ങോട്ടു് നാമെന്തും സൃഷ്ടിച്ചതു് ഹിംസയും വേദനയും മാത്രമായിരുന്നു. ആ പുരോഗതി മാത്രമാണു് നാം നിശ്ചലയുടെമേൽ അടിച്ചേല്പിച്ചതു്."

നിശ്ചല, നിശ്ചല. ചിലങ്കകളുടെ സ്വരം പോലെ ആ പേരു് വാതസേനന്റെ ബോധത്തിന്റെ ലയത്തിൽ കിലുങ്ങി. ചിലങ്കയിട്ടു് നഗ്നയായി നിന്ന നിശ്ചലയ്ക്കുപ്പോൾ വലിയ മുലകളുണ്ടായിരിയ്ക്കുന്നു. ബലാൽസംഗത്തിന്റെ ചോര കഴുകിക്കളഞ്ഞ യോനീമുഖവും ഉടകേളും സച്ചിദാനന്ദമായിരുന്നു.

"അമ്മാവാ, വരൂ," അവൾ പറഞ്ഞു. "തൊഴിലാളികളുടെ ബലാൽസംഗം തുടച്ചു കഴുകപ്പെട്ടല്ലോ. ഞാനിപ്പോൾ സുഗന്ധിയാണു്. പുതുമണവാട്ടിയാണു്."

"നിശ്ചലേ അടിമയുടെ രാത്രി അവസാനിയ്ക്കുന്നു. ഞാൻ ഒന്നും നിറവേറ്റിയില്ല."

"അമ്മാവാ, എന്റെ ഉടകൾ നോക്കൂ. എന്റെ അടിവയറും മുലകളും കടഞ്ഞെടുത്ത കൈകളും എന്റെ ചുണ്ടിന്റെ പൂർണ്ണത നോക്കൂ."

"അയ്യോ, എന്റെ മകളേ—"

നിശ്ചലയുടെ സ്പർശം അയാളുടെ ഉടലിനെയത്രയും മൂടി. അംഗം അംഗത്തിൽ വിശ്രമിച്ചു. അംഗം അംഗത്തിൽ ഉണർന്നു. നിശ്ചലയുടെ മുലകളിലമർന്നു, നിശ്ചലയുടെ ചുണ്ടും കണ്ണും കവിളും കണ്ടുകൊണ്ടു്, ഇന്ദ്രജാലത്തിലെന്നപോലെ മൂന്നും പിന്നും തരുമിച്ചുകണ്ടുകൊണ്ടു്, മാർദ്ദവവും ദാർഢ്യവും അറിഞ്ഞുകൊണ്ടു്, നനവും മിനുപ്പും അറിഞ്ഞുകൊണ്ടു്, ഉള്ളും പുറവും സ്പർശിച്ചു്, സ്പർശവും സ്പർശവും അലിയിച്ചുചേർത്തു്, ചിലങ്കയുടെ ആദിതാളംപോലെ അപാരമായ സംഖലനം ഒഴുകിപ്പടർന്നു ശമിച്ചു.

നിശ്ചലയുടെ ചിരി കലുഷമായി ചുവിലമ്പി.

തൊഴിൽശാലയും മിച്ചമൂല്യവും ജയിയ്ക്കട്ടെ!" പുതിയതും പൈശാചവുമായ ഒരു സ്വരത്തിൽ അവൾ പറഞ്ഞു. "പുരോഗതി ജയിയ്ക്കട്ടെ!"

നിശ്ചേഷ്ടനായി വാതസേനൻ പ്രവേശനദ്വാരത്തിനു കുറുകെവീണു. ഒരു നാഗരാജഡത്തെപ്പോലെ അയാൾ നെടുകെ വിലങ്ങെക്കിടന്നു. പടിപ്പുരക്കാ

ധർമ്മപുരാണം

ധർമ്മപുരാണം

അളത്തിന്റെ ഉയരങ്ങളിലെവിടെയോ ഭീമങ്ങളായ ചക്രങ്ങൾ തുരുപ്പിടിച്ച അച്ചുതണ്ടുകളിൽ കറങ്ങാൻതുടങ്ങി. കമ്പിയഴിവാതിൽ താഴോട്ടിറക്കുകയാണു് വാതസേനനോടു്. അഴികളുടെ അധോമുഖങ്ങൾക്കു് കന്തങ്ങളുടെ കൂർപ്പാണു്.

നെഞ്ചിലൂടെ, ഹൃദയത്തിലൂടെ, ശ്വാസകോശത്തിലൂടെ, കമ്പിയഴികൾ തറഞ്ഞിറങ്ങിയപ്പോൾ അവസാനത്തെ നക്ഷത്രവും അസ്തമിച്ചുകഴിഞ്ഞിരുന്നു. അന്ധവും രൂക്ഷവുമായി സൂര്യനുദിച്ചുപൊങ്ങി... ചക്രങ്ങൾ പിന്നെയും ഞരങ്ങി. കമ്പിയഴികൾ കൂട്ടുതൽ ആഴത്തിൽ തറഞ്ഞിറങ്ങി. ദൈവമേ, എത്രവേദന! ഈ വേദനയ്ക്കായി ഈ കാലമത്രയും കാത്തുകാത്തു കഴിഞ്ഞതായിരുന്നല്ലോ. കൂലിപ്പട്ടാളക്കാരന്റെ ചോര തടത്തല്ലിയൊഴുകി. ചുകന്നരക്തം ഒഴുകിയതു് തണുക്കാൻ തുടങ്ങുന്നു: ഉമ്പികളുടെ നർമ്മസല്ലാപത്തിനൊത്തു്, നേത്ത ചിലന്തിനൂലുകളുടെ സൂര്യപ്രഭയ്ക്കൊത്തു്, ഇലകളുടെ ഇളക്കത്തിനനുസരിച്ചു്. പതുക്കെപ്പതുക്കെ ഒഴുകിപ്പോകുന്നു. ഇതെന്താണു്? ജാഹ്നവി! ജാഹ്നവിയുടെ തടത്തിൽ സുനന്ദനും ലാവണ്യയും നിന്നു...

തെളിവെയിലു് വാതസേനന്റെ ജഡത്തിൽവീണു. ചക്രങ്ങൾ തിരിച്ചുയർത്തി കാവൽക്കാർ അതിനെ കമ്പിയഴികളിൽനിന്നടർത്തി.

"സാമ്രാജ്യദ്രോഹത്തിന്റെ ചാരൻ," ഒരു പാറാവുകാരൻ പറഞ്ഞു.

"സംശയമില്ല.

"ഏഴാം കപ്പൽപ്പട ഇറക്കിവിട്ടതാവുമോ? അതോ ഹൂണന്മാർ അയച്ചതോ?"

"ഒരിരുപതു കൊല്ലംമുമ്പു്," കിഴവനായ ഒരു പാറാവുകാരൻ പറഞ്ഞു, "സോവിയറ്റു് ചാരന്മാരായിരുന്നു ഇന്നു മറിച്ചും.

"വാസ്തവം," മറ്റൊരുവൻ പറഞ്ഞു. "ധർമ്മപുരിയെപ്പോലുള്ള ഒരു സംസ്കൃതരാഷ്ട്രത്തിനു് സ്ഥിരം ചാരന്മാരില്ല, സ്ഥിരമായ താല്പര്യങ്ങളേയുള്ളൂ. എന്നും ചാരഭീതി തുടർന്നുകൊണ്ടിരിക്കും. നമ്മുടെ പുരോഗതിക്കു് കൂടുതൽ മതാഴിൻശാലകളുണ്ടാകുമ്പോലെ കൂടുതൽ തടവറകളും വേണം."

"വേണം."

"ഈ ശവത്തെ കയറഴിയ്ക്കാൻ പറ്റാതായി. എല്ലാം തുളഞ്ഞുപോയല്ലോ."

"അതുയും വിദേശനാണ്യം നഷ്ടം."

"ശരി, ഇതിനെ സോപ്പുനിർമ്മാണശാലയിലേയ്ക്കയയ്ക്കൂ."

"സോപ്പുണ്ടാക്കാൻ വേണ്ടതു കൊഴുപ്പുപോലും ഇതിലുണ്ടെന്നു തോന്നുന്നു."

"സമുദായത്തോടു് അതുപോലും കടപ്പാടില്ലാത്തൊരു ശവം. കൊണ്ടുപോവൂ."

"നമ്മുടെ രാഷ്ട്രത്തെ നേരിട്ടിരിയ്ക്കുന്ന ഈ അടിയന്തരാവസ്ഥയിൽ അസംസ്കൃതപദാർത്ഥങ്ങൾ നഷ്ടപ്പെട്ടുത്തിക്കൂടാ."

കിങ്കരന്മാർ ശവത്തെ വലിച്ചിഴച്ചുകൊണ്ടുപോയി. ചോരച്ചാലുകളിൽ ഉറുമ്പുകൾ തടിച്ചുകൂടി. മനുഷ്യനും ചെറുജീവിയുമായുള്ള ഉടമ്പടിയിൽ അവർ ആ ചോരനക്കിക്കുടിച്ചു.

പ്രഭാതത്തിന്റെ അന്ധതയിൽ, തടവറയുടെ ഉൾപ്രഭയിൽ, ഗോസായിയമ്മാവൻ ഗാഢമായുറങ്ങി.

(തുടരും)

—o—

26

"ശ്രീധരൻചേട്ടൻ" എന്നിട്ടു് ദേവു് പറഞ്ഞു—"എന്തോ മായം ഈ പെണ്ണിനുണ്ടെന്നു തീർച്ച."

ഞാൻ അഹങ്കാരത്തോടെ നിന്നു.

ദേവും. ശ്രീധരൻപിള്ളയുംകൂടി എന്നെ നോക്കി എന്തോ പറയുകയാണു്. ദേവും ഞാനും അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിച്ചു. എന്നിട്ടു് ദേവു് പറഞ്ഞു—

"ഞാൻ എഴുതാൻ പോകട്ടെ."

അമ്പതാം ദിവസം അദ്ദേഹം ഞങ്ങളോടൊത്തു് താമസിച്ചു.

പോകുന്നതിനുമുമ്പു് എന്നോടൊരു പുസ്തകംതന്നിട്ടു പറഞ്ഞു:

"കുട്ടി ഇതു വായിക്കണം. ദൈവസ്തുതിയാണു്. കേശവനും ഒരു കുഞ്ഞുണ്ടാകണം."

ഞാൻ പുസ്തകംവാങ്ങി ചിരിച്ചുകൊണ്ടു ദേവിന്റെ അടുത്തേയ്ക്കോടി. ദേവു് പറഞ്ഞു—

"നീ പുസ്തകം വായിക്കു"; അപ്പോൾ കൊച്ചു് വയറ്റിൽ വളരും."

ഞാനും ദേവും പൊട്ടിച്ചിരിച്ചു.

ഒരു ദിവസം ഞാൻ അസുഖമായി കിടപ്പാണു് അദ്ദേഹം എന്നെ ഉറക്കെ വിളിയ്ക്കുന്നു. ഞങ്ങൾ എഴുന്നേറ്റു് അടുത്തുചെന്നു. രണ്ടുപേർ അദ്ദേഹത്തിന്റെ മുൻപിലുണ്ടു്. സഹോദരിയും സഹോദരനുമാണെന്നതോന്നി. എന്നിട്ടു് എന്നെനോക്കി അദ്ദേഹം പറഞ്ഞു.

എന്റെ ഏകസഹോദരിയുടെ മകളും മകനുമാണു് ഇവർ എം. എക്കാരയും ബേ"ളാക്കു് ഡവലപ്പ്മെന്റു് ആഫീസറാണു്. ഇവൻ ഇൻജിനിയറിംഗിങ്ങിനു് പഠിക്കുന്നു" ഞാൻ ചിരിച്ചുകൊണ്ടു് രണ്ടുപേരേയും മുറിയ്ക്കുള്ളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

സരസ്വതി എന്നാണവരുടെ പേർ. ഞങ്ങൾ പെട്ടെന്നതന്നെ പരിചയക്കാരായി. രാജുവും അവരും ഊണുകഴിഞ്ഞു. പെട്ടെന്നുതന്നെ ഗമാമെന്നു പറഞ്ഞുപോയി. സരസ്വതിയെ ഞാൻ പേരുവിളിക്കാറില്ല. സിനിമയിലൊ നാടകത്തിലൊ ഉള്ള പല്ലു പേരാണു വിളിയ്ക്കുക. എന്നിൽനിന്നും മുത്തശ്ശികളെ പലരേയും ഞാൻ പേരുവിളിയ്ക്കുണ്ടു്. പക്ഷെ, സരസ്വതിയെ പേരുവിളിക്കില്ല.

ഒരുമാസത്തിനകം അവർക്കു് തിരുവനന്തപുരത്തു് അതിയന്നൂർ എന്ന സ്ഥലത്തു് സ്ഥലംമാറ്റമായി ഞങ്ങളുടെ വീട്ടിൽ താമസവുമായി. ഞങ്ങൾതമ്മിൽ പറയാത്ത ഒരു രഹസ്യവുമുണ്ടായിരുന്നില്ല. അത്രയ്ക്കു് ആത്മാർത്ഥത ഞങ്ങൾതമ്മിൽ കൈമാറിയിരുന്നു.

ഒരു ദിവസം അവർ എന്നോടു പറഞ്ഞു.

"അമ്മായിയ്ക്കു് ഗർഭമുണ്ടാകാൻ താമസിയ്ക്കുന്നതു് ആദ്യത്തെ ഗർഭം അലസിപ്പിയ്ക്കലിൽ എന്തോ തകരാറു സംഭവിച്ചിട്ടുണ്ടു്. എന്റെ ബേ"ളാക്കിലുള്ള എല്ലാപേരും പറയുന്ന ഇതൊക്കെ കണ്ടുപിടിക്കാൻ ഡാക്ടർ ഗോവിന്ദനോളം വിദഗ്ധൻ ആരുമില്ലെന്നു്. നമുക്കൊന്നു അദ്ദേഹത്തെ കണ്ടാലൊ?"

ഞാൻ പറഞ്ഞു—

"വിവേകാനന്ദൻചേട്ടനും ഡാക്ടർ ഗോവിന്ദനെപ്പറ്റി പറഞ്ഞിട്ടുണ്ടു്."

ദേവു് വിവേകാനന്ദൻചേട്ടനെ ഫോണിൽ വിളിച്ചു. ഇതിനെപ്പറ്റി ആലോചിച്ചു. സമയം നിശ്ചയിച്ചു. ഡാക്ടറെ വിളിച്ചുറിയിച്ചു. ഞാനും, ദേവും, വിവേകാനന്ദൻചേട്ടനും, സരസ്വതിയുമായി ഡാക്ടർ ഗോവിന്ദന്റെ വീട്ടിലേയ്ക്കു പുറപ്പെട്ടു.

ഡാക്ടറുടെ വീട്ടിൽ ചെന്നയുടനെ ഞാൻ സരസ്വതിയോടു പറഞ്ഞു.

"എനിയ്ക്കു് പേടിതോന്നുന്നു. ദേഹം വിറയ്ക്കുന്നു. ആരാ നോക്കുന്നതു്"?



സീതാലക്ഷ്മീദേവ്

ഇതു കേട്ട വിവേകാനന്ദൻചേട്ടൻ എന്തൊക്കെയോ പറഞ്ഞു കളിയാക്കുന്നുണ്ടായിരുന്നു. ഭയംകൊണ്ട് എനിയ്ക്കു ചിരിയ്ക്കാൻ കഴിഞ്ഞില്ല.

ഞങ്ങൾ നാലുപേരും അദ്ദേഹത്തിന്റെ സഹീകരണമുറിയിൽ ഇരുന്നു. ഡാക്ടർ വന്നു. കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം പറഞ്ഞു.

"നിങ്ങൾ രണ്ടുപേരും മുകളിലേയ്ക്കു വരിക."

ഞാനും സരസ്വതിയും അദ്ദേഹത്തോടൊപ്പം കൺസൾട്ടിംഗ് മുറിയിലേയ്ക്കു പോയി:

അദ്ദേഹം എന്നെ പരിശോധിച്ചു. മുറിയിൽനിന്നിറങ്ങിയിട്ട് വിവരങ്ങളൊക്കെ ചോദിയ്ക്കുകയാണു്. എന്നിട്ട അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു.

എല്ലാം ഉറപ്പാണു പറയണം."

ഞാനും സരസ്വതിയും തമ്മിൽ തമ്മിൽ നോക്കുകയാണു്. വക്കീലിനേയും ഡാക്ടറേയും ഒളിയ്ക്കാൻ പറ്റില്ലല്ലൊ. വീട്ടിൽ നിന്നിറങ്ങിയപ്പോൾതന്നെ ദേവു് എന്നോടു പറഞ്ഞു.

"ഡാക്ടറോടു എല്ലാം ഉറപ്പു പറയണം."

ഞങ്ങൾ എല്ലാം അദ്ദേഹത്തോടു പറഞ്ഞു. എന്താണു കുഴപ്പമെന്നു് അദ്ദേഹം മനസ്സിലാക്കി. ഒരു ഗർഭം അലസിയതാണു കുഴപ്പം. അദ്ദേഹം പറഞ്ഞു.

"ഞാൻ ശരിയാക്കിത്തരാം. വിഷമിക്കേണ്ട." ഡാക്ടറോടു യാത്ര പറഞ്ഞു ഞങ്ങൾ താഴെവന്നു. ഞങ്ങൾ നാലുപേരും കാറിൽ കയറി. വിവേകാനന്ദൻ ചേട്ടൻ ചോദിച്ചു —

"സീതയെ ശ്രീരാമൻതന്നെ നോക്കമെന്നാ വിചാരിച്ചതു് അല്ലെ?"

എല്ലാപേരും പൊട്ടിച്ചിരിച്ചു.

സരസ്വതി ദേവിനോടു പറഞ്ഞു—

"അമ്മാവാ! എന്തൊരു ഡാക്ടർ, എല്ലാ തന്ത്രയത്രമായി വിവരങ്ങൾ ചോദിക്കുന്നു. ഞങ്ങൾ എല്ലാം ഉറപ്പു പറഞ്ഞു അമ്മായി മടിച്ചു ഞാനും മടിക്കാതിരുന്നില്ല. പക്ഷെ എല്ലാം ഉറപ്പു പറഞ്ഞു. ഇടയ്ക്കിടയ്ക്കു പോകണം. കുറേ മരുന്നുകൾ കുറിച്ചു തന്നിട്ടുണ്ടു്."

ദേവു് പറഞ്ഞു.

"സീതയുടെ വയറുവേദന നല്ലണം. വിദഗ്ദ്ധനായ അദ്ദേഹത്തെ ആദ്യമെ കണ്ടിരുന്നെങ്കിൽ കുഴപ്പമെല്ലാം എന്നേ മാറുമായിരുന്നു."

വിവേകാനന്ദൻചേട്ടൻ പറഞ്ഞു—

"ഡാക്ടരുടെവീട്ടിൽ ചേട്ടൻകൂടി പോകണമെന്നില്ല. കുട്ടിനു് ആരെങ്കിലുംകൂടി പോയാൽ മതി. ആവശ്യമെന്നുകണ്ടാൽ മാത്രം മതി ചേട്ടൻ പോകുന്നതു്."

ഇതിനിടെ സരസ്വതി വീട്ടിലേറി. അച്ഛനും, താജുവും, സോമനും. എല്ലാവർക്കും കൂടി താമസിക്കുവാനുള്ള സ്ഥലസൗകര്യം ഞങ്ങൾ താമസിക്കുന്ന വീട്ടിനില്ലായിരുന്നു. കാലടിപരമേശ്വരൻപിള്ളയുടെ മാരുവീട്ടിനടുത്തുള്ള ഒരു വീട്ടിൽ വാടകയ്ക്കുതരമാക്കിയായി. ഡാക്ടരുടെ വീട്ടിൽ കിക്കുവാനും സരസ്വതിയുംകൂടി വരുമായിരുന്നു.

കുറച്ചുദിവസം പോയിക്കിട്ടിയപ്പോൾ ഡാക്ടരുടെ വീടു് എന്റെ വീടുപോലെ അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ കുടുംബവുമായി ഞാൻ വളരെ അടുത്തു ഡാക്ടരുടെ മകൾ ഉഷ, മകൻ കൃഷ്ണകുമാർ, എല്ലാം എന്റെ സഹോദരങ്ങളായും അമ്മയും ഡാക്ടറും എന്റെ അച്ഛനമ്മയുമായും എനിയ്ക്കനുഭവപ്പെട്ടു. ദേവിനോടു ഞാൻ പറഞ്ഞു

"വാത്സല്യനിധിയായ എന്റെ അച്ഛൻ മരിച്ചുപോയി. ഡാക്ടർ ഗോവിന്ദനെ കാണുമ്പോൾ എന്റെ അച്ഛനെ ഓർത്തു പോകുന്നു."

ദേവു് ചിരിച്ചുകൊണ്ടുതന്നോടുപറഞ്ഞു.

"അപ്പോൾ ഡാക്ടർ നിന്റെ അച്ഛനായി തോന്നുന്ന അല്ലെ?"

ഫോണിൽക്കൂടി ദേവു് വിവേകാനന്ദൻ ചേട്ടനെ വിളിച്ചുപറഞ്ഞു.

"ഡാക്ടർ വളരെ ശ്രദ്ധയോടെ നോക്കുന്നുണ്ടു്. സീതയുടെ അസുഖമെല്ലാം മാറി. ഒട്ടുത്തതന്നെ മാതാവാകാനുള്ള സാദ്ധ്യതയുണ്ടു്."

ഇടക്കിടക്കു് വിവേകാനന്ദൻചേട്ടൻ പറയുമായിരുന്നു. "ഡാക്ടരുടെ വീട്ടിൽ ഞാനാണു് കൊണ്ടുപോയി പരിചയപ്പെടുത്തിയതു്. ഇപ്പോൾ സീത ഡാക്ടരുടെമകളും ഡാക്ടർ അച്ഛനുമായി. ഞാൻ വെളിയിലുമായി."

ഞാനും ദേവും പൊട്ടിച്ചിരിയ്ക്കും.

ഒരുദിവസം ഒരു സുഹൃത്തു ദേവിനെ ഫോണിൽ വിളിച്ചുപറഞ്ഞു

"ദേവിന്റെ കൊടയിൽനിന്നു് എന്ന പുസ്തകം S. S. L. C യ്ക്കു് പഠിയ്ക്കാനായി എടുത്തിട്ടുണ്ടു്."

എന്തറിഞ്ഞാലും, എത്രണ്ടായാലും അദ്ദേഹം എന്നെ വിളിയ്ക്കാറുണ്ടായിരുന്നു. അതുപോലെ ഈ വിവരവും എന്നോടുവിളിച്ചുപറഞ്ഞു.

"ഞാൻ പറഞ്ഞു കൊടുക്കുവേണ്ട, വീട്ടുകാരനെ ഉടനെ വയ്ക്കാമെന്നു്." അദ്ദേഹം ചിരിച്ചുകൊണ്ടു് എന്നെ വാരിപ്പുണർന്നു.

ദേവിന്റെ പുസ്തകം പാഠപുസ്തകമായി എടുത്തു. വീട്ടുവയ്ക്കാൻ തടി എടുക്കാൻ അഡ്വാൻസ്കൊടുത്തു. പൂജപ്പുര കെ. എസ്സു്. നായരാണു് ഇതിനൊക്കെ അദ്ദേഹത്തെ സഹായിച്ചതു്. ലോറിയിൽ തടിവന്നു. വീട്ടുകാരെത്തു ആൾക്കാർ തടി ഇറക്കുന്നതിന്റെ ബഹളം. ഞാൻ എന്റെ ചെല്ലുക്കുട്ട (പട്ടിയുടെ പേരു്) നേയും പിടിച്ചുകൊണ്ടു് നോക്കിനിൽക്കുകയാണു്. അവൻ ലോറിയുടെ സമീപത്തേയ്ക്കു ഓടാനായി ഭാവം എനിയ്ക്കു് കുട്ടിനായി നിറുത്തിയിരിയ്ക്കുന്ന വയസ്സായ കുഞ്ഞിയുമുണ്ടു്. കുഞ്ഞി എപ്പോഴും എന്റെകൂടെ ഉണ്ടാകും. എന്തെങ്കിലും ചില്ലറ ജോലികൾ ചെയ്തുകൊണ്ടിരിയ്ക്കും. സരോജനി അടുക്കളയിലും. ദേവു് തടി ഇറക്കിയതിന്റെ കണക്കൊക്കെ തീർത്തു.

ഞാൻ പറഞ്ഞു.

"പുതിയവീടിന്റെപേരുനിശ്ചയിക്കണം."

അദ്ദേഹം ചിരിച്ചുകൊണ്ടു് എന്നെ നോക്കുകയാണു്. പെട്ടെന്നു് ഗോറിനടുത്തു് ഒരു ശബ്ദം. ഞങ്ങൾ രണ്ടുപേരും ആ വശത്തേയ്ക്കു് കണ്ണോടിച്ചു അതുത്തമ സംകേതത്തിയ മീഴികളാൽ ദേവു് എന്റെ മുഖത്തേയ്ക്കുനോക്കി.

ഞാൻ ചിന്താമഗ്നയായിനിന്നു. അദ്ദേഹം എന്നെ തട്ടി ഉണർത്തി. എന്നിട്ടുപറഞ്ഞു

"അമ്മയുടെ അടുത്തേയ്ക്കു പോകു."

ഞാൻ അമ്മയുടെ അടുത്തേയ്ക്കുചെന്നു.

അമ്മയും മകളും പരസ്പരം നോക്കുകയാണു്. ഞങ്ങളെ കോടതിയിൽ കയറി, ദേവിന്റെ ജോലിപോയി എല്ലാം തീർന്നു

പുസ്തകവാർത്ത

സുപ്രസിദ്ധ നാടകകൃത്തായ

കെ. ടി. മുഹമ്മദിന്റെ

സൃഷ്ടികൾ

സൃഷ്ടി, സ്ഥിതി, സംഹാരം, സാക്ഷാത്കാരം, സമന്വയം, സനാതനം എന്നിവയാണു്.

സൃഷ്ടികൾ

നാനൂറിൽപരംപേജ്, കട്ടിബയ്ൻറിംഗ്

വില 18 രൂപ

പ്രീ പബ്ളിക്കേഷൻ വില 12 രൂപ

ഇപ്പോൾ 5 രൂപ അടച്ചു് റിസർവുചെയ്യുക. ബാക്കി പുസ്തകം വാങ്ങുമ്പോൾ. ദേശാഭിമാനി ബുക്ഹൗസിന്റെ ശാഖകളും ഏജൻസികളും പണം സ്വീകരിക്കുന്നു. മണി ഓർഡറുകൾ!

ചിന്ത പബ്ളിഷേഴ്സ്

തിരുവനന്തപുരം. 695001



ഒടുവിൽ മകളെ കാണാൻ അമ്മ വന്നിരിക്കുകയാണു്.

ഞാനും ദേവും തോറ്റിട്ടില്ല. വിജയത്തിന്റെ ആഹ്ലാദത്തിൽ ഞങ്ങൾ ജീവിയ്ക്കുകയാണു്. ഉടനെത്താരുങ്ങി പൂവും ചൂടി ആഞ്ഞുചിരിച്ചു ഞാൻ ഓടിനടക്കുകയാണു്. അമ്മയുടെ മുഖത്തു് ആനന്ദത്തിന്റെ ബാഷ്പകിരണങ്ങൾ ചൊരിയുകയാണു്.

അമ്മ ചോദിച്ചു.

"മോളു ഡാക്ടർ ഗോവിന്ദനെ കാണാൻ പോകുന്നുണ്ടോ?"

"ഉണ്ടു്."

"വിദഗ്ദനാണു്. ഞാനും ഡാക്ടറെ കടയ്ക്കൽ ആശുപത്രിയിൽ ഒരുമിച്ചിരുന്നിട്ടുണ്ടു്." കുഞ്ഞി പറഞ്ഞു.

"അമ്മച്ചീ! എപ്പോഴും പൂവേണം. ഞാൻ ചാലയിൽ ഓടിപ്പോയി വാങ്ങിക്കൊട്ടക്കും."

ഇതിനിടയിൽ ഞാൻ ചെല്ലകുട്ടനുമായി ദേവിന്റെ അടുത്തേയ്ക്കുപോയി. വാത്സല്യനിധിയായ അദ്ദേഹം പറഞ്ഞു.

"അമ്മയോടു സ്നേഹമായി പെരുമാറണം. ഏതു കോടതിയ്ക്കും മാപ്പുകൊടുക്കുന്ന ഒരുഹൃദയമാണു് മാതൃഹൃദയം. എന്റെ ഓടയിൽനിന്നു" എന്ന നോവലിൽ വായിച്ചിട്ടില്ലെ?"

ഞാനെന്തു കുറ്റംചെയ്തു?"

"എന്നെ ജീവിപ്പിച്ചു എന്റെ ജീവിതത്തിൽ മധുരം പകർന്നതു്. ഇതുംപോരെ പറഞ്ഞിട്ടു" അദ്ദേഹം എന്നെ വാരിപ്പുണർന്നു.

—o—

(21 – ൽ നിന്നും തുടർച്ച)

വാങ്ങാൻ പറ്റില്ല. അയാം സോറി."

സുരേഷു് എഴുനേറ്റു.

മധുവിന്റെ മട്ടുമാറി.

"നിങ്ങളെ ഒരു നടനാക്കിയതു് നായർ സാറാണു് നിങ്ങളാക്കാര്യംവിസ്മരിക്കുന്നു."

"നാം വ്യർത്ഥമായ സംസാരിച്ചു് സമയം കളയുകയാണു് മിസ്റ്റർ മധുസൂദനൻ."

"നിങ്ങൾ ഈ സീൽ തിരസ്കരിച്ചു് പശ്ചാത്തപിക്കും"

"യു പ്ലീസു് ഗോ" സുരേഷിന്റെ ശബ്ദമുയർന്നു."

മധുസൂദനൻ പടികളിറങ്ങി. പോർട്ടിക്കോവിൽനിന്നിരുന്ന കാറിന്റെ അടുത്തേയ്ക്കു് നടന്നുചെന്നു. (തുടരും)

ഫ്രഞ്ചു് നോവലെഴുത്തുകാരി കൊലേത് (Colette 1873 - 1954) മദേറ ഭാര്യ — The Other Wife — എന്നൊരു കഥ എഴുതിയിട്ടുണ്ടു് മാർക്കും അയാളുടെ ഭാര്യ ആലീസും ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ ചെന്നു. ആലീസു് ഒരിക്കലും ഇതിക്കാരെ ഭാവിച്ചപ്പോൾ മാർക്കു് അവളെ തുറിച്ചുനോക്കി പറഞ്ഞു:— "അതാ അവിടെ കുറച്ചകലെ സുകൃതികളുണ്ടു്" ആളുകൾ തിങ്ങിഞെരുങ്ങിയിരിക്കുന്നവരുടെ ഇടയിൽച്ചെന്നു് ഇരിക്കാൻ തനിക്കു മടിയുണ്ടെന്നായി ആലീസു്. എങ്കിലും ഭർത്താവു് നിർബ്ബന്ധത്തോടെ പറഞ്ഞതുകൊണ്ടു് അവൾ അയാൾ ചൂണ്ടിക്കാണിച്ച സ്ഥലത്തുചെന്നിരുന്നു. മാർക്കു് അവളെ പ്രശംസിച്ചു. "കാരണം നീ സുന്ദരിയാണു്. ഇവടത്തെ ഈ കടൽ — നീലനിറം മുഴുവൻ നിന്റെ കണ്ണുകൾക്കു് ഹരിതനീലക്കണ്ണുകൾ ഉണ്ടെന്നു് അങ്ങു എന്തേ എന്നോടു പറയാത്തതു?" "ഞാനതിനെക്കുറിച്ചു വിചാരിച്ചിട്ടേയില്ല" എന്നു് അയാളുടെ മറുപടി. അവർ ആഹ്ലാദത്തോടെ ഭക്ഷണംകഴിച്ചു. എങ്കിലും അവളെ നോക്കുമ്പോൾ ആലിസിനൊരു വല്ലായ്മ ഈർഷ്യയോടെ വീശിക്കൊണ്ടു് അവൾ, വെള്ളവസ്ത്രംധരിച്ചു് കസേരയിൽ ചാരത്തിരുന്ന പുകവലിക്കുന്ന ആ സ്ത്രീയെ നോക്കി. "നമുക്കു സുഖമല്ലെ ഓമനേ?" എന്നു് മാർക്കു് ചോദിച്ചപ്പോൾ ആലീസിനൊരു സംശയം. ഭർത്താവു് ബില്ലിന്റെ പണംകൊടുക്കുന്ന വേളയിലും അവൾ ആ മുൻഭാര്യയെ — ഔന്നത്യമുള്ള സ്ത്രീയെ — അസൂയയോടെ നോക്കുകയായിരുന്നു. കഥ തീർന്നു. തന്റെ ഭർത്താവിന്റെ ആദ്യത്തെ ഭാര്യയുടെ സ്വാതന്ത്ര്യം ആലിസിനു് അത്രകാമുകീ

സാഹിത്യവാരഫലം

പി. കൃഷ്ണൻനായർ

വർണ്ണം നല്കുന്നു—" അവൾ മേശയിൽ വക്കുസ്സു ചേർത്തിരുന്നപ്പോൾ ഉരുണ്ട മുലകൾ മനോഹരമായി ഉയർന്നു കാണപ്പെട്ടു ആലീസു് ഭർത്താവിനോടു ചോദിച്ചു:—

"ആ ജനലരുകിലേക്കു പോകാൻ അങ്ങു് സമ്മതിക്കാത്തതു് എന്താണു?"

തന്റെ മുൻഭാര്യ അവിടെയിരിക്കുന്നതുകൊണ്ടാണു് അതിനു സമ്മതം നല്കാത്തതെന്നു് മാർക്കു് മറുപടി നല്കി ആലീസു് അവളെ കണ്ടു; പതിനഞ്ചുമാസം മുൻപു് തന്റെ ഭർത്താവിന്റെ ഭാര്യയായിരുന്ന സ്ത്രീ. ചേർച്ചകേടുകൊണ്ടു് അവർ പിരിഞ്ഞു വെളുത്ത വസ്ത്രമാണു് അവൾ ധരിച്ചിരുന്നതു്. മുഖത്തുള്ള തിളങ്ങുന്ന കറുത്ത മുടി. കണ്ണുകൾ പകുതിയടച്ചു് അവൾ പുകവലിക്കുകയാണു്. ആലീസു് ഭർത്താവിനോടു ചോദിച്ചു:— "അവൾക്കും നീലക്കണ്ണുകൾ ഉണ്ടെന്നു് അങ്ങു എന്തേ എന്നോടു പറയാത്തതു?" "ഞാനതിനെക്കുറിച്ചു വിചാരിച്ചിട്ടേയില്ല" എന്നു് അയാളുടെ മറുപടി. അവർ ആഹ്ലാദത്തോടെ ഭക്ഷണംകഴിച്ചു. എങ്കിലും അവളെ നോക്കുമ്പോൾ ആലിസിനൊരു വല്ലായ്മ ഈർഷ്യയോടെ വീശിക്കൊണ്ടു് അവൾ, വെള്ളവസ്ത്രംധരിച്ചു് കസേരയിൽ ചാരത്തിരുന്ന പുകവലിക്കുന്ന ആ സ്ത്രീയെ നോക്കി. "നമുക്കു സുഖമല്ലെ ഓമനേ?" എന്നു് മാർക്കു് ചോദിച്ചപ്പോൾ ആലീസിനൊരു സംശയം. ഭർത്താവു് ബില്ലിന്റെ പണംകൊടുക്കുന്ന വേളയിലും അവൾ ആ മുൻഭാര്യയെ — ഔന്നത്യമുള്ള സ്ത്രീയെ — അസൂയയോടെ നോക്കുകയായിരുന്നു. കഥ തീർന്നു. തന്റെ ഭർത്താവിന്റെ ആദ്യത്തെ ഭാര്യയുടെ സ്വാതന്ത്ര്യം ആലിസിനു് അത്രകാമുകിയായി തോന്നുന്നു. അവളെക്കാൾ തനിക്കു് വിശേഷിച്ചു് മേന്മയില്ലെന്നും ആലിസിനു തോന്നി. ദാമ്പത്യജീവിതം സ്ത്രീക്കു് ആഹ്ലാദവും സ്വാതന്ത്ര്യവും നല്കുന്നുവെന്ന ചിന്താഗതി സത്യാത്മകമല്ലെന്നാണു് കൊലേതു് ഈ ചെറുകഥയിലൂടെ വ്യക്തമാക്കുന്നതു്. ചേർച്ചയില്ലായ്മ എന്നതിന്റെ പേരിൽ വൈവാഹികജീവിതത്തിന്റെ പാരതന്ത്ര്യങ്ങളിൽ നിന്നു മോചനം നേടിയ സ്ത്രീ യഥാർത്ഥത്തിൽ ആഹ്ലാദിക്കുന്നുവെന്നും കൊലേത് ചൂണ്ടിക്കാണിക്കുന്നു. സാഹിത്യസൃഷ്ടിയെ അവലംബിച്ചുകൊണ്ടു് സാമാന്യവത്കരണം നടത്തുന്നതു ശരിയല്ല. ദാമ്പത്യജീവിതത്തിൽനിന്നു വിമുക്തയായ സ്ത്രീ വിഷാദിക്കുന്നുവെന്നു കാണിച്ചുകൊണ്ടു് വേണമെങ്കിൽ കഥയെഴുതാമല്ലോ. "അങ്ങ

ശമില്ലാത്ത ചാപല്യമേ" എന്ന സ്ത്രീയെ അഭിസംബോധന ചെയ്യുന്ന കവിതയെന്നയാണ്" "വെള്ളത്താമരപോൽ വിശുദ്ധി വഴിയുന്ന" അവളെ പ്രകീർത്തിക്കുന്നതും. സാഹിത്യത്തിലെ ആശയങ്ങൾക്ക ജ്ഞാനത്തോട ബന്ധപ്പെട്ട മൂല്യമില്ലാത്തതിനാലാണ" ഈ വൈരുദ്ധ്യം വന്നുകൂടുന്നത". ഇതൊക്കെ ശരിയാണെങ്കിലും ദാമ്പത്യജീവിതത്തെസ്സംബന്ധിച്ച" ഇരുപതാം ശതാബ്ദത്തിലുള്ള ചിന്താഗതിയെ കൊലേതിന്റെ ചെറുകഥ പ്രതിഫലിപ്പിക്കുന്നവെന്നു നമ്മതിച്ചുകൊടുക്കേണ്ടിയിരിക്കുന്നു സീമോൻ ദെ ബൊവ്വാർ (Simone de Beauvoir) കേറ" മിലേയും (Kate Millet) ഈ നൂതനവിചാരങ്ങളെ സ"ഫുടീകരിക്കുന്ന ഗ്രന്ഥങ്ങളാണ" രചിച്ചിട്ടുള്ളത". ഇതിനു" എതിരായി പുരുഷന്മാർ സ്വാതാവ ഷ"കാരം നിർവ്വഹിച്ചിട്ടുണ്ട". അമേരിക്കൻ നാടകകർത്താവായ ആൽബി "വർജീനിയാ വുൾഫിനെ ആരു പേടിക്കുന്നു" എന്ന നാടകത്തിൽ ഇന്നത്തെ സ്ത്രീ, പുരുഷനെ തേജോവധം ചെയ്യുന്നതു" കലാരാമണീകയത്തോടെചിത്രീകരിക്കുന്നു അമേരിക്കൻ നോവലിസ്റ്റായ നോർമൻ മെയ"ലർ 1971-ൽ പ്രസിദ്ധപ്പെടുത്തിയ The Prisoner of Sex എന്ന പുസ്തകത്തിൽ സ്ത്രീ" പുരുഷനെ അപേക്ഷിച്ച" അപ്രധാനമായ സ്ഥാനമേയുള്ളുവെന്നു" അസന്ദിഗ"ദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു "When a woman gets absolutely possessed by her own will, her own will set against everything, then it's fearful and she should be shot at last എന്നു" 'ലേഡി ചാറർലീസ" ലൗവർ" എന്ന നോവലിൽ ഒരു പരിചാരകനെക്കൊണ്ടു" സംസാരിപ്പിക്കുന്ന ഡി.എച്ച്". ലോറൻസിനോട്ട കയർത്തു" അദ്ദേഹത്തെ ധ്വജഭംഗമുള്ളവനായി ചിത്രീകരിക്കുന്ന സ്വവർഗ്ഗാനുരാഗിണിയാണ" കേറ"മിലേ അവക്കുള്ള മറുപടിയാണ" മെയ"ലുടെ പുസ്തകം. "എച്ചിൽപ്പാത്രം കഴുകേണ്ടതു" ആരു"?" എന്ന ചോദ്യം മെയ"ലർ ചോദിക്കുന്നു. പ്രതിഭാശാലിയാണ" ഭർത്താവെങ്കിൽ അയാളുടെ മാനുഷത്തെ അളുകഴുകണമെന്നു" മെയ"ലർ പറയും. ഭർത്താവുതന്നെ പാത്രം കഴുകിവയ്ക്കണമെന്നു" കേറ" മിലേ പറയുമായിരിക്കും.

കലയിലും സാഹിത്യത്തിലും പ്രതിഫലിക്കുന്ന സ്ത്രീയുടെ 'ഇമേജ"— ഈ വിഷയത്തെക്കുറിച്ചു" ആലോചിക്കുന്നതു" തികച്ചും രസകരമാണ". അതുകൊണ്ടു' 'കലാകൗമുദി'യിൽ "വിവാഹം ഒരു വിവാദം" എന്ന "സ്പെഷൽ ഫീച്ചർ" (ഫീറ്റ"യർ എന്നാണു" ചേംബേഴ"സ" ഡിക"ഷ്നറിയിൽ നല"കിയിരിക്കുന്ന ഉച്ചാരണം)കണ്ടപ്പോൾ "ഒരാത്തി"യോടെയാണു" ഞാനതു വായിച്ചതു". ഫലം തെറ്റാശ്യം. വിവാഹത്തെയും പ്രേമത്തെയും കുറിച്ചു" കുറേ ഉപരിപ"ളവങ്ങളായ ചിന്തകളേ അതിലുള്ള പി. വി. സരള, കഞ്ഞാലിക്കുട്ടി, നിർമ്മലാമേനോൻ, എം. പുരുഷോത്തമൻ, കെ. കെ. പ്രേമലത, പി. എസ". നിഷ, അശോക"കുമാർ, എൻ. കെ. നിർമ്മല, ഡോക്ടർ കെ. കെ. ഖാദർ, ചന്ദ്രിക, ചന്ദ്രചൂഡൻ ഇവരുടെ മതങ്ങൾ ഈ ലേഖനത്തിൽ ഭർശിക്കാം. വസൻ നെല്ലിക്കോട്ടു" അവസ്സു" ആവിഷ"കാരം നൽകിയിരിക്കുന്ന രീതി അങ്ങിനെക്കാൾ ദയനീയം. അനുവാചകന്റെ ബോധമണ്ഡലത്തെ വികസിപ്പിക്കാത്ത ലേഖനങ്ങൾ കൊണ്ടു" എന്തുപ്രയോജനമാണതു"?

* * *

ഭാരതത്തിലെ രീതിയനുസരിച്ചു" പുരുഷനു കുടുംബത്തിൽ പ്രധാനസ്ഥാനവും സ്ത്രീക്കു" അപ്രധാനസ്ഥാനവുമാണുള്ളതു". "സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ല" എന്ന ചൊല്ലു" അക്ഷരാർത്ഥത്തിൽ എടുക്കുന്നതു ശരിയല്ല. കൗമാരത്തിൽ അച്ഛനും യൗവനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സ്ത്രീയെ രക്ഷിക്കുന്നു. അവൾ സ്വാതന്ത്ര്യത്തോടെ നടക്കരുതു" എന്നേ ആ ചൊല്ലിനു അർത്ഥമുള്ളു. അല്ലാതെ "സ്ത്രീക്കു സ്വാതന്ത്ര്യത്തിനു അർഹതയില്ല" എന്നല്ല. എങ്കിലും ഭാരതീയർ അവൾക്കു" കുടുംബത്തിൽ അധ്യായമായ സ്ഥാനം കല്പിച്ചു" വിധേയത്വമുള്ളവളാക്കിയിരിക്കുന്നു. നേരെ മറിച്ചാണു" പുരുഷന്റെ നില. അച്ഛനിൽനിന്നു കിട്ടുന്ന അധികാരമുപയോഗിച്ചു" അവൻ കുടുംബം ഭരിക്കുകയാണു". ആ രുഷൻ വിധേയത്വമുള്ളവനായാൽ പരിഹസിക്കപ്പെടും. പുരുഷന്റെ അടിമത്തമനഃസ്ഥിതിയെ അതിന്റെ "മഹാകഷ്ടാവസ്ഥ"യിലേക്കു കൊണ്ടുചെന്നിട്ടു" അതിനൊരു ആവിഷ"കാരം നല"കുകയാണു" ശ്രീ. എസ". വി. വേണുഗോപൻനായർ. കലാകൗമുദിയിൽ അദ്ദേഹമെഴുതിയ "വിനീതവിധേയൻ" എന്ന ചെറുകഥ നോക്കുക. ആ ഗ്രാമത്തിലെ നന്ദികേശൻ കാർമ്മയായ നാൾതൊട്ടു" സേവനവ്യഗ്രതയുമായി നടക്കുകയാണു". ഭാരം എടുത്തുവരുന്ന ഏതൊരുവന്റെയും ഭാരം അയാൾ ഏറ്റെടുക്കും. ഉത്സവപ്പറമ്പിലെത്തിയാൽ അവിടത്തെ ഏതു ഹീനമായ ജോലിയും അവൻ ചെയ്യും. ഭേദപ്പെട്ട ഒരു ജോലി കിട്ടിയപ്പോൾ അയാളുടെ കീഴ"ജീവനക്കാരന്റെ മുൻപിലും ശിപായിയുടെ മട്ടിൽ പെരുമാറി. വിവാഹം കഴിച്ചാൽ ഈ അടിമത്തം മാറുമല്ലോ എന്നു വിചാരിച്ചു" ബന്ധുക്കൾ അയാളെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. അന്നുമുതൽ അയാൾ അവളുടെ ദാസൻ. ഈ അടിമത്തം കണ്ടു മനസ്സുമടുത്ത ഭാര്യാപിതാവു" അയാളെ വീട്ടിൽനിന്നു" ആട്ടിയോടിച്ചു. താൻ എല്ലാവർക്കും ഉപകാരമേ ചെയ്തിട്ടുള്ളു, പിന്നെന്തിനാണു" അവരൊക്കെ തന്നെ വെറുക്കുന്നതു" എന്ന സംശയമാണു" നന്ദികേശനു". "നിതാന്തമായ സേവനവ്യഗ്രതയുമായി അയാൾ ഗ്രാമത്തിൽ അലഞ്ഞുനടക്കുന്നു." വേണുഗോപൻനായരുടെ ഈ പരിഹാസകൃതി മനോഹരമായിട്ടുണ്ടു". നന്ദികേശനെ കാണുമ്പോൾ വായനക്കാരായ നമ്മളുടെ ചുണ്ടുകളിൽ മന്ദസ്മിതം ഉണ്ടാകുന്നു. പരിഹാസത്തിൽ അതൃപ്തികുറയുന്നുണ്ടു". അതു" ഇവിടെയും ഇല്ലാതില്ല. എങ്കിലും കലാപരമായ ദൃഢപ്രത്യയം ഉളവാക്കുന്നതേയുള്ളു ആ അതൃപ്തികുറവു. സമൂഹത്തിൽ ഇങ്ങനെയുള്ള കൊള്ളരുതാത്തവന്മാരുണ്ടു", യജമാനദാസന്മാരും ഭാര്യാദാസന്മാരും. അവരെ നോക്കി കുടുക്കെണ്ണിട്ടു" പുഞ്ചിരിപൊഴിക്കുന്ന കഥാകാരനെ ഞാൻ ഇക്കഥയിൽ കാണുന്നു.

* * *

ഹെൻട്രിമില്ലറുടെ നോവലുകളിൽ പല ഉം പല രാജ്യങ്ങളിലും വളരെക്കാലം നിരോധിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ Tropic of Cancer. Tropic of Capricorn, Black Spring, Sexus, Plexus, Nexus ഈ നോവലുകൾ ഈ ലേഖകൻ വായിച്ചിട്ടുണ്ടു". The colossus of Maroussi എന്ന ഗ്രന്ഥം യാത്രാവിവരണമാണു". മനോഹരമായ ആ പുസ്തകം ഞാൻ എത്ര പരിവൃത്തി വായിച്ചിട്ടുണ്ടെന്നു നിശ്ചയിക്കാൻ വയ്യ. അമേരിക്കൻ സംസ്കാരത്തെ നിന്ദിക്കുന്ന The Air conditioned Nightmare എന്ന ഗ്രന്ഥം വിമർശനത്മാലല്ല എന്നെ ആകർഷിച്ചതു" അധിക്ഷേപവചനങ്ങളാലാണു". ഫ്രഞ്ചു" കവി റാങ്ബോയെക്കുറിച്ചു" (Rimband) അദ്ദേഹമെഴുതിയ Time of the Assassins നിരൂപണത്തിൽ ഒരു പുതിയ മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നുവെന്നു" എനിക്കു തോന്നുന്നു. (അതു നിരൂപണമല്ലെന്നു പറയുന്നവരും ഇല്ലാതില്ല.)

മില്ലറുടെ നോവലുകളെല്ലാം ആത്മകഥാപരമാണു". ലിയോൺ യൂറിസ" എന്ന ജർണ്ണലിസ്റ്റു" (ഇദ്ദേഹം വലിയ സാഹിത്യകാരനാണെന്നപറയുന്നവരുണ്ടു") അഭിപ്രായപ്പെടുന്നതു" ഈ നോവലുകൾ അശ"ളീലങ്ങളാണെന്നാണു". Tropic of cancer ഉടങ്ങിയ ആദ്യ നോവലുകളും എന്റെകൈയിലില്ല. എങ്കിലും ട്രോപിക" ഓഫ" ക്യാൻസറിലെ രണ്ടു വാക്യം കാർമ്മയിലെഴുന്നു. ടാനിയയെ അഭിസംബോധനചെയ്തുകൊണ്ടു" പ്രധാന കഥാപാത്രം (അയാൾ മില്ലറിനെ പ്രാതിനിധ്യംവഹിക്കുന്നു)പറയുന്നു: "I will bite in to your cliteris and spit out two france pieces. ഇതു" അശ"ളീലമല്ലെന്നു പറയുന്നില്ല. എങ്കിലും വായനക്കാരുടെ കാമവികാരത്തെ ഇളക്കിവിട്ടുന്നരീതിയിൽ മില്ലർ രചിക്കുകയും എഴുതിയിട്ടില്ല. സ്നേഹം കൂടാതെയുള്ള ലൈംഗികപ്രവർത്തനത്തെയും ഹൃദയശൂന്യയായ സ്ത്രീയെയുമാണു" അദ്ദേഹം എപ്പോഴും ചിത്രീകരിക്കാറു". ആ വ്യർത്ഥതയേയും ശൂന്യതയേയും സ"ഫുടീകരിക്കുന്നതിനു" നാലക്ഷരമുള്ള ആ ഇംഗ്ളീഷ"വാക്കു പ്രയോഗിക്കണമെന്നു" അദ്ദേഹത്തിനു" അഭിപ്രായമുണ്ടു". മില്ലറുടെ നോവലുകൾ വായിച്ചുകഴിഞ്ഞപ്പോൾ ഈ ലേഖകനു തോന്നിയതു" അദ്ദേഹം മിസ്റ്റിക്" ആണെന്നാണു".

എൺപത്തിയാറാമത്തെ വയസ്സിൽ എത്തിയിരിക്കുന്ന മില്ലറെക്കുറിച്ചു" കലാകൗമുദിയിൽ ഒരു ലേഖനമുണ്ടു". അതു വായിച്ചുനോക്കാൻ ഞാൻ വായനക്കാരോടു"

അഭ്യർത്ഥിക്കുന്നു. മില്ലറുടെ മറ്റു നോവലും വായിക്കുന്നില്ലെങ്കിലും തരക്കേടില്ല. പക്ഷേ, അദ്ദേഹം ഗ്രീസിൽപോയതിനെക്കുറിച്ചു എഴുതിയിട്ടുള്ള The colossus of Maroussi എന്ന പുസ്തകം എല്ലാവരും വായിച്ചേതീരൂ. അത്രയ്ക്കു് അതു ചേതോഹരമാണു്. ലിയോൺ യൂറിസ് നിരൂപിച്ച "ടോപിക്" ഒഫ് കൃാൻസർ" എന്ന നോവൽ ഒരു മോഡേൺ ക്ലാസ്സിക്കായിട്ടാണു് പരിഗണിക്കപ്പെടുന്നതു് എന്നുകൂടി അറിയിച്ചുകൊള്ളട്ടെ.

* * *

മഞ്ഞുകാലംകഴിഞ്ഞു. എങ്കിലും ഇന്നു കാലത്തു് ആറുമണിക്കു് എഴുന്നേറ്റു് ജന്നൽ തുറന്നിട്ടപ്പോൾ ശുഭ്രാഭമായ മഞ്ഞിൽ മുങ്ങിനിൽക്കുന്നതു കണ്ടു. സൂര്യൻ ഉദിച്ചുകഴിഞ്ഞു. തശ്മികൾ മഞ്ഞിൽക്കുടികടന്നവനു് എന്തെന്നില്ലാത്ത ശോഭ പ്രദാനംചെയ്യുന്നു. പ്രകൃതി കരയുകയും ചിരിക്കുകയും ചെയ്യുന്നുവെന്നു് ഒരു തോന്നൽ. മഞ്ഞിന്റെ കവചിൽ. സൂര്യരശ്മിയുടെ ചിരി. കലയുടെ ചിരിയും ജീവിതത്തിന്റെ വിഷാദവും കാണണമെങ്കിൽ മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഫാത്തിമാ ജോഷിയുടെ തിരിച്ചുവരവു്" എന്ന ചെറുകഥ വായിക്കുക. അച്ഛൻ ജീവിച്ചിരുന്ന കാലത്തു് അദ്ദേഹത്തെ വിശേഷിച്ചൊന്നും കാണുവാനും കൂടാതെ അന്വേഷിച്ചുപോകാത്ത മകൻ അദ്ദേഹം മരിച്ചുവെന്നറിഞ്ഞു് വീട്ടിലേക്കു യാത്രയാകുന്നതു വർണ്ണിക്കുന്ന ഇക്കഥയിൽ ഞാൻ ജീവിതത്തിന്റെ ദുഃഖമുഴുവൻ കാണുന്നു. മനുഷ്യന്റെ ഏകാന്തതയാകെ ദർശിക്കുന്നു. ആ ദുഃഖത്തിലും ഏകാന്തതയിലും രവളിച്ചംപൊഴിക്കുന്ന കലയുടെ മാന്ത്രികശക്തി ദർശിക്കുന്നു.

* * *

പോർണോഗ്രഫി—അശ്ലീലരചന—വായനക്കാരുടെ സിരകളിലാകെ അസുഖകരമായ ക്ഷോഭം ഉളവാക്കുന്നു. വ്യക്തിക്കു് ആഘാതത്തിലുള്ള ക്ഷോഭമുണ്ടാക്കാൻ മറ്റൊരു വ്യക്തിക്കു് അവകാശമില്ലാത്തതിനാലാണു് അശ്ലീലരചനയെ എല്ലാ ഗവണ്മെന്റുകളും തടഞ്ഞിട്ടുള്ളതു്. ഫെൻടിമില്ലറുടെ, മുകളിൽചേർത്ത വാക്യം അശ്ലീലമാണെങ്കിലും ഗ്രന്ഥകർത്തൃവൻ വായിക്കുമ്പോൾ അശ്ലീലാത്മപ്രതീതിയില്ല

അതല്ല ജാക്ലിൻ സൂസന്റെ നോവലുകൾ വായിക്കുമ്പോഴത്തെ സ്ഥിതി സൂസന്റെ Once is not enough എന്ന നോവലിലെ ഒരു ഭാഗം—

His hands were groping her breasts, fumbling for the buttom on her blouse——his head went to her breasts. He began licking each one gently and she felt her nipples harden———and the odd sensation is her pelvic area — —He took off her bra.

ഇതു വായിക്കുന്ന അനാഗരികശ്മശ്രുക്കൾ (അനാഗതാത്തവകളും) കാമവികാരത്തിൽ വീഴുന്നു. മലയാളനാട്ടിൽ ശ്രീ ഗിരിജാവല്ലഭൻ എഴുതിയ നിശാഗന്ധി അശ്ലീലരചനയാണു്. അച്ഛനും മകനും കൂടി വേശ്യാഗൃഹത്തിലെ പ്രാപിക്കുന്നു. വളരെക്കാലം കഴിഞ്ഞു് മകൻ അവളെ ഒരു വേശ്യാലയത്തിൽവച്ചുകാണുന്നു. അവളോടൊരുമിച്ചു ശയിക്കുന്നു. വേശ്യയായ വിശാലം അയാളോടു പറയുകയാണു്.

"എന്റെ മാറിടത്തിൽ വിരലുകളോടിച്ചു് ഇക്കിളിയുടെ മാധുര്യമെന്നിൽ ആദ്യമായുണർത്തിയതു് നീയാണു്. അന്നൊരിക്കൽ കളിപ്പുരയിൽവച്ചു് ഞാൻ ബ്ലൗസ് മാറ്റുമ്പോൾ നീയെന്റെ മുലക്കണ്ണിൽ കോറിപ്പിടിച്ചതുമോർമ്മിയിട്ടു് വേദനിക്കുന്നുണ്ടോ എന്നുചോദിച്ചു"

ഇതൊക്കെ ആഭാസത്തരംമാത്രമല്ല വിമനസ്കവുമാണു്. സാഹിത്യത്തെ ഇങ്ങനെ വ്യഭിചരിക്കുന്നതു കഷ്ടമെന്നേ പറയാനുള്ളു.

* * *

കാളിദാസനും ഷേക്സ്പിയറും—ശ്രീ. പി. അരവിന്ദാക്ഷൻ സചകിയമായ രീതിയിൽ സമഭാവാവിഷ്കാരം നിർവ്വഹിച്ചിരിക്കുന്നു. ആ പ്രബന്ധത്തിലെ മൗലികമായ വീക്ഷണഗതി അഭിനന്ദനാർഹമെന്നു, മഹാകവിശത്തിന്റെ ഒടുവിലത്തെ സർഗ്ഗങ്ങളിൽ ചിരിക്കുമിച്ചിട്ടുള്ള അയോദ്ധ്യാതന്ത്രത്തിന്റെ ചിത്രമാണെന്നാണു് അരവിന്ദാക്ഷന്റെ വാദം. അതനു് ഉപോദ്ബലകമായി അദ്ദേഹം ഒരു ശ്ലോകം ഉദ്ധരിക്കുകയും ചെയ്യുന്നു (അരവിന്ദാക്ഷൻ നൽകുന്ന പാഠവും വ്യാഖ്യാനവുമല്ല എന്റേതു്)

"ആവർജ്യശാഖാഃ സദയം ചയാസാം
പുഷ്പാണ്യപാത്തനിവിചാസനീഭിഃ
വരന്യഃ പുളിന്ദ്യോ ഇവ വാനരൈസ്താഃ
ക്ലിശ്യന്ത ഉദ്യാനലതാ മദീയഃ

(വിലാസിനികൾ ദയയേതുമില്ലാതെ വളച്ചുതാഴ്ത്തി പൂക്കൾ പറിച്ചെടുക്കുന്നതുപോലെ എന്റെ ആ മലർക്കാവുവള്ളികൾ ഇന്നു കരുത്തന്മാരാലും പുളിന്ദന്മാരാലും (കാട്ടാന്മാരാലും—മ്ലേച്ഛന്മാരാലും പീഡിപ്പിക്കപ്പെടുന്നു) ഇവിടെക്കാണണമെന്നു ദുഷ്ടനവീക്ഷണം ഷേക്സ്പിയറിന്റെ ഫാലറാലുള്ള ദുഷ്ടവീക്ഷണത്തിനു സദൃശമാണെന്നു" ലേഖകൻ അഭിപ്രായപ്പെടുന്നു. ദുഷ്ടത്തുല്യം നൽകുന്ന അർത്ഥമനസ്സിലാവുന്നില്ലെന്നു് ഈ മഹാന്മാരെ സാധൂകരിക്കേണ്ടതുണ്ടോ? ജോർജ്ജ് സ്റ്റൈനർ എന്ന നിരൂപകൻ Death of Tragedy എന്നൊരു പുസ്തകം എഴുതിയിട്ടുണ്ടു്. ഷേക്സ്പിയറിന്റെ ട്രാജഡി മാനദണ്ഡമാക്കിക്കൊണ്ടു് അദ്ദേഹം പിൽക്കാലത്തെ ട്രാജഡികൾ അളന്നുനോക്കുന്നു. പോരാ, പോരാ, എന്നകണ്ടു് ട്രാജഡിനാശപ്പെടുത്തിയിരിക്കുന്നു എന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു എന്നു് അർത്ഥവും നൽകാമല്ലോ. അരവിന്ദാക്ഷന്റെ പണ്ഡിതോചിതമായ് ലേഖനത്തിൽ ദുഷ്ടത്തുല്യം സവിശേഷമായ അർത്ഥമൊന്നും നൽകിയിരിക്കുന്നതു്. എനിക്കു് അതിനോടു യോജിക്കാൻകഴിഞ്ഞില്ലെങ്കിൽത്തന്നെയെന്തു്? അരവിന്ദാക്ഷൻ സചിതം മതമാണു് പ്രതിപാദിക്കുന്നതു്. എന്റേതല്ല. (ലേഖനം ദേശാഭിമാനി വാരികയിൽ)

* * *

സിംഹം, ആന, കരടി, കടുവ ഈ ക്രൂരമൃഗങ്ങളെക്കുറിച്ചെഴുതാം. ചീങ്കണ്ണി, തിമിംഗലം തുടങ്ങിയ ജലജന്തുക്കളെക്കുറിച്ചുമെഴുതാം. പക്ഷേ കൊതുകിനെക്കുറിച്ചു് എഴുതുന്നതെങ്ങനെ? ശരീരത്തിൽ കുത്തിമുറിവേല്പിച്ചുകൊണ്ടിരിക്കുമ്പോൾ കൈകൊണ്ടു ചിലപ്പോൾ പാവത്തുകളെയുകയും പിന്നീടു് സൗകര്യംകിട്ടുമ്പോൾവന്നു് വീണ്ടും നമ്മുടെ രക്തം കുടിക്കുകയും ചെയ്യുന്ന കൊതുകു് ക്ഷുദ്രജീവിയാണു്. അതിനെക്കുറിച്ചെഴുതുന്നതു് കരടിയെ നിന്ദിച്ചെഴുതുന്നതുപോലെ മോശമല്ലെന്നു മാനഭംഗം വരുത്തിക്കൊടുത്ത ചന്ദ്രകാന്തപ്രതിപ്പിൽ അബല എന്ന കഥയെഴുതിയ എം. ടി. സുമിത്രയും മനോരമ ആഴ്ചപ്പതിപ്പിൽ കഥയെഴുതിയ പ്രേമലതാനായരും (മനോരമ കൈയില്ല. കഥാകാരിയുടെ പേരു തെറ്റാണെങ്കിൽ മാപ്പു്) സാഹിത്യത്തിലെ കൊതുകുകളാണു്. അവർ ശല്യം ചെയ്യും. സഹിക്കുകയേ തരമുള്ളു.

* * *

എക്സിസ്റ്റൻഷ്യൽ സൈക്കോളജി, ഹ്യൂമനിസ്റ്റിക് സൈക്കോളജി ഇവയെക്കുറിച്ചു് അറിഞ്ഞാൽ കൊള്ളാമെന്നു് ആബുദാബിയിലെ ശ്രീ. ടി. കെ. സി. അഹമ്മദ് പറയുന്നു. ഞാൻ ഈ വിഷയം സമ്പൂർണ്ണമായി മനസ്സിലാക്കിയവനല്ല എങ്കിലും അറിഞ്ഞിടത്തോളം എഴുതാം. ഫ്രായിഡിന്റെ മനഃശാസ്ത്രത്തിൽനിന്നു വിഭിന്നമാണു് ഈ രണ്ടു മനഃശാസ്ത്രങ്ങളും. ഒഹൈഡഗർ, സോയ്റൻ കീർക്കേഗോർ, സാർത്രു്, കമ്യു ഇവരുടെ ദർശനങ്ങളെ അവലംബിച്ചാണു് എക്സിസ്റ്റൻഷ്യൽ മനഃശാസ്ത്രത്തിന്റെ നില. ഓരോ വ്യക്തിക്കും സവിശേഷമായ അസ്തിത്വമുണ്ടെന്നു് അതു് പ്രഖ്യാപിക്കുന്നു മാനസികമായ ചികിത്സയുടെയും രോഗികൾ യഥാർത്ഥത്തിൽ രോഗികളല്ല, അസ്തിത്വത്തെ മാറ്റുകിട്ടാൻവേണ്ടി ഡോക്ടറെ സമീപിക്കുന്നവരാണു് അവർ. ഇതാണു് പ്രധാനമായ തത്ത്വം. റോളോമേ പോലുള്ളവർ എക്സിസ്റ്റെൻഷ്യലിസ്റ്റ് സൈക്കോളജിസ്റ്റാണു്. അദ്ദേഹത്തിന്റെ Love and will എന്ന ഉജ്ജ്വലമായ ഗ്രന്ഥം ഞാൻ വായിച്ചു ഈ പുസ്തകത്തിന്റെ ഒരു കോപ്പി തിരുവനന്തപുരത്തെ ഇൻഡ്യാ ബുക്സ് ഹൗസിൽ ഇരിക്കുന്നതു കണ്ടു. കൗതുകമുള്ളവർക്കു് അതു വാങ്ങി വായിക്കാം. (Love and will — Rollo May. 50 p. Fontana Paper back)

എബ്രഹാം മസ്ലോവ് (മരിച്ചുപോയി) എറിക് ഫ്രം ഇവരാണു് ഹ്യൂമനിസ്റ്റിക് മനഃശാസ്ത്രത്തിന്റെ ഉദ്ഘോഷകർ. വ്യക്തിയുടെ ആകെയുള്ള സ്വത്വം (personality) ശരീരികതത്ത്വത്തിന്റെ വകഭേദമാണെന്നു് ഫ്രായിഡനുയായികൾ. ശരീരികത്വം സ്വത്വത്തിന്റെ ഒരു ഘടകമാണെന്നു ഹ്യൂമനിസ്റ്റുകൾ കരുതുന്നു. സ്നേഹത്തിനാണു് അവർ പ്രാധാന്യം കല്പിക്കുക. മസ്ലോവ് പറയുന്നു:— "Love is the expansion of the self, the

(ശേഷം, 57-ൽ)



ഒരു കോപം

ഒരു പാക്ക് പട്ടണത്തിനു സ്വന്തമായിഇല്ലാഞ്ഞു് ഏറ്റവുമധികം ദുഃഖിച്ചതു് അയാളായിരുന്നു. പ്രേമത്തിന്റെ വിത്തു് മനസ്സിൽ പാറിവീണു് പൊട്ടിമുളച്ചു് വളർന്നതോടെ ആ ദുഃഖവും ഇലവീശി. ചെടികളും പൂക്കളും മരങ്ങളും പൈങ്കിളികളുമൊക്കെയുള്ള ഒരുപാർക്കിൽ, അവളോടൊട്ടിയിരുന്നു കഥകൾ പറയാൻ അയാൾ മോഹിച്ചു. പക്ഷെ മോഹംമുളിങ്ങക്കോലു മാതിരി ഉണങ്ങി, തുരുമ്പി, മനസ്സിൽ കിടന്നതേയുള്ളൂ.

അവളെ ആകെക്കൂടി നന്നായി കാണാൻ കിട്ടുന്ന അവസരം കാലത്തു് ഒമ്പതരമണിയാണു്. പുസ്തകക്കെട്ടുമായി പുത്തിരി പോലെ അവൾ നിരത്തിലൂടെ നടന്നെത്തും. കാത്തുനിന്നു് അവളെ കണ്ടെത്തിയാൽ സംസാരിച്ചുകൊണ്ടു് നീങ്ങുകയായി. ഉരുമ്പുപിടിച്ച കമ്പിക്കാലുകൾ, ടാർ പൊളിഞ്ഞു് മെറ്റൽ നിരന്ന നിലം, നാറുന്ന ഓടകൾ, ഉടഞ്ഞിയവപിന്നിട്ടുമ്പോൾ അയാളുടെ മനസ്സാകെ മരവിക്കും. അവളും ചേർന്നുള്ള ഒരു ജീവിതസൗഭാഗ്യപുരം, വാക്കുകൾകൊണ്ടു് വരഞ്ഞു കാണിക്കാൻ പറ്റാത്ത പശ്ചാത്തലം. പിന്നെ വഴിയെ പോകുന്ന, പരിചിതനായ ഓട്ടോറിക്ഷാ ഡ്രൈവറുടെ നേരെ കൈവീശിയും, എതിരേവരുന്ന ബോയ്ഫ്രണ്ടിനു് ഒരു ചിരി സമ്മാനിച്ചുമൊക്കെ അവൾ വരുന്നുന്ന സമയനഷ്ടവും. കൺമുന്നിൽവച്ചു് അവൾ അരത്തരത്തിൽ സോഷ്യലാവുന്നതിൽ അയാൾ അകമേ ഓർത്തു സന്തോഷിച്ചു — വെറും അനന്തരാപുതമല്ലല്ലോ, ആണും പെണ്ണും ചേർന്നു ഈ ലോകത്തു് ജീവിക്കാൻ പഠിയിയവളാണല്ലോ! മുത്തിനെ മോഹിപ്പിക്കുന്ന അവളുടെ മന്ദഹാസവും കാന്തംകൊണ്ടു് കരളിൽ കുത്തുന്ന നോട്ടവും വേണ്ടതിലധികം കിട്ടും. വൃത്തികെട്ട നിരത്തിൽവച്ചു് അതുയെങ്കിലും ലഭിക്കുന്നതിൽ, സംതൃപ്തി കണ്ടെത്താൻ ഒടുവിൽ അയാൾ ശ്രമിച്ചു.

പ്രേമം ഒരു ഫോബിയയല്ലാത്തതുകൊണ്ടു് ദിവസവും കാണുന്നിനും അവളെ കാണാൻ അയാൾ ആഗ്രഹിച്ചില്ല. മറന്നു പല പണികളുള്ളതുകൊണ്ടു് ഒട്ടു് സമയവുമില്ലായിരുന്നു. മൂന്നു നാലു് തവണ കണ്ടുമുട്ടി സംസാരിച്ചു; അത്രതന്നെ. റോട്ടറിക്ലബ്ബിലെ മാന്യന്മാർ തുടങ്ങി, അമ്പലമുറ്റത്തെ ആൽച്ചുവട്ടിലെ അരസനന്യാസിമാർവരെ പരിചിതരായിരുന്നതുകൊണ്ടു് ആ സമയത്തിനകം അയാളുടെ പ്രേമകഥ പട്ടണം മുഴുവൻ പരസ്യമായി. സുഹൃത്തുക്കൾ മുഴുവൻ ഒറക്കെട്ടായി, അത്യന്തകരമായ രീതിയിൽ, ആ പെൺകുട്ടിയുമായി ബന്ധം പാടില്ലെന്നു് നിർബ്ബന്ധിച്ചു. അവളുടെ പ്രേമവ്യാപാരങ്ങളെക്കുറിച്ചു് നിത്യമെന്നോണം വിഷംനിറഞ്ഞ ഓരോ കെട്ടുകഥകൾ ചെവിയിൽ മന്ത്രിച്ചു. കേട്ടുകേട്ടു് ചെവിക്കു് തഴമ്പായി, ഹൃദയത്തിൽ ഫാസ്യത്തിന്റെ ഒരു ഹിമതമേഖലയും. സ്നേഹിതരുടെ ഉപദേശമനുസരിച്ചു് ജീവിക്കാതെ സ്വന്തമായി തീരുമാനമെടുക്കുന്ന അയാൾ, അവളെ കാണാനും സംസാരിക്കാനും അതുകൊണ്ടു് ആശിച്ചു. അവളുടെ പരിശുദ്ധിയിൽ; അചഞ്ചലമായ വിശ്വാസം അയാൾ സ്വയം മനസ്സിൽ നിറച്ചുവച്ചു; അവളുടെ മധുരമുഖവും ഓടത്തണ്ടുപോലത്തെ ഓമനമേനിയും സ്വന്തമാവുന്നയാപൊന്നോമനദിനം സ്വപ്നംകണ്ടു.

വളരെക്കാലമായി കാണുന്ന ഒരു പെൺകുട്ടി, പരിചയഭാവം കാട്ടിയാലും, ക്രൂരത മുഖത്തു വരുത്തി അയാൾ കഴുത്തു തിരിക്കുകയേയുള്ളൂ. അവിവാഹിതനായതുകൊണ്ടു്, അകലെ വീട്ടിലുള്ള അമ്മയുടെ മുഖവും വാക്കുകളും ഓർത്താണങ്ങനെ പ്രവർത്തിച്ചിരുന്നതു്. ഏറ്റവും കൂട്ടുതൽ സ്നേഹം ചൊരിയുന്ന, അമ്മ അങ്ങനെ കാര്യമായി ഉപദേശിക്കാറൊന്നുമില്ല. പക്ഷെ ഹൃദയത്തിൽ തറയുംപടി ഒന്നു പറഞ്ഞിരുന്നു—

— മോനേ, നീ ഒരു പെണ്ണിനും ആശ കൊടുക്കരുതു്. കന്യാശാപം വാങ്ങിക്കേട്ടരുതു്. നിനക്കിഷ്ടപ്പെട്ടു് ആശ കൊടുത്താലോ താലിയും കൊടുക്കണം.

സ്വന്തം പേരുമായി കൂട്ടിച്ചേർത്തു് അപരിചിതരായ പെണ്ണുങ്ങളുടെ പേരുകൾ പറഞ്ഞുകേൾക്കാൻ ആശിക്കുന്ന യുവസുഹൃത്തുക്കൾക്കിടയിൽ അയാൾ ഏകനായി നിലകൊണ്ടു. ഒരു പെണ്ണിന്റെയും പേരുകൂട്ടിച്ചേർത്തു നാലാളെക്കൊണ്ടു് പറയിക്കാതെ ഇത്രകാലംകഴിച്ചു. പക്ഷെ പെണ്ണുങ്ങളുടെ എണ്ണംവർദ്ധിച്ച ഈ പ്രപഞ്ചത്തിൽ ഓ, ഒടുവിൽ ഒരു പെൺകുട്ടിയുടെ പേരു് അയാളുടെതുമായി കൂട്ടിഘടിപ്പിക്കപ്പെട്ടിരിക്കുന്നു!

ഓത്തു് കുറെ ദുഃഖിച്ചിട്ടു് ഒടുവിലയാൾ സമാധാനംകണ്ടെത്തി. ഏതായാലും ഇണയായി ഒരു ഇക്കിളിയുള്ള പെണ്ണുവേണമല്ലോ. അതുവൾതന്നെയാവട്ടെ; എന്നു് ഉറപ്പിച്ചു.

സ്വന്തം അമ്മയുടെ അനുവാദവും അനുഗ്രഹവും ഇല്ലാതെ ഇറങ്ങിത്തിരിച്ച എല്ലാകാര്യങ്ങളിലും ഈശ്വരൻ അയാൾ അനുഭവിച്ചിട്ടുണ്ടു്" അതുകൊണ്ടു് അമ്മയുടെ വിവരത്തിനു് ഒരു കത്തെഴുതി. മറുപടി വന്നപ്പോൾ ഞെട്ടിത്തെറിച്ചുപോയി. അ

കഥ

തുളസി

ഗ്രഹവും അനുവാദവുമൊന്നുമില്ല. അമ്മയുടെ പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കുന്ന പെൺകുട്ടിയായിരുന്നു അവൾ. അയാളാകെ ധർമ്മസങ്കടത്തിലായി. ചുരുങ്ങിയ വാക്കുകളേ പ്പെംനടന്നു അവളുമായി കൈമാറിയിട്ടുള്ളൂ എങ്കിലും അവളുടെ കണ്ണുകളിൽ കത്തിക്കാളുന്ന നീലസപ്പ"നവും, എന്നിലേക്കു" വരൂ, വരൂ എന്ന നിശ്ശബ്ദക്ഷണവും മറക്കാൻ അയാളുടെമനസ്സിനു സാധ്യമായിരുന്നില്ല

ഇല്ലുത്തെ സമയം ഉണ്ടാക്കിച്ചു" ഏതോ അജ്ഞാതശക്തി അയാളെക്കൊണ്ടു" അവളെ കണ്ടുമുട്ടാൻ അവസരമുണ്ടാക്കി. പക്ഷെ ഒന്നുമൊന്നും മിണ്ടാനാവാതെ മിക്കപ്പോഴും കടന്നുപോവേണ്ടിയിരുന്നു. ചിരിയും കടാക്ഷവുംനിറഞ്ഞ അവളുടെ മുഖം കൊഴിഞ്ഞുവീഴുന്ന മുഖംകണ്ടുകണ്ടു" ഒടുവിലയാൾക്കു" മടുപ്പായി. ഒരു കോപത്തിന്റെ കൊച്ചുലകൾ പ്രത്യക്ഷപ്പെട്ടാൽ, ആ മുഖത്തെ കണ്ണുകളും കവിളുകളും ചുണ്ടുമൊക്കെ എങ്ങനെയായിരിക്കും?

ആൾത്തിരക്കുള്ള നാൽക്കവലയിൽക്കൂടി അവൾകടന്നു" കോളേജിലേക്കു" പോകുന്നതും കാത്തു" അയാൾനിന്നു. അവൾ അടുത്തെത്തുമ്പോൾ അശ്രദ്ധഭാവിച്ചു" മനപ്പൂർവ്വം; അടുത്തുകൂടികടന്നുപോകുന്ന മറ്റു" പെണ്ണുങ്ങളെ ശ്രദ്ധിച്ചു. പരിഭവംകൊണ്ടു" അപ്പോൾ അവളുടെ മോഹനമുഖം മുകന്നതുകണ്ടു" അയാൾ അകമേ ആനന്ദിച്ചു കോപംകൊണ്ടൊന്നു ജ്വലിക്കുന്നതുകാണാൻ വീണ്ടുമയാൾ ആശിച്ചു. അന്നായി, എത്രമേറെച്ചുകന്നു" കൂട്ടിമുട്ടുന്ന രൂപത്തിൽ കണ്ടുമുട്ടി. വാക്കുകൾ കൈമാറുന്നതിനിടയിൽ അയാൾ മനപ്പൂർവ്വം സംസാരിക്കേ!

—കോൺഗ്രസ" പിളരുന്നലക്ഷണമാ.

അവൾ പകച്ചു" രവുപ്പോടെ നോക്കിനിൽക്കുമ്പോൾ, വീണ്ടുമയാൾ പ്രഭാതപത്രത്തിലെ പ്രധാനവാർത്തകളെക്കുറിച്ചു"സംസാരിക്കും. കാണുകാണുകിട്ടുന്ന കനകാവസരം കൊടുക്കാഴിയിലെറിയുന്ന അബോധനെ നേരിട്ടന്നമാതിരിയുള്ളഭാവം അപ്പോൾ അവളുടെ മുഖത്ത"പടരും. അതോടെ അവൾ നടപ്പുകളയും.

ഒരാഴ്"ചകഴിഞ്ഞു", അയാൾ ഓട്ടോറിക്ഷയിൽ പോകുന്നവഴി അവളേയും കൂട്ടുകാരിയേയും റോഡിൽവച്ചുകണ്ടു. അയാൾ അതുനിറുത്തിച്ചു" ചാടിയിറങ്ങി അടുത്തുചെന്നു പറഞ്ഞു!

—ഹൊ! ഇന്നാ ജനബോജരാറ" തകർന്നു" മരിച്ചതുമുക്കാലും മലയാളികളാ.

അവജ്ഞയോടെ, വെറുപ്പോടെ, അവൾ നോക്കുന്നതുകണ്ടു", മയപ്പെടുത്തിയ സ്വരത്തിൽ പറഞ്ഞു!

—ഞാനത്യാവശ്യമായി തിരുവനന്തപുരത്തുപോകുന്നു.

പൊട്ടിത്തെറിക്കുന്ന സ്വരത്തിൽ അവൾ ചോദിച്ചു!

—അതിനു" ഞാനെന്തുവേണം?

ഉടനു", തുള്ളിപ്പിടിച്ചുനിന്ന കൂട്ടുകാരിയെ പിടിച്ചുവലിച്ചു" അവളോടുപ്പും. ഡ്രൈവറുടെ ഹാസംനിറഞ്ഞ മുഖത്തെ നോട്ടത്തെ നേരിട്ടുകൊണ്ടു" അയാൾ കാട്ടോറിക്ഷയിൽ കയറി. അതോടി, നടന്നനീങ്ങുന്ന അവരെ പിന്നിട്ടപ്പോൾ, കോപംനിറഞ്ഞമുഖം അകലത്തിൽ കണ്ടു" അയാൾ ആനന്ദംകൊണ്ടു" സ്വയം ചിരിച്ചു.

പിന്നിട്" കുറെ"ച അവരെ കാണാനേ കഴിഞ്ഞില്ല. സ്വന്തം അമ്മയു" നേരെ, കത്തിലൂടെ അവസാന ആയുധം പ്രയോഗിച്ചിട്" കാത്തിരിക്കുന്ന ഘട്ടം. കന്യാശാപം കിട്ടുമെന്നൊന്നുമല്ല, അവളെയല്ലെങ്കിൽ ജീവിതത്തിൽ കല്യാണമേ കഴിക്കില്ലെന്നും ടീഷണിപ്പെടുത്തിയാ കത്ത". അതു" ശരിക്കു" അമ്മയുടെ അനുവാദവും അനുഗ്രഹവും നിറഞ്ഞ അമ്മയുടെ മുഖപടിക്കുള്ളു" ഒടുവിൽകിട്ടി. അപ്പോൾ അയാൾ ആഹ്"ളാദംകൊണ്ടു" സ്വയം പൊട്ടിത്തെറിച്ചു. ആ നിമിഷം അവളെക്കണ്ടു" വിവരംപറയാൻ ആശിച്ചെങ്കിലും, അവൾ കോളേജിനകത്തു" ക"ളാസ്സിലാണെന്നോർത്തു" അയാൾ അടക്കി.

രണ്ടുകുന്നേരം അവൾ വരുന്നവഴിയിൽ ചെന്നു കാത്തുനിന്നു. ഒരുപാടു കൂട്ടുകാരികളുമായി അവൾ നടന്നടുക്കുന്നു. മതിമറന്നു"നിന്നയാൾ അവളുടെരൂപം കണ്ണുകളിൽ ആവാഹിച്ചു. വിശേഷവാർത്തപറയാൻ നാക്കിനെ സജ്ജമാക്കി. തൊട്ടടുത്തവളുത്തിയപ്പോൾ മന്ദഹാസത്തോടെ അയാൾ പറയാൻ ആരംഭിച്ചു!

—പിന്നേയ"—

—പോകു മനുഷ്യാ, നിങ്ങൾ എന്നോടു" മിണ്ടേണ്ടാ.

മലയാളനാടു" വാരിക
വരിസംഖ്യാ നിരക്കു"

ഒരുവർഷത്തേക്കു"	52–00രൂ.
ആറുമാസത്തേക്കു"	26–00രൂ.
ഒറ്റപ്രതി	1–00രൂ.

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാനിരക്കുകൾക്കു" ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാടു" വാരിക
കൊല്ലം—691013.

അമ്മാൾ സുബ"ധനായി.

കൂട്ടുകാരികളുടെ കൂട്ടത്തിൽ അനുകമ്പയുള്ള ഒരു പെൺകുട്ടി അല്പമുണ്ടായിരുന്നു. പക്ഷെ അവൾ കോപംകൊണ്ടു" ജ്വലിച്ചു", ഒരു തീക്കനലായി, കൂട്ടുകാരിയെ പിടിച്ചുവലിച്ചു" അതിവേഗംനടന്നു. വിവിധവർണ്ണത്തിലുള്ള സാരികൾചുറ്റിയ പെൺമണികൾ അകലുന്നതുനോക്കി അയാൾ ഒരു ഉപ്പുതൂണായി ചിലനിമിഷങ്ങൾനിന്നു.

പിന്നിട്" പുറംകണ്ണോടിച്ചു. റോഡുവക്കിലെ ലോഡ്ജിസ" ഹോസ്റ്റലിലെ ഒരുപാറം പെൺകുട്ടികൾ കൗതുകപൂർവ്വം അയാളെ നോക്കി. ചിരിയടക്കുന്നു. പിന്നെ ചില പീടികയിൽ ഇരിക്കുന്നവരും വഴിയാത്രക്കാരും ചിരിക്കുന്നു. എല്ലാകണ്ടു" അയാൾ വിളറിവെളുത്തു. എന്നാൽ തൊട്ടടുത്തനിമിഷം വിളറിയ ആകാശത്തേക്കു നോക്കി അയാളും ഒരു ചിരിപാസ്സാക്കൊട്ടുത്തു എന്നിട്ടൊരു നടത്തയും. <>

(53–ൽ നിന്നും തുടർച്ച)

person....” [ഫായിറിനു" സ്വീകരിക്കാൻ വയ്യാത്ത ഒരഭിപ്രായമാണിതു".

* * *

ജോൺ ഡ്രൈഡൻ തന്റെ ഭാര്യക്കുവേണ്ടി എഴുതിയ ചരമസ്മാരകവാക്യം!—

Here lies my wife: here let her lie
Now she's at rest, and so am I

(ഇവിടെ എന്റെ ഭാര്യ കിടക്കുന്നു. ഇവിടെ അവൾ കിടന്നുകൊള്ളട്ടെ. ഇപ്പോൾ അവൾക്കു വിശ്രമമാണു". എനിക്കും അങ്ങനെതന്നെ)

—o—

സിനിമ

മംഗലശ്ശേരി

ഷിബാ ആർട്ട്സിന്റെ അഗ്നി സംഭവബഹുലമായ വലിയൊരു കഥയുടെ ചലച്ചിത്രാവിഷ്കരണമല്ല. ഒരു പിതാവിനു് സ്വന്തം മകളോടുള്ള സ്നേഹത്തിന്റെയും, ആ മകൾക്കു് തന്റെ കാമുകനോടുള്ള അനുരാഗത്തിന്റെയും തീവ്രമായ കഥപറയുകയാണിതിൽ. കഥയിലോ അവതരണത്തിലോ എടുത്തുപറയത്തക്ക പുതുമയൊന്നും അഗ്നിക്കില്ല. പക്ഷേ മണ്ണിനോടും ഭാഷയോടും ഈ ചിത്രത്തിനുള്ള അഭിനിവേശം നമ്മെ അത്യധികമായി ആകർഷിക്കും. റീമേക്കു് — കൃത്രിമ സാലചിത്രങ്ങൾ കണ്ടുമടുത്തിരിക്കുന്ന, മലയാളത്തിന്റെ തനതായ ചിത്രങ്ങൾ കാണാൻ ആർത്തിപൂണ്ടിരിക്കുന്ന പ്രേക്ഷകർക്കു് അഗ്നി ഒരു നല്ല വിരുന്നായിരിക്കും. പക്ഷേ സെക്സും സ്റ്റണ്ടും വിലകുറഞ്ഞ ഫാസ്യരംഗങ്ങളും കുത്തിച്ചെലുത്തിയ തട്ടുപൊളിപ്പൻ ചിത്രങ്ങൾ കണ്ടുപഴകിയ പ്രേക്ഷകർക്കു് അഗ്നി എത്രത്തോളം തൃപ്തികരമാവും എന്നെനിക്കു് നിശ്ചയമില്ല. മാതൃകസുന്ദരിമാരുടെ അർദ്ധനഗ്നമേനികളോ, അച്ചടിഭാഷയിൽ സംസാരിക്കുന്ന കഥാപാത്രങ്ങളേ എന്തു കാണിച്ചും എന്തുപറഞ്ഞും കരയിപ്പിക്കുന്ന ചിന്തിയുതിർത്തുന്ന കഥാപാത്രങ്ങളോ ഈ ചിത്രത്തിലില്ല പക്ഷേ ഒന്നുണ്ടു്" മലയാളത്തിന്റെ ശബ്ദം; മലയാളനാടിന്റെ ഉൾത്തുടിപ്പുകൾ. ഈ ഹൃദയഹാരിയായ ശബ്ദവും ആവേശംകൊള്ളിക്കുന്ന ഉൾത്തുടിപ്പുകളും എല്ലാ മലയാള ചിത്രങ്ങളിലും കേൾക്കാൻ കഴിഞ്ഞെങ്കിൽ എന്നാശിച്ചുപോകുന്നു.

പ്രസിദ്ധ സാഹിത്യകാരനായ സി. രാധാകൃഷ്ണനാണു് അഗ്നിയുടെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നതു്. കഥയും സംഭാഷണവും തൃപ്തികരമാണു്. പക്ഷേ ചിത്രത്തിന്റെ പോരായ്മകൾ തുഴവൻ തിരക്കഥയിലാണു്. ആകെ പതിനൊന്നു് റീലുകൾ മാത്രമുള്ള ഈ ചിത്രത്തിന്റെ വളരെയധികം രംഗങ്ങൾ മൊല്ലാക്കയുംകൊരുസ്ഥനുമായുമുള്ള സംഭാഷണങ്ങൾക്കു് നീക്കിവച്ചിരിക്കയാണു്. കാണികളെ ചിരിപ്പിക്കാനുദ്ദേശിച്ച ആ രംഗങ്ങൾ ആ ലക്ഷ്യം സഫലമാക്കിയില്ല. ചിരിയ്ക്കു് പകരം മുഷിപ്പാണു് അനുഭവപ്പെട്ടതു്. അതുപോലെതന്നെ പാട്ടുകളുടെ കാര്യവും. മുതുക്കൊമ്പിലിരുന്നു് ആ മൊല്ലാക്ക പാടുന്ന ഏതാനും വരികളും "സുൽത്താന്റെ കൊട്ടാരത്തിൽ കള്ളൻകേറി —" എന്ന പാട്ടും ഒഴിച്ചാൽ മറ്റൊന്നിനും ചിത്രത്തിൽ വലിയ പ്രാധാന്യമുള്ളതായി തോന്നിയില്ല. മറ്റുള്ള പാട്ടുകൾ ചിത്രത്തിന്റെ തീവ്രഭാവങ്ങളുടെ ശക്തിയെ കാർന്നുതിന്നുകയാണുണ്ടായതു്. മൊല്ലാക്കയും കാര്യസ്ഥനുമായുള്ള സംഭാഷണരംഗങ്ങളും "സുൽത്താന്റെ കൊട്ടാരത്തിൽ—" ഒഴിച്ചുള്ള പാട്ടുകളും തുഴവനായി കരുതിക്കൂട്ടിച്ചുള്ളതാണെങ്കിൽ അഗ്നി മലയാളത്തിലെ മികച്ച ചിത്രങ്ങളിലൊന്നായി തീരുമായിരുന്നു.

അഗ്നി

മലയാളത്തിന്റെ നിശ്വാസങ്ങൾ നിറഞ്ഞചിത്രം

ആമിന ഗർഭിണിയാണെന്നറിഞ്ഞുകൊണ്ടു് മൂസാക്ക ഒരു കൊള്ളക്കാറ്റുപോലെ അറവുകത്തിയുമായി സ്വന്തം കടിലിലേക്കു് പോകുന്നു. അതേസമയം ആമിനയും എവിടെക്കോ നടന്നുനീങ്ങുകയാണു്. ആ നടത്തവും നദിയിൽ നീന്തുന്നതും കാണുമ്പോൾ ആമിന ആത്മഹത്യയ്ക്കു് ശ്രമിച്ചതാണെന്നു് ഊഹിക്കാനാവുന്നില്ല. മൂസാക്കയുടേയും ആമിനയുടേയും നടത്തങ്ങൾ കിടയിൽ ഭാഗ്യക്കുറിക്കാരിലെ "മൊഞ്ചത്തിപ്പെണ്ണുവന്നേ—" എന്ന പാട്ടു് ആ രംഗങ്ങളുടെ തീവ്രത നശിപ്പിക്കുകയാണുണ്ടായതു്. സുലൈമാൻ സ്വന്തം പിതാവിനെ കൊല്ലുന്നതും, അമ്മയുടെ മരണശേഷം വല്ലാക്കൽ വീടു് ലോറി വാങ്ങുന്നതും മറ്റുമായുള്ള പൂർവ്വകഥയുടെ ഫ്ളാഷ്ബാക്കു് എന്തുകൊണ്ടോ പ്രേക്ഷകമനസ്സുകളെ ആകർഷിച്ചില്ല. തത്ഫലമായി ആ രംഗങ്ങൾ രൂപപ്പെടുത്തിയതിലുള്ള അപാകതയോ, അതുമല്ല അസ്ഥാനത്തായതോ ആകാം. അറവുകാരൻ മൂസാക്കയുടെ മകൾ ആമിനയെ എത്രയധികം സ്നേഹിക്കുന്നു എന്ന വസ്തുത കരവളകൾ വാങ്ങുന്ന ആ ഒറ്റരംഗംകൊണ്ടു് നമുക്കു മനസ്സിലായി. അതു് ഒന്നുകൂടി ദൃഢീകരിക്കുന്നതിനുവേണ്ടി ആമിനയുടെ പാറിയുലഞ്ഞുകിടന്ന മുടി മാംസം കഷണങ്ങുന്ന മുഖഭാവത്തോടെ ചീകുന്ന രംഗം കാണിച്ചതു് അശ്ലീഷം നന്നായില്ല. മൂസാക്കയെന്ന ആ അസാധാരണവ്യക്തിത്വത്തിൽ അതു് അല്പം മങ്ങലേല്പിച്ചതായി എനിക്കു തോന്നി.

അറവുകാരൻ മൂസാക്കയുടെ മനംമാറ്റത്തിനും വേണ്ടത്ര പ്രസക്തിലേക്കുചിച്ചുവോ എന്നും സംശയമുണ്ടു്. സ്വന്തം മകൾ, തന്റെ ജീവനായ ആമിന ആത്മഹത്യചെയ്യാൻ ശ്രമിച്ചു എന്ന ഒറ്റക്കാരണംകൊണ്ടു് അടുക്കൽ എന്നേക്കുമായി മൂസാക്ക നിരുത്തിയേക്കാം. പക്ഷേ അതു് ചിത്രീകരിച്ചതു് സ്വാഭാവികതയോടെ കാണികൾക്കു് ഉൾക്കൊള്ളാനായില്ല. ആടിന്റെ തലയും ആമിനയുടെ തലയും മിക്സ്ചെയ്തുകൊണ്ടു് മൂസാക്കയുടെ മാനസിക വ്യത്യാനംവരുത്തിയതു് എന്തുകൊണ്ടു് ശരിയായില്ല എന്നതാണു് എന്റെ പക്ഷം. ഒരു ദുർബലനിമിഷത്തിൽ ഈ രീതിയിൽ കടുംകൈക്കു് മാറാംവന്നുകൂടെന്നല്ല ഞാൻ പറയുന്നില്ല.

അഗ്നിയിലെ മൂസാക്കയേയും സുലൈമാനേയും ആമിനയേയും നാം പലപ്പോഴും കണ്ടുപഴകിയിട്ടുള്ള കഥാപാത്രങ്ങളാണു്. എങ്കിലും സി. രാധാകൃഷ്ണൻ അവർക്കു് തനതായ വ്യക്തിത്വംനൽകാൻ ശ്രമിച്ചിട്ടുണ്ടു്. അഭിനേതാക്കൾ ആ വ്യക്തിത്വങ്ങൾക്കു് ശക്തിയും ചൈതന്യവും ഏറെ പകർന്നുനൽകുകയും ചെയ്തിരിക്കുന്നു. സ്വാഭാവികതയുള്ള മലയാളത്തിന്റെ മണമുള്ള സംഭാഷണശകലങ്ങൾ ആ കഥാപാത്രങ്ങളെ കൂടുതൽ ഉയർന്തലത്തിലേക്കുയർത്തുന്നു. ലോറിഡ്രൈവറായ സുലൈമാനെ മലയാളസിനിമയുടെ ശക്തിയുടെ ഉറവിടമായ മധുവാണു് രൂപപ്പെടുത്തിയിരിക്കുന്നതു്. ബഹളവും ഒച്ചയുമില്ലാതെ സുലൈമാനെ പ്രേക്ഷകമനസ്സുകളിൽ നിറയിക്കാൻ കരുത്തനായ മധുവിനുകഴിഞ്ഞു. സുന്ദരിയായ ആമിനയെ വിധുബാലയാണു് രംഗത്തുകൊണ്ടുവരുന്നതു്. കാമുകന്റെമാറിൽ എല്ലുംമറന്നു് വാടിത്തളർന്നു വീഴുന്ന ആമിനയെ, അനിയന്റെ കുസൃതികൾക്കുമുന്നിൽ കീഴുക്കാംപടിയായി മാറുന്ന ആമിനയെ, പിതാവിന്റെ നോട്ടത്തിന്റെ മുന്നിൽ ആ ചിതറിത്തെറിക്കുന്ന ശബ്ദത്തിനുമുന്നിൽ പേടിച്ചരളുന്ന ആമിനയെ. തനിക്കു ഗർഭമാണെന്നു് മറ്റുള്ളവർപറയുന്നതുകേട്ടു് ആകെ തകരുന്ന ആമിനയെ വിധുബാല ഉജ്ജ്വലമാക്കി. സ്വന്തംപിതാവിനോടുള്ളസ്നേഹത്തിന്റെ പാരമ്യതകാട്ടുന്ന അവസാനരംഗത്തിലെ ആമിനയെ വിധുബാല നമ്മുടെമനസ്സിൽ പതിപ്പിക്കുകതന്നെ ചെയ്തു. അഭിനയത്തി

"അഗ്നി"യിൽ മാസ്റ്റർ സുകു, ബാലൻ കെ നായർ, വിധുബാല, വിജയശ്രീ

തന്റെ കാര്യത്തിൽ മറ്റുള്ളവരുടെ നടികളിൽനിന്നും വ്യത്യാസമുള്ള പ്രത്യേകതകളേതെയാണു്". ചിരി, കരച്ചിൽ, കോപം എന്നിവ വളരെ നിയന്ത്രിക്കാനും, ആ നിയന്ത്രണത്തിലൂടെ കാഴ്ചക്കാരുടെ മുഴുവൻ ശ്രദ്ധയും നേടിയെടുക്കാനും അവർക്കു് കഴിയുന്നു. വിധുബാലയുടെ ശ്രദ്ധേയമായ റോളുകളിലൊന്നാണു്.

ബഹദൂറിന്റെ അഭിനയജീവിതത്തിൽ അവിസ്മരണീയമായ മറ്റൊരു കഥാപാത്രമാണു് ഈ ചിത്രത്തിലെ മൊല്ലാക്ക. ആണിരോഗം പിടിപെട്ട കാലുമായി മുടന്തിനടക്കുന്ന മൊല്ലാക്ക ആരുടെയും സഹതാപമാർജ്ജിക്കുന്നു. ആണിരോഗമുള്ള വർക്കുപോലും ഇതു സ്വാഭാവികമായി നടക്കാൻകഴിയുമോ എന്നു സംശയമാണു്. മൊല്ലാക്കയുടെ നടപ്പുകണ്ടപ്പോൾ നമ്മുടെ കാലുകളിലാണോ വേദന എന്നുതോന്നിപ്പോകും. ഇതുപിടിച്ചു മനസ്സും ശരീരവുമായി ആത്മീനയത്തേടിപ്പോകുന്ന മൂസാക്കയെ ഭയസംഭ്രമങ്ങളോടെ നിറകണ്ണുകളുമായി നോക്കിനിൽക്കുന്ന അവസാനരംഗങ്ങളിലെ മൊല്ലാക്കയെ മറക്കുവയ്യ. ബഹദൂർ എന്ന സർഗ്ഗധനനായ നടനുമാത്രം ചെയ്യാനുവേശം.

ഞണ്ടിയുടെ ആത്മാവായ അറുകാരൻ മൂസാക്കയായി വേഷമിട്ടതു് ബാലൻ കെ. നായരാണു്. വളരെകുറച്ചു ചിത്രങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ടിട്ടുള്ളുവെങ്കിൽക്കൂടി മലയാളസിനിമയിൽ തന്റേതായ ഒരു സ്ഥാനമുറപ്പിക്കുവാൻ നായർക്കു കഴിഞ്ഞിട്ടുണ്ടു് ബാലൻ. കെ: നായരുടെ ശ്രദ്ധേയനും അഭിനയശൈലിക്കും സ്വന്തന്തമായ ഒരു റോളാണു് മൂസംക്കയുടേതു്. ഉജ്ജ്വലഭാവങ്ങളോടെ മൂസാക്കയെ ബാലൻ കെ.നായർ ജീവസ്സുറ്റതാക്കി. ആനടപ്പും, നോട്ടവും, സംസാരവും അസ്സൽ അറുകാരന്റേതുതന്നെ. അവസാനത്തെ ഒരു രംഗത്തുമാത്രമാണു് കഴിവുറ്റ ഈ നടൻ അല്പംകൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ എന്നുതോന്നിയതു്. സുലൈമാൻ ഓടിക്കിതച്ചുവന്നു് മൂസാക്കയുടെ കെട്ടഴിച്ചുവിട്ടനേരം. കാട്ടുപോത്തുപോലെനിന്ന മൂസാക്ക മുഖത്തിലിരിക്കുന്ന കത്തിയെയും, സുലൈമാനെയും മാറിമാറിനോക്കി. "കൊന്നവനാണു ഞാൻ കൊല്ലുംതിരിക്കലാണു് സൊകം." എന്ന സുലൈമാന്റെ വാക്കുകൾ ആ മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ കൊടുങ്കാറ്റുയർത്തി, അത്യഗ്നിക്കും ഞരി ശൈത്യത്തിനുമിടയിലെ ആഹ്ലാദത്തിലേക്കു്, സ്നേഹത്തിന്റെ തെളിനീരുവിക്കയിലേക്കു് ആ മനുഷ്യന്റെ തീർത്ഥയാത്രക്കു് സഹായിക്കുന്ന ആ മാനസാന്തരം എത്രകൊണ്ടോ പൂർണ്ണമായും ഹൃദയസ്പർശിയായില്ല. ആ ഒരു നിമിഷം ബാലൻകെനായർക്കു കുറേക്കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ എന്നാശിച്ചുപോയി. മലയാളത്തിലെ കണ്ണുറ ഒരു നടനാണു് ബാലൻ കെ. നായർ. ഏറ്റവുമൊടുവിൽ ഇതാ അഗ്നിയിലൂടെയും തെളിയിച്ചിരിക്കുന്നു. നിർമ്മാതാക്കളും സംവിധായകരും ഈ നടനിലെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുക.

മണവാളൻജോസഫ് കാര്യസ്ഥന്റെ ഭാഗമാണു് കൈകാര്യം ചെയ്തിരിക്കുന്നതു്. ചിരിപ്പിക്കുക എന്ന ഉദ്ദേശത്തോടെയായിരിക്കണം കഥാപാത്രസൃഷ്ടി നടത്തിയതു്. പക്ഷേ, ചിരിയുടെ ഒരു ചെറിയ അലപോലും ഉയർന്നില്ല. മണവാളൻ ഭംഗിയായി അഭിനയിച്ചുവെങ്കിലും ആ കഥാപാത്രം അപ്രധാനമായിറ്റപ്പെട്ട പോവുകയാണുണ്ടായതു്. വിലാസിനിക്കു് വളരെ ചെറിയ ഒരു റോളേയുള്ളു. പക്ഷേ, അതിവസ്വാഭാവികതയോടെ അവർ ആ കഥാപാത്രത്തെ അവതരിപ്പിച്ചു. ആമീനയുടെ ഞനജന്റെ വേഷമിട്ട മാസ്റ്ററർ സുകുവിന്റെ ആ മുഖത്തെ കുഞ്ഞിച്ചിരിയും കുഞ്ഞുഭാവവും മനസ്സിൽ നിറഞ്ഞുനില്ക്കും.

ഗ്രാമീണജീവിതത്തിന്റെ ആത്മസംഘർഷങ്ങൾ മുഴുവൻ ഒപ്പിയെടുക്കാൻ പര്യാപ്തമായ ഒരു കഥയാണു് പ്രശസ്തനായ സി. രാധാകൃഷ്ണന്റേതു്. സ്റ്റുഡിയോകളെ ആശ്രയിക്കാതെ മലബാറിലെയഥാർത്ഥഗ്രാമതലങ്ങളിൽ വച്ചുതന്നെ അഗ്നി ചിത്രീകരിച്ചപ്പോൾ അതിന്റെ ഭാവസാന്ദ്രത ഏറുകയും ചെയ്തു. ഛായാഗ്രാഹകനായ യു. രാജഗോപാൽ ഗ്രാമത്തിന്റെ അതുല്യസൗന്ദര്യവും ഗ്രാമീണകഥാപാത്രങ്ങളുടെമാനസികസൗന്ദര്യവും ഭംഗിയായി ക്യാമറയിലേക്കു് പകർത്തിയിട്ടുണ്ടു്. രാത്രിയും പകലും പല ചിത്രങ്ങളിലുംവെവ്വേറായി തോന്നാറില്ല. അഗ്നിയിൽ പ്രകാശം ക്രമീകരിക്കുന്നതിലും മറ്റും വളരെയേറെ ശ്രദ്ധ ചെലുത്തിയിട്ടുണ്ടു്. എഡിറ്റർ ജി. വെങ്കിട്ടരാമനാണു്. എഡിറ്റർ അൽപ്പം ശ്രദ്ധ ചെലുത്തിയിരുന്നുവെങ്കിൽ അഗ്നിയെ ഇതിലും മെച്ചപ്പെട്ട ഒരു സ്ഥാനത്തേക്കുയർത്താമായിരുന്നു. ശകുന്തളയുടേതാണു് ഗാനങ്ങൾ. എ. ടി. ഉമ്മർ ഇമ്പമാന്ന രാഗം പകർന്നിരിക്കുന്നു. പക്ഷേ അസ്ഥാനത്താണവയെല്ലാം. അതുകൊണ്ടു് നമ്മുടെ ശ്രദ്ധയിലും അവ അസ്ഥാനത്തായിപ്പോകുന്നു. ഒരു സംവിധായകനെന്ന നിലയിൽസി. രാധാകൃഷ്ണന്റെ ആദ്യസംഭാവനയാണു് അഗ്നി. ചിത്രനിർമ്മാണവുമായിസി. രാധാകൃഷ്ണനു്എത്രത്തോളംബന്ധമുണ്ടു് എന്നെനിക്കറിയില്ല. അധികമൊന്നുമില്ല എന്നാണു് എന്റെ അറിവു്. ഒരു സംവിധായകനായി വേഷമണിയാൻ പ്രാപ്തിക്കുമായ അറിവോ, ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനമോ അതൃാവശ്യമില്ല എന്നാണു് ചലച്ചിത്ര ചരിത്രം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. മലയാളസിനിമയിലെ ക്ലാസ്സിക് ചിത്രങ്ങൾ സംവിധാനം ചെയ്ത അവിടുന്നോ, എം. ടി. വാസുദേവൻനായരോ, ബക്കറോ, അതിലധികം അറിവോ പരിശീലനമോ നേടിയവരായിരുന്നില്ലല്ലോ. സംവിധായകനെന്ന നിലയിൽ രാധാകൃഷ്ണൻ അഗ്നിയിൽ പ്രത്യേകമായ ഒരു സ്ഥാനം നേടിയിരിക്കുന്നുഎന്നു തീർച്ച.മലയാളത്തിലെ മികച്ച സംവിധായകരുടെ നിരയിലേക്കെത്തിച്ചേരാൻ, തന്റെ ആദ്യത്തെ ഈ ചുവടുവയ്പു് സഹായിക്കട്ടെ എന്നു് രാധാകൃഷ്ണനു്തീർച്ചയായുംവിശ്വസിക്കാം.

നമ്മുടെ സംസ്കാരത്തെ വ്യഭിചരിക്കുന്ന, നമ്മുടെ ചിന്തയേയും ബുദ്ധിയേയും മലിനപ്പെടുത്തുന്ന, ചലച്ചിത്രാഭാസങ്ങൾ കുന്നിനു പിറകേ കുടനന്നവരുന്ന മലയാളത്തിൽ ഷിബുബാനർട്ട്"സിനിമാറ്റ അഗ്നി വലിയൊരു ആശ്വാസമാണു്.ഈ ആശ്വാസം പകരുന്നതുകൊണ്ടുമാത്രം, നല്ലപോരായ്കകളുംനംവിസ്മരിക്കാൻബാദ്ധ്യസ്ഥരാണു് ഇതൊരു നല്ല ചിത്രമാണെന്നു് പറയുമ്പോൾ ഈ വികാരമാണു്. നമ്മുടെ മുന്നിലുണ്ടാവേണ്ടതു്. ഇത്തരം ചിത്രങ്ങളെടുക്കാൻ മുന്നോട്ടു വരുന്ന ബാപ്പു, ഫാസ്സിൻമാരെ നാം പ്രോത്സാഹിപ്പിക്കുക. മലയാളാണ്മയുടെ ചൂടും, മലയാളികളുടെ നിശ്വാസങ്ങളും നിറഞ്ഞുനില്ക്കുന്ന അഗ്നി, മലയാളചലച്ചിത്രത്തിന്റെ അന്തസ്സുത്തെ ഒന്നുകൂടി ഉയർത്തിപ്പിടിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല. <>

(ടി-ൻ നിന്നും തുടർച്ച)

തെ അതിജീവിക്കാൻ കഴിയുന്ന "കലാപരമായ കരുത്തും മേന്മ"യുമാണോ അതു്? എങ്കിൽ ഈ സാമൂഹികഥകൾക്കൊന്നും അതിനെ കഴിച്ചുമൂടാൻ കഴിയില്ല. ആരുടെയും സർട്ടിഫിക്കറും അതിനാവശ്യമില്ല. ഖസാക്കിന്റെ ഇതിഹാസം ഇറങ്ങിയതിനുശേഷമിറങ്ങിയ എത്രയോ നോവലുകൾ "കറിവേപ്പില പോലെ വിസ്മരിക്കപ്പെട്ടുകഴിഞ്ഞു. ശ്രീ പണിക്കർക്കതന്നെ നല്ല ബോദ്ധ്യമുള്ള കാര്യങ്ങളാണല്ലോ ഇതു്. ഖസാക്കിന്റെ ഇതിഹാസത്തിനു് വല്ല മങ്ങലുമേറ്റിട്ടുണ്ടോ? അതുകൊണ്ടാണു് സാഹിത്യകർത്തൃജ്ഞനായ പ്രൊഫ: കൃഷ്ണൻനായർ പറഞ്ഞതു്, ഖസാക്കിന്റെ ഇതിഹാസം നക്ഷത്രമാണെന്നു്; ബെൻഗർവാടിയോ വെറും പുൽക്കൊടിമാത്രം. ഈ പുൽക്കൊടികൊണ്ടു് നക്ഷത്രത്തെ മൂടിവയ്ക്കാമെന്നു് വ്യാമോഹിച്ചിട്ടെന്തുഫലം?

മലയാളത്തിലെ കരുത്തുറ്റ കൃതികളുടെ സാഹിത്യസൃഷ്ടികൾക്കും പരിക്കലെങ്കിലും നേരിടേണ്ടിവന്ന എത്രയോ നോവലിനും അതിജീവികരിക്കേണ്ടിവന്നതുപോലെ സമാധാനിക്കുക, മറ്റെല്ലാ നല്ല കൃതികളിലും എഴുത്തുകാരിലും അനുകരണം — അപഹരണ കഥകളുടെ കൂട്ടം കണ്ടുപിടിക്കാനും അടിച്ചേല്പിക്കാനും ഇവിടെ മറയായും കൂട്ടായും ശ്രമങ്ങൾ നടന്നിട്ടുണ്ടു്. ഖസാക്കിന്റെ ഇതിഹാസത്തിന്റെ കലാപരമായ "മേന്മ"യെക്കുറിച്ചു് ആരെങ്കിലും എന്തെങ്കിലും പറഞ്ഞുപോയാൽ അതെല്ലാം ഫാലേലൂയാപാടലും ജയജയപാടലുമായി. അതിനെ സംഘടിതമായി എതിർക്കുന്നവരുടെ സ്വഭാവത്തിന്റെ അടിവേരു് എവിടെയാണു്? ധാർമ്മിക മൂല്യങ്ങളുടെയും, സാമൂഹികവീക്ഷണത്തിന്റെയും കാപട്യം ഭടന്മാരായി മേനി നടിച്ചു്, ഖസാക്കിന്റെ ഇതിഹാസത്തെ കുറംപറയുന്നതു് ഒരു പ്രഹസനമായിരിക്കുകയാണു്. ആ നോവൽ ഇറങ്ങിയ കാലംതൊട്ടു് തുടങ്ങിയ സംഘടിതമായ എതിർപ്പിന്റെ ഇങ്ങേ അറ്റത്തെ കണ്ണിയാണു് ജി എൻ. പണിക്കരുടെയും കൂട്ടരുടെയും "അനുകരണകഥ."

വി. ബി. സി. നായർ

സത്യം തുറന്നുപറയുന്നതു് പലപ്പോഴും ഇഷ്ടപ്പെട്ട ചില സുഹൃത്തുക്കളെ നഷ്ടപ്പെടാൻ വഴിയൊരുക്കും. നേരിടയാത്ത വിമർശനംപോലും സഹിക്കാൻ മനഃശക്തിയില്ലാത്ത ഇവരെയാണല്ലോ ഇതുപോലും പ്രിയപ്പെട്ടവരായി മനസ്സിൽ സൂക്ഷിച്ചതു് എന്നോർത്തു ഖേദിക്കുകയും ചെയ്യും. ചില സുഹൃത്തുക്കൾ ഏതു വിമർശനത്തെയും അതിവിശാലഹൃദയത്തോടെ കണക്കിലെടുത്ത് നമ്മെ അമ്പരപ്പിച്ചുകളയും. സാഹിത്യകാരന്മാരിലും സിനിമാനടന്മാരിലും ഇത്തരക്കാരെ ഏറെക്കാണാം. എങ്കിലും എന്നെ അമ്പരപ്പിച്ച ഒരേ ഒരാൾ പ്രേംനസീറാണു്. ഏതുവിമർശനത്തേയും അമ്പട്ടഹം അതിനോടായ ഗൗരവത്തോടെ കണക്കിലെടുക്കുകയും വിമർശകരുടെ മുന്നിൽ പൂർവ്വാധികം ബഹുമാനം സ്ഥാപിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള മനസ്സിന്റെ പാകത, വിശാലത വളരെ അപൂർവ്വം ചിലർക്കേ കിട്ടാറുള്ളൂ. ഒരുപക്ഷേ പ്രേംനസീർ എന്ന നടനേറെയും, വ്യക്തിയുടേയും വിജയത്തിന്റെ കാരണങ്ങളിലൊന്നു് ഇതാകാം.

തണ്ടാഴ്ചക്കുമുമ്പു് ഒരു ഞായറാഴ്ച. ഞാൻ കട്ടിലുമായി മല്പിടിക്കുകയായിരുന്നു. അപ്പോൾ അപരിചിതനായ ഒരാൾ ഓടോട്ടോറിക്ഷയിൽ എന്റെ ഗേറ്റിനുമുന്നിൽ വന്നിറങ്ങി. എന്റെ മകൻ ഓടിമുറ്റത്തിറങ്ങി. "ഇതാണോ വി. ബി. സി. നായരുടെ വീടു്?" ഉവ്വെന്നു് മകൻ പറഞ്ഞു. "ആരാണു്. മനസ്സിലായില്ലല്ലോ. ഇതിക്കു." അദ്ദേഹം ഇരുന്നു. പരിചയപ്പെട്ടതി. പേരുകേട്ടപ്പോൾ ഞാൻ അദ്ദേഹത്തെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. "കൊല്ലത്തു" എന്റെ സുഹൃത്താണു് "അദ്ദേഹത്തെകാണാൻവന്നതാണു്". സമയമുള്ളതുകൊണ്ടു് താങ്കളേയും കണ്ടിട്ടുപോകാമെന്നു കരുതി" "സന്തോഷം" ഞാൻ പറഞ്ഞു. ചായകുടിച്ചതിനുശേഷം ഒന്നരമണിക്കൂർ വിവിധവിഷയങ്ങളെക്കുറിച്ചു് ഞങ്ങൾ സംസാരിച്ചു. മടങ്ങിപ്പോകുന്നതുവരെ എന്റെ നിശിതമായ വാക്കുകളെക്കുറിച്ചു് ഒരു വാക്കുപോലും ആ മനുഷ്യൻ ഉച്ചരിച്ചില്ല. യാത്രചോദിച്ചപ്പോൾ ഇതുപോലും പറഞ്ഞു "ഇനി... വഴികടക്കുമ്പോൾ എന്നെ കാണാൻ സമയമുണ്ടാക്കണം". മധുരമായ ചിരിയോടെ ആ മനുഷ്യൻ നടന്നകന്നുപോയി.

'സഞ്ചാരസഹായധനം',

മലയാളത്തിലെ പ്രസിദ്ധനായ ഒരു സാഹിത്യകാരന്റെ കാര്യമാണു് ഞാനിവിടെ പറഞ്ഞതു്. പേരു് മനഃപ്പൂർവ്വം മറച്ചുവക്കട്ടെ. അദ്ദേഹത്തിന്റെ ഒരു കൃതിയെ ഞാൻ അതിനിശിതമായി ഒരിക്കൽ വിമർശിച്ചു. പക്ഷേ അതുപോലും ശക്തിയായി ക്രൂരമായി വേണ്ടിയിരുന്നില്ല എന്നു് എന്റെ മനസ്സിനെകൊണ്ടു് ചിന്തിപ്പിക്കുംവിധം ആ മനുഷ്യൻ എന്നെ സ്വാധീനിച്ചു ഇനിയും ആ നല്ല മനുഷ്യൻ മോശമായ പുസ്തകമെഴുതിയാൽ, ഞാനതെക്കുറിച്ചെഴുതുമെങ്കിൽ നൂറുശതമാനം നല്ലതു് എന്നെഴുതുമെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല. ഞാനിതു് ഇവിടെ പ്രത്യേകം സൂചിപ്പിക്കാൻ കാരണം ഹൃദയവിശാലത, മനസ്സിന്റെ പാകത എന്നിവ പണംകൊടുത്തു് സ്വന്തമാക്കാനോ, പരിപ്പിച്ചുകൊള്ളത്തക്കാനോ സാധിക്കുന്നവയല്ല. അവ ജന്മനാ ഒരു വ്യക്തിയിൽ വളരുന്നതാണു്. "ഹൃദയവിശാലതയുള്ളവരുടെ മുന്നിൽ നിങ്ങൾ എന്നും തോൽവി സമ്മതിക്കേണ്ടിവരും" എന്നു് മഹാത്മാഗാന്ധി പറഞ്ഞതു് എത്ര സത്യം. അതിശക്തമായ വിമർശനങ്ങളിലൂടെ നാം അതുന്നതരെന്നു് ധരിച്ചുവച്ചിരിക്കുന്ന പലരുടേയും മുഖഭാവചിത്രങ്ങളിൽ വർണ്ണവൈവിധ്യം വരുന്നതു് കാണുക രസകരമാണു്.

കേരളസാഹിത്യ അക്കാദമിയുടെ സഞ്ചാരസഹായധനം

കേരളസാഹിത്യഅക്കാദമി പുസ്തകരചനയ്ക്കു് സഹായകമാംവിധം കേരളത്തിനു് പുറത്തു് പര്യടനം നടത്തുന്നതിനു് ആറേഴു് സാഹിത്യകാരന്മാർക്കു് ആയിരംരൂപ വീതം സഹായധനം നല്കിയതായി പത്രത്തിൽ വായിച്ചു. ഇക്കൊല്ലം ഏർപ്പെടുത്തിയ പുതിയ പദ്ധതിയാണെന്നും അതുപ്രകാരമുള്ള ആദ്യത്തെ ഗുണഭോക്താവിന്റെ പേരുകൾ വായിച്ചപ്പോൾ എനിക്കു് സന്തോഷം തോന്നി. കാരണം അവരിൽ ശ്രീഭാഗവും എനിക്കു് പ്രിയപ്പെട്ടവരാണു്. കൂടാതെ ലക്ഷക്കണക്കിനു് രൂപ ധൂർവ്യയം ചെയ്യുന്ന അക്കാദമി ഒരു നല്ലകാര്യം ചെയ്തല്ലോ എന്നോർത്തു്. തുടർന്നുവരുന്ന വരികൾ അക്കാദമി ഭാരവാഹികൾക്കുള്ളതാണു്. അതു് വായിച്ചു് നിങ്ങൾക്കു് എന്നോടു് പരിഭവമോ വിദ്വേഷമോ തോന്നരുതു്.

അക്കാദമിയുടെ ഈ സഹായധനത്തെ ഞാൻ സഞ്ചാരസഹായധനമെന്നു് വിളിക്കാൻ ആഗ്രഹിക്കുന്നു. കാരണം സഞ്ചരിച്ചുകൊണ്ടു് എഴുതാൻവേണ്ടി ഉപയോഗപ്പെടുത്താനുള്ള ധനമാണല്ലോ. എത്രയാലോചിച്ചിട്ടും ഈ സഞ്ചാരസഹായധനവിതരണത്തിന്റെ മാനദണ്ഡം എന്തെന്നു് മനസ്സിലാകുന്നില്ല. പഴയ ഒരു അക്കാദമി പദ്ധതി ഇപ്പോഴും നിലവിലുണ്ടു്. ഗ്രന്ഥപ്രസിദ്ധീകരണത്തിനുള്ള സഹായധനമാണതു്. മലയാളത്തിലെ പ്രസിദ്ധരായ പല പണ്ഡിതന്മാരും സഹായത്തിനപേക്ഷിച്ചു. അനുവദിച്ചതോ ഇരുനൂറോ, മുന്നൂറോ രൂപ അതിലധികമില്ല. ഈ സഹായധനം പലരും നിഷേധിക്കുകയാണു് സാധാരണപതിവു്. ഒരു പുസ്തകത്തിന്റെ പുറംചട്ട ഭംഗിയായി അച്ചടിക്കാൻ പോലും ഈ തുക തികയില്ലല്ലോ. പഴയ പദ്ധതികൾ ചിതലരിച്ചു കിടക്കുമ്പോഴാണു് സഞ്ചാരസഹായധനം തുടങ്ങിയ പുതിയ പദ്ധതികൾ. പുതിയ പദ്ധതികൾ വിവേകപൂർവ്വമായിരുന്നുവെങ്കിൽ സഹിക്കാമായിരുന്നു. സഹായധനം കിട്ടിയവരിൽ ശ്രീഭാഗവും നോവലെഴുത്തുകാരാണു്. നോവലെഴുതാൻ ചിലർക്കു് ചില പ്രത്യേകസ്ഥലങ്ങളിൽ പോകേണ്ടിവന്നേക്കാം അല്ലാതെ നോവലെഴുതുന്ന എല്ലാവർക്കും കേരളത്തിനു വെളിയിൽ സഞ്ചരിച്ചാലേ എഴുതുവരൂ എന്നുണ്ടോ? ഈ പദ്ധതി വളരെ വിപുലമാകട്ടെ. കേരളത്തിലെ നോവലിസ്റ്റുകൾക്കെല്ലാം വർഷത്തിലൊരിക്കൽ ആയിരം രൂപ കിട്ടട്ടെ. നമ്മുടെ ഖജനാവിലെ പണം. നമ്മുടെ തിരിഞ്ഞതലയിലെ വളഞ്ഞ ബുദ്ധി. ആർക്കാ ചേതം? ചേതമുണ്ടെങ്കിൽ എന്തു സംഭവിക്കും? ഞാനൊന്നുമറിഞ്ഞിട്ടില്ല രാമനായണം.

'യേശുക്രിസ്തുവേ...'

അഭിഷിക്തനായ പിതാവേ

ജീസസ് ക്രൈസ്റ്റ് എന്നാണു് ലോകത്തെല്ലായിടത്തും ഉപയോഗിച്ചു കാണുന്നതു്. ടോം ബർണാംസിന്റെ "ഡിക്ഷണറി ഓഫ് മിസിൻഫോർമേഷൻ" എന്ന ഗ്രന്ഥം പരിശോധിച്ചപ്പോൾ അതു് പൂർണ്ണമായും തെറ്റാണെന്ന മനസ്സിലായി. ക്രൈസ്റ്റ് എന്നതു് ഒരു ഹീബ്രുവാക്കാണു് അഭിഷേകനായ എന്നാണു് ആ വാക്കിനർത്ഥം പരിശുദ്ധ പിതാവിന്റെ നാമധേയം ജീസസ് എന്നമാത്രമാണു്. അഭിഷിക്തനായ [ജീസസ് എന്നുപയോഗിക്കാൻ ജീസസ് ദി ക്രൈസ്റ്റ് എന്നുപയോഗിക്കണം. മനസ്സിൽ പതിഞ്ഞ വാക്കുകൾ ഞങ്ങളെങ്ങനെ "യേശുക്രിസ്തുവേ" ഞങ്ങളോടു പൊറുക്കുക.